2024 FEBRUARY 3

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



# FOKANA's 21st National Convention 2024

## July 18 to 20

**Venue: Montgomery County Conference Center,**
**5701 Marinelli Rd, North Bethesda, MD 20852**

We invite you to be a part of this historic event by taking advantage of our early bird registration fees:

- **Family (2 adults and kids): $999**
- **2 Adults: $699**
- **Individual: $599**

Please note that the early bird registration deadline is January 31, 2024. After Jan 31st, registration fees:

- **Family (2 adults and kids): $1499**
- **2 Adults: $1099**
- **Individual: $899**

**ONE FOKANA Forever**



DR. BABU STEPHEN
**President**



DR. KALA SHAHI, MD.PHD
**General Secretary**



MR. BIJU JOHN
**Treasurer**



JOHNSON THANKACHAN
**Convention Chair**

| Kala Shahi | Biju John | Johnson Thankachan |
|---|---|---|
| Secretary | Treasurer | Convention Chair |
| 2023598427 | (516) 445-1873 | 8049311265 |



# ബി.ജെ.പി പാളയത്തിൽ പി.സി ജോർജിന് ഇനി എന്ത് റോൾ..?

**എ.എസ് ശ്രീകുമാർ**

''രാഷ്ട്രീയത്തിൽ സ്ഥിരം ശത്രുക്കളോ സ്ഥിരം മിത്രങ്ങളോ ഇല്ല. രാഷ്ട്രീയം എന്നത് അവസരത്തിന്റെ പ്രായോഗിക കലയാണ്...'' കോൺഗ്രസിന്റെ മലയാളിയായ ഒരേയൊരു ലീഡർ കെ കരുണാകരന്റെ ഈ ആപ്തവാക്യം അന്വർത്ഥമാക്കിക്കൊണ്ട് പൂഞ്ഞാറിലെ പി.സി ജോർജ് ബി.ജെ.പിക്കാരനായി. ഒപ്പം മകൻ ഷോൺ ജോർജും പാർട്ടി അംഗത്വം സ്വീകരിച്ചു. ഇതോടെ പി.സിയുടെ ഏഴുവർഷം പ്രായമുള്ള കേരള ജനപക്ഷം സെക്യൂലർ പാർട്ടി ബി.ജെ.പിയിൽ ലയിച്ചു. ഡൽഹിയിലെ ബി.ജെ.പി ആസ്ഥാനത്തെത്തിയാണ് പി.സിയും മകനും നരേന്ദ്രമോദിക്ക് ജെയ് വിളിച്ച് കാവിനിറം പൂണ്ടത്. കേരളത്തിന്റെ ചുമതലയുള്ള ബി.ജെ.പി പ്രഭാരി പ്രകാശ് ജാവദേക്കറും കേന്ദ്ര മന്ത്രിമാരായ വി. മുരളീധരനും രാജീവ് ചന്ദ്രശേഖറും സംസ്ഥാനത്തിന്റെ ചുമതലയുള്ള രാധാമോഹൻ ദാസ് അഗർവാളും പാർട്ടി കൊടിപിടിക്കുന്ന എ.കെ ആന്റണിയുടെ മകൻ അനിൽ ആന്റണിയും ചേർന്നാണ് ജോർജിനെ ബി.ജെ.പി അംഗത്വം കൊടുത്ത് വാഴിച്ചത്.

''പദവികൾ പ്രതീക്ഷിച്ചല്ല ബി.ജെ.പിയിൽ ചേരുന്നത്. വരുന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിയ്ക്ക് കേരളത്തിൽ അഞ്ചിൽ കുറയാത്ത സീറ്റുകൾ ലഭിക്കും. കേരളം രക്ഷപ്പെടണമെങ്കിൽ പ്രധാനമന്ത്രിയുടെ ദയാദാക്ഷിണ്യം ആവശ്യമാണ്...''എന്ന് അംഗത്വ അഭിഷേകത്തിന് ശേഷം പി.സി ജോർജ് പറഞ്ഞു.

ഐക്യ ജനാധിപത്യ മുന്നണിയുടെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും ബി.ജെ.പി നയിക്കുന്ന എൻ.ഡി.എയുടെയും ഭാഗമായി രാഷ്ട്രീയം കളിച്ച പി.സി ജോർജ് ഈ മുന്നണികളിലൊന്നും പെടാതെ സ്വതന്ത്രനായി വേഷം കെട്ടിയാടി തിരഞ്ഞെടുപ്പ് വിജയം നേടിയ വ്യക്തിയുമാണ്. ഇപ്പോൾ അദ്ദേഹം മോദി സ്തുതിയോടെ ബി.ജെ.പിയിലേക്കും എത്തിയിരിക്കുന്നു. ഗുരുതരമായ സംസാര വിവാദങ്ങളിൽ പെട്ട് പാർട്ടികളിലും മുന്നണികളിലും ലയിക്കുകയും അവിടെനിന്നെല്ലാം ഉടക്കിമാറുകയുമൊക്കെ ചെയ്ത പി.സി ജോർജിനെ പോലെ സ്ഥിരം രാഷ്ട്രീയ കാഴ്ചപ്പാടില്ലാത്ത വ്യക്തികളുടെ അവസാനത്തെ അത്താണിയാണോ, അതോ വഴിയമ്പലമോ സത്രമോ ആണോ ബി.ജെ.പി കൂടാരം എന്ന് സംശയിച്ചു പോവുകയാണ്.



സാക്ഷാൽ കെ.എം മാണിയുടെ വിശ്വസ്ഥനായിരുന്നു ഒരുകാലത്ത് പി.സി ജോർജ്. പിന്നെ അദ്ദേഹത്തിന്റെ ബദ്ധവൈരിയായി. 1977-ലെ തിരഞ്ഞെടുപ്പിൽ പൂഞ്ഞാറിൽ കേരള കോൺഗ്രസ് സ്ഥാനാർഥിയായ വി.ജെ ജോസഫിനെ തോൽപ്പിക്കാൻ ശ്രമിച്ചുവെന്ന ആരോപണത്തിനൊടുവിൽ കേരള കോൺഗ്രസ് എമ്മിൽ നിന്ന് പുറത്താക്കപ്പെട്ടു. പിന്നീട് കേരള കോൺഗ്രസ് ജോസഫ് ഗ്രൂപ്പിൽ ചേർന്ന് ആ പാർട്ടിയുടെ ലീഡർ സ്ഥാനം വഹിച്ചു. 2004 മെയ് 31 വരെ ജോസഫ്

ശേഷം - പേജ് 5 ▸▸

emalayalee.com The Weekly
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

## Editorial

# വൻ കുതിച്ചു ചാട്ടമാവുന്ന യുഎസ്–ഇന്ത്യ ആയുധ കരാർ



**യുഎസ്**–ഇന്ത്യ ബന്ധങ്ങളിൽ നീൽ ആംസ്ട്രോങ് പറഞ്ഞ വൻ കുതിച്ചു ചാട്ടമാണ് പ്രസിഡന്റ് ജോ ബൈഡന്റെ ഭരണകൂടം വ്യാഴാഴ്ച പ്രഖ്യാപിച്ച നാലു ബില്യണോളം ഡോളറിന്റെ പടുകൂറ്റൻ ആയുധ ഇടപാട്. സോവിയറ്റ് യൂണിയനിലും പിന്നെ റഷ്യയിലും നിന്നു നിരന്തരം ആയുധം വാങ്ങിക്കൊണ്ടിരുന്ന ഇന്ത്യ അമേരിക്കയിൽ നിന്നു ഇത്രയേറെ ആയുധങ്ങൾ വാങ്ങുന്നു എന്നതു മാത്രമല്ല അതിന്റെ പ്രാധാന്യം. ഇന്തോ-പാസിഫിക് മേഖലയിൽ ചൈനയുടെ വിളയാട്ടം അനുവദിക്കില്ലെന്ന ബൈഡൻ ഭരണകൂടത്തിന്റെ ഉറച്ച നിലപാട് പ്രായോഗികമാക്കാൻ സഹായിക്കുന്ന രീതിയിൽ ഇന്ത്യൻ സേനാ വിഭാഗങ്ങൾക്കു പല്ലും നഖവും നൽകുകയാണ് യുഎസ്.

വളരെ ഉയരെ പറന്നു ശത്രുവിനെ വേട്ടയാടി പിടിച്ചു അതിശക്തമായ പ്രഹരം ഏല്പിക്കാൻ കഴിയുന്ന (hunt-and-kill) 31 ആളില്ലാ പോർ വിമാനങ്ങളാണ് ഇന്ത്യ **$3.99** ബില്യണ് അഥവാ 33,000 കോടി രൂപയ്ക്കു വാങ്ങുന്ന ആയുധങ്ങളിൽ പ്രധാനം. എംക്യു-9ബി ഗാർഡിയൻ ഇനത്തിൽ പെട്ട ഇവ യുഎസും സഖ്യരാജ്യങ്ങളായ യുകെ, ഫ്രാൻസ് തുടങ്ങിയവരും ഉപയോഗിക്കുന്നതാണ്. പോർ വിമാനങ്ങളുടെ വലുപ്പമുള്ള, 40 മണിക്കൂർ ചുറ്റിപ്പറന്നു 40,000 അടി വരെ ഉയരെ പറക്കാൻ കഴിയുന്ന ഡ്രോണുകളിൽ 'നരകത്തിലെ തീ' എന്നർത്ഥം വരുന്ന ഹെൽഫെയർ എയർ-ടു-ഗ്രൗണ്ട് മിസൈലുകളും കൃത്യമായ ലക്ഷ്യം കണ്ടു തകർക്കുന്ന സ്മാർട്ട് ബോംബുകളും സജ്ജമാക്കും.

അതിൽ 15 സീ ഗാർഡിയൻ ഡ്രോണുകൾ നാവിക സേനയ്ക്കാണ് ലഭിക്കുക. സമുദ്ര പാതകളുടെ സുരക്ഷ ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമെങ്കിൽ അതിന്റെ പ്രധാന പ്രയോജനം അമേരിക്കൻ വിദേശകാര്യ താല്പര്യങ്ങൾക്കാണ്. ചൈനയ്ക്കൊരു തടയിടാൻ അതിനു കഴിയണം. അതിനു പിൻബലമാണ് കരസേനയ്ക്കും വ്യോമസേനയ്ക്കും ലഭിക്കുന്ന എട്ടു വീതം സ്കൈ ഗാർഡിയൻ ഡ്രോണുകൾ.

യുഎസ് കോൺഗ്രസിൽ ഈ ഇടപാടിനോട് എതിർപ്പുണ്ടെന്നു വാർത്തകൾ വന്നിരുന്നു. യുഎസ് പൗരനായ ഖാലിസ്ഥാൻ നേതാവ് ഗുർപത്വന്ത് സിംഗ് പന്നുനെ വധിക്കാൻ ഇന്ത്യക്കാർ ഗൂഢാലോചന നടത്തി എന്ന കേസ് യുഎസ് കോടതിയിൽ നിലനിൽക്കെ അതേക്കുറിച്ചു ഇന്ത്യ ലഭ്യമായ വിവരങ്ങൾ നൽകുന്നതു വരെ ഇടപാട് നീട്ടി വയ്ക്കണമെന്നു ഇന്ത്യൻ വംശജരായ കോൺഗ്രസ് അംഗങ്ങൾ വരെ ആവശ്യപ്പെട്ടു എന്നായിരുന്നു റിപ്പോർട്ട്. അതോടെ വില്പന നടക്കില്ലെന്ന ആശങ്ക ഉയർന്ന നേരത്താണ് ഡിഫെൻസ് സെക്യൂരിറ്റി കോ-ഓപ്പറേഷൻ ഏജൻസി (ഡി എസ് സി എ) വില്പനക്കാര്യം കോൺഗ്രസിനെ അറിയിച്ചത്.



**ജോർജ് ജോസഫ്**
ചീഫ് എഡിറ്റർ



**സുനിൽ ട്രൈസ്റ്റാർ**
മാനേജിംഗ് എഡിറ്റർ

ഇന്ത്യയുടെ തന്ത്രപരമായ പ്രാധാന്യം അമേരിക്കയുടെ പ്രതിരോധത്തിനും ഉപകരിക്കുന്നതാണെന്നു പെന്റഗൺ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇന്തോ-പാസിഫിക്, ദക്ഷിണ ഏഷ്യ മേഖലകളിൽ രാഷ്ട്രീയ ഭദ്രതയും സമാധാനവും സാമ്പത്തിക പുരോഗതിയും ഉറപ്പാക്കുന്നതിൽ ഇന്ത്യയ്ക്കു അതിപ്രധാന പങ്കു വഹിക്കാനുണ്ടെന്നു പെന്റഗൺ എടുത്തു പറയുന്നു. ഇന്ത്യയെ ചൈനയുടെ ബദൽ ശക്തിയായി കരുത്തു നൽകി പോഷിപ്പിക്കാനുള്ള അമേരിക്കൻ താല്പര്യം വ്യക്തമാണ്. പ്രായോഗിക സാദ്ധ്യതകൾ ഉള്ളതുമാണ്.

രണ്ടാം തിരഞ്ഞെടുപ്പു വർഷത്തിൽ ബൈഡനുള്ള ആഭ്യന്തര താല്പര്യങ്ങളും ഈ ഇടപാടിൽ പ്രസക്തമാണ്. ആയുധ നിർമാണശാലകൾ സമ്പുഷ്ടമാവുകയും തൊഴിൽ അവസരങ്ങൾ നിരവധി സൃഷ്ടിക്കപ്പെടുകയും ചെയ്യുമ്പോൾ സമ്പദ് രംഗത്തുണ്ടായ പിന്നോക്കാവസ്ഥയ്ക്കു കുറെയൊക്കെ പരിഹാരവുമാകും. കലിഫോർണിയയിലെ ജനറൽ ആറ്റമിക്ക് കമ്പനിയാണ് ഡ്രോണുകൾ നിർമിക്കുക.

ഏഴു മാസം മുൻപ് നരേന്ദ്ര മോദിയെ വൈറ്റ് ഹൗസിൽ ബൈഡൻ രാജാവിനെപ്പോലെ സ്വീകരിച്ചതോടെ നാടകീയമായ മാറ്റങ്ങൾ ലോകം കണ്ട യുഎസ്-ഇന്ത്യാ ബന്ധങ്ങളിൽ ഇനിയൊരു പിന്നോട്ടടി ഇല്ലെന്ന സൂചനയാണ് യുഎസ് ഉദ്യോഗസ്ഥർ നൽകുന്നത്. ഇരു രാജ്യങ്ങൾക്കും രാഷ്ട്രീയമായും സൈനികമായും സാമ്പത്തികമായും ഏറെ പ്രയോജനപ്പെടുന്ന ഈ ബന്ധം ഇനി കൈവരിക്കുന്ന പുരോഗതി വിസ്മയിപ്പിക്കുന്നതാവും.

# ബി.ജെ.പി പാളയത്തിൽ പി.സി ജോർജിന് ഇനി എന്ത് റോൾ..?

3-ാം പേജ് തുടർച്ച...

ഗ്രൂപ്പിലായിരുന്നു. തുടർന്ന് ജോസഫിനെ വിട്ട് കേരള കോൺഗ്രസ് (സെക്യുലർ) രൂപീകരിച്ചു. ആ സമയത്ത് പി.സി ജോർജ് ഇടതു മുന്നണിയിലായിരുന്നു. അതിനുശേഷം സെക്യുലർ പാർട്ടി കേരള കോൺഗ്രസ് എമ്മിൽ ലയിച്ച് യു.ഡി.എഫിലെത്തി. 2016-ലെ തിരഞ്ഞെടുപ്പിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച് എല്ലാ മുന്നണികളെയും പിന്തള്ളിക്കൊണ്ട് വിജയിച്ചു. 2017-ൽ അദ്ദേഹം കേരള ജനപക്ഷം എന്ന പാർട്ടിക്ക് രൂപം നൽകി.

പൂഞ്ഞാർ നിയമസഭാ മണ്ഡലത്തിലെ പി.സി ജോർജിന്റെ തിരഞ്ഞെടുപ്പ് വിജയങ്ങളെയും പരാജയങ്ങളെയും ക്രോഡീകരിച്ചുകൊണ്ട് വിഷയത്തിലേക്ക് കടക്കാം. 1980, 1982 കാലത്ത് കേരള കോൺഗ്രസ് ജോസഫ് വിഭാഗം സ്ഥാനാർഥിയായാണ് പൂഞ്ഞാറിൽ നിന്ന് പി.സി നിയമസഭയിലെത്തിയത്. ജോസഫ് വിഭാഗത്തിൽ നിന്നുകൊണ്ടു തന്നെ 1987ൽ മത്സരിച്ചെങ്കിലും സ്വന്തം മണ്ഡലം അദ്ദേഹത്തെ കൈവിട്ടു. ജെ.എൻ.പിയുടെ (ജനതാ ദൾ) എൻ.എം ജോസഫാണ് പി.സിയെ അന്ന് പരാജയപ്പെടുത്തിയത്.

1996ലും 2001ലും കേരള കോൺഗ്രസ് സ്ഥാനാർഥിയായും 2006ൽ കേരള കോൺഗ്രസ് സെക്യുലർ സ്ഥാനാർഥിയായും 2011ൽ കേരള കോൺഗ്രസ് എമ്മിന്റെ ലേബലിലും പി.സി പൂഞ്ഞാറിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടു. 2016ൽ സ്വതന്ത്ര സ്ഥാനാർഥിയായി കേരള കോൺഗ്രസ് എമ്മിലെ ജോർജ്കുട്ടി അഗസ്തിയെ പരാജയപ്പെടുത്തി. 2021ലെ തിരഞ്ഞെടുപ്പിൽ സ്വന്തം പാർട്ടിയുടെ പേരിൽ മത്സരിച്ചെങ്കിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർഥി സെബാസ്റ്റ്യൻ കുളത്തിങ്കലിനോട് പരാജയപ്പെട്ടു. ഇതിനിടെ 2011ലെ ഐക്യജനാധിപത്യ മുന്നണി സർക്കാരിൽ 2015 ഏപ്രിൽ എട്ടു വരെ ക്യാബിനറ്റ് പദവിയോടു കൂടി നിയമസഭയിൽ ചീഫ് വിപ്പായി പ്രവർത്തിച്ചു. കേരള കോൺഗ്രസ് എമ്മിന്റെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ച പി.സി ജോർജ് 1974ൽ കെ.എസ്.സിയുടെ സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു.



ബി.ജെ.പി അംഗത്വം സ്വീകരിച്ചതോടെ പാർട്ടിയിൽ അദ്ദേഹത്തിന് എന്തു റോളാണ് ലഭിക്കുകയെന്ന് വ്യക്തമല്ല. ഏതാനും മാസങ്ങൾക്കുള്ളിൽ നടക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ പി.സി പത്തനംതിട്ട മണ്ഡലത്തിൽ നിന്ന് ജനവിധി തേടുമെന്ന് പറയപ്പെടുന്നു. കേരളത്തിൽ ബി.ജെ.പിക്ക് നിയമസഭയിലോ ലോക്സഭയിലോ ഒരു സ്ഥാനാർഥിയെ വിജയിപ്പിക്കണമെങ്കിൽ ക്രിസ്ത്യൻ വിഭാഗങ്ങളുമായി ഇഴയടുപ്പമുള്ള ബന്ധം സൃഷ്ടിക്കണമെന്നാണ് കേന്ദ്ര നേതൃത്വം കണക്കു കൂട്ടുന്നത്. ക്രിസ്ത്യൻ ഭവനസന്ദർശനം ഉൾപ്പെടെ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനിടെയാണ് പി.സിയുടെ ബി.ജെ.പി പ്രവേശനം എന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ കോൺഗ്രസ്, സി.പി.എം, ബി.ജെ.പി കക്ഷികൾ നേതൃത്വം നൽകുന്ന മുന്നണികളിൽ പ്രവർത്തിക്കുമ്പോഴും അവരെയെല്ലാം അലോസരപ്പെടുത്തുന്ന അഭിപ്രായ പ്രകടനങ്ങൾ കൊണ്ട് പി.സി പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. ആ പി.സി ജോർജ് അവസാന ലാപ്പിൽ ഓടി കാവി ഷാൾ കഴുത്തിൽ അണിഞ്ഞിരിക്കുന്നു. ഇനി എന്ത് നിലപാട് ആണ് പി.സി സ്വീകരിക്കുക എന്നറിയാൻ രാഷ്ട്രീയ കേരളത്തിന് ഏറെ കൗതുകമുണ്ട്.

2011 ഒക്ടോബർ 27-ന് കൊല്ലം ജില്ലയിലെ പത്തനാപുരത്ത് വച്ച് യു.ഡി.എഫ് നടത്തിയ ഒരു പൊതുയോഗത്തിൽ സി.പി.എം നേതാവും മുൻ മന്ത്രിയും എം.എൽ.എയുമായ എ.കെ ബാലനെ ജാതി പറഞ്ഞു അധിക്ഷേപിച്ചതിന്റെ പേരിൽ വിവാദങ്ങൾ ഉണ്ടായി. തീവ്രവാദം തടയാൻ ഇന്ത്യയെ ഹിന്ദുരാഷ്ട്രമായി പ്രഖ്യാപിക്കണമെന്ന വിവാദപ്രസംഗം നടത്തിയതും വിവാദമായിരുന്നു. ഈശോ എന്ന പേരിൽ സിനിമ പുറത്തിറങ്ങിയാൽ തിയേറ്ററുകളിൽ പ്രദർശിപ്പിക്കാൻ അനുവദിക്കില്ലെന്ന് പി.സി. ജോർജ് അഭിപ്രായപ്പെട്ടു. ഈ പേരിൽ സിനിമ ഇറക്കാമെന്ന് സംവിധായകൻ നാദിർഷ വിചാരിക്കേണ്ടെന്നും പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്നും പി.സി ജോർജ് പറഞ്ഞു. ഇതും ഏറെ വിവാദമായിരുന്നു. മുസ്ലിങ്ങൾ നടത്തുന്ന ഹോട്ടലുകൾക്കെതിരേ വിദ്വേഷ പ്രസംഗവുമായി പി.സി ജോർജ് രംഗത്തെത്തുകയുണ്ടായി. രണ്ട് മതവിഭാഗങ്ങൾ തമ്മിൽ വൈരമുണ്ടാക്കുന്ന തരത്തിലാണ് പി.സി ജോർജ് പ്രസംഗിച്ചിട്ടുള്ളത്. ഹിന്ദു മഹാസഭ സമ്മേളനത്തിനിടെ മതവിദ്വേഷ പ്രസംഗം നടത്തിയ പി.സി ജോർജിനെ പോലീസ് കസ്റ്റഡിയിലെടുക്കുകയും ചെയ്തു.

ഒരിക്കൽ മുഖ്യമന്ത്രി ആയിരുന്ന വി.എസ് അച്യുതാനന്ദന്റെ പ്രിയപ്പെട്ടവനായി മാറിയ പി.സി ജോർജ്, പിണറായി വിജയൻ പാർട്ടിയിൽ ചോദ്യം ചെയ്യപ്പെടാനാവാത്ത ശക്തിദുർഗമായി മാറിയതോടെ ഇടത് മുന്നണിക്ക് പുറത്തേക്ക് പോയി. അങ്ങനെ സ്വന്തം പാർട്ടിയുമായി സഞ്ചരിക്കുന്നതിനിടെ ഉണ്ടായ കേരള കോൺഗ്രസുകളുടെ ലയനമാണ് വീണ്ടും പി.സിയെ കേരളാ കോൺഗ്രസ് എമ്മിലെത്തിച്ചത്. അങ്ങനെ യു.ഡി.എഫിന്റെ തണലിൽ ഉമ്മൻ ചാണ്ടിയുടെയും വിശ്വസ്തനായി മാറുകയായിരുന്നു. നിയമസഭയിൽ കേവലം രണ്ടു സീറ്റിന്റെ മാത്രം ഭൂരിപക്ഷമുണ്ടായിരുന്ന യു.ഡി.എഫിനെ രക്ഷിക്കാൻ ഇടതു ചേരിയിൽ നിന്ന് നെയ്യാറ്റിൻകര എം.എൽ.എആയിരുന്ന ആർ സെൽവരാജിനെ യു.ഡി.എഫിലെത്തിക്കാനുള്ള കരുനീക്കം നടത്തിയിരുന്നതും താനാണെന്ന് പി.സി വർദ്ധിത വീര്യത്തോടെ പറയുന്നത് നമ്മൾ കേട്ടിട്ടുണ്ട്.

സി.പി.എം സ്ഥാനാർത്ഥിയായി 2006-ൽ പാറശ്ശാലയിൽ നിന്നും 2011-ൽ നെയ്യാറ്റിൻകരയിൽ നിന്നും ജയിച്ച ഇദ്ദേഹം പാർട്ടിയുമായുണ്ടായ അഭിപ്രായ വ്യത്യാസങ്ങളെ തുടർന്ന് 2012 മാർച്ച് 9-ന് നിയമസഭാംഗത്വവും പാർട്ടി സ്ഥാനങ്ങളും രാജി വെയ്ക്കുകയും തുടർന്ന് 2012 ജൂൺ 2-ന് നടന്ന ഉപതിരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിക്കുകയും ചെയ്തു. ഐക്യകേരള രൂപീകരണശേഷം ഒരു പാർട്ടിയിൽ നിന്ന് രാജി വെച്ച് എം.എൽ.എ സ്ഥാനം ഉപേക്ഷിക്കുകയും തുടർന്ന് മറ്റൊരു പാർട്ടിയിൽ ചേർന്ന് അതേ മണ്ഡലത്തിൽ നിന്ന് ഉപതിരഞ്ഞെടുപ്പിൽ ജയിക്കുകയും ചെയ്ത ആദ്യത്തെ ആളാണ് ഇദ്ദേഹം.

> **ബി.ജെ.പി അംഗത്വം സ്വീകരിച്ചതോടെ പാർട്ടിയിൽ അദ്ദേഹത്തിന് എന്തു റോളാണ് ലഭിക്കുകയെന്ന് വ്യക്തമല്ല. ഏതാനും മാസങ്ങൾക്കുള്ളിൽ നടക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ പി.സി പത്തനംതിട്ട മണ്ഡലത്തിൽ നിന്ന് ജനവിധി തേടുമെന്ന് പറയപ്പെടുന്നു. കേരളത്തിൽ ബി.ജെ.പിക്ക് നിയമസഭയിലോ ലോക്സഭയിലോ ഒരു സ്ഥാനാർഥിയെ വിജയിപ്പിക്കണമെങ്കിൽ ക്രിസ്ത്യൻ വിഭാഗങ്ങളുമായി ഇഴയടുപ്പമുള്ള ബന്ധം സൃഷ്ടിക്കണമെന്നാണ് കേന്ദ്ര നേതൃത്വം കണക്കു കൂട്ടുന്നത്.**

ഇതിനിടെ സോളാർ കേസിൽ ഉമ്മൻ ചാണ്ടിക്കെതിരെ നിന്നുകൊണ്ട് കോൺഗ്രസിന്റെയും യു.ഡി.എഫ് ഘടകകക്ഷികളുടെയും അപ്രീതിക്ക് പാത്രമായ പി.സി 2016ൽ സ്വതന്ത്രനായി പൂഞ്ഞാറിൽ നിന്ന് വിജയിക്കുന്നതാണ് കണ്ടത്. എന്നാൽ കഴിഞ്ഞ വർഷം പി.സി ജോർജിന് കാലിടറി. പിണറായി വിജയന്റെ കണ്ണിലെ കരടായി മാറിയതിന്റെ പരിണിതഫലമായിരുന്നു ഇത്. പലർക്കും അപ്രിയമായ സംസാരവും തൻമൂലമുള്ള കേസും പൊറുതി മുട്ടിച്ചതോടെ ഉമ്മൻ ചാണ്ടിയോട് ക്ഷമാപണം നടത്തി രംഗത്ത് വരാനും പി.സി മടിച്ചില്ല. സോളാർ കേസിൽ താൻ ഉമ്മൻ ചാണ്ടിയെ തെറ്റിദ്ധരിച്ചതാണെന്ന് പറഞ്ഞുകൊണ്ട് മുന്നണിയിലേക്ക് ചേക്കേറാൻ ഒരു കുറുക്കു വഴി പി.സി വെട്ടിയെങ്കിലും പി.സിയുടെ ശത്രുത സമ്പാദിച്ച യു.ഡി.എഫ് നേതാക്കൾ ആ വഴി ബുദ്ധിപൂർവം തടഞ്ഞു. ഇതോടെ നിലനിൽപ്പിന്റെ കച്ചിത്തുരുമ്പ് തേടിയ പി.സിയെ ബി.ജെ.പി ഉപാധികളൊന്നുമില്ലാതെ സർവാത്മനാ സ്വീകരിക്കുകയായിരുന്നു.



Helping Families Build
A BETTER FINANCIAL FUTURE!
ABRAHAM & ASSOCIATES
Jacob Abraham
516.244.5941
Sherin Abraham
516.312.5849
Jayden Abraham
516.996.8077
Independent Financial Service Representatives Affiliated with More Than 70 Leading Companies Serving all 50 States
SERVICES INCLUDE
RETIREMENT PLANNING | TAX FREE RETIREMENT | GROW YOUR MONEY WITH DOWNWARD PROTECTION | ASSET PROTECTION STRATEGIES | 401K, 403B, IRA ROLLOVERS
DEBT MANAGEMENT | LONG TERM CARE DISABILITY INSURANCE | FIXED INDEXED ANNUITIES
COLLEGE PLANNING OTHER THAN 529 | LIFE INSURANCE WITH LIVING BENEFITS
OUR PRODUCT | PROVIDER LINE INCLUDES
John Hancock
Lincoln Financial Group
American National
Global Atlantic Financial Group
Allianz
Pacific Life
Prudential Financial
Fidelity
Athene
Everest
Minnesota Life
Protective
OneAmerica
Mutual of Omaha
Forethought
AIG
NA North American
Gerber Life Insurance
MetLife
Delaware Life
Securian Financial
Voya
Transamerica
Nationwide
Symetra
Principal
Illinois Mutual
Assurity
AXA
Integrity Companies
Foresters Financial
PennMutual
A great opportunity to partner with us to start your business! We provide free financial education and analysis.
Contact us For The Best Tax free retirement strategy or for any other financial needs. eMail: sherinjake@gmail.com

# പത്തുലക്ഷം രൂപ സമ്മാനത്തുകയുള്ള 'ഓർമ്മ' അന്താരാഷ്ട്ര പ്രസംഗ മത്സരം സീസൺ 2 രജിസ്ട്രേഷൻ തിയതി ഫെബ്രുവരി 15 വരെ ദീർഘിപ്പിച്ചു




ഫിലഡൽഫിയ : ഓവർസീസ് റെസിഡന്റ് മലയാളി അസോസിയേഷൻ (ഓർമ്മ) നേതൃത്വം നൽകുന്ന ടാലന്റ് പ്രൊമോഷൻ ഫോറം സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രസംഗ മത്സരത്തിന്റെ സീസൺ 2 രജിസ്ട്രേഷനുള്ള അവസാന തിയതി ഫെബ്രുവരി 15 വരെ ദീർഘിപ്പിച്ചതായി ഭാരവാഹികളായ ജോസ് തോമസ്, എബി ജെ ജോസ്, ഷാജി ആറ്റുപുറം എന്നിവർ അറിയിച്ചു.

സീസൺ 2 ൽ ജൂനിയർ വിഭാഗത്തിൽ അഞ്ചാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കും സീനിയർ വിഭാഗത്തിൽ ഒമ്പതാം ക്ലാസ്സുമുതൽ ഡിഗ്രി അവസാനവർഷം വരെ പഠിക്കുന്നവർക്കും പങ്കെടുക്കാം.

സീനിയേഴ്സ് മലയാള വിഭാഗം ''സാമൂഹികമാധ്യമങ്ങളുടെ സ്വാധീനം യുവജനങ്ങളിൽ' - (ഇംഗ്ലീഷ് വിഭാഗം The influence of social media on young generation) എന്ന വിഷയത്തിലും ജൂനിയേഴ്സ് മലയാള വിഭാഗം 'കുട്ടികളുടെ സാമൂഹിക വളർച്ചയിൽ മൂല്യങ്ങളുടെ പങ്ക്' (ഇംഗ്ലീഷ് വിഭാഗം The role of values in the social development of children) എന്നതുമാണ് പ്രസംഗ വിഷയം. ഗൂഗിൾ രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ചയക്കുകയാണ് മത്സരത്തിൽ പങ്കെടുക്കാനുള്ള ആദ്യപടി. മൂന്നു മിനിട്ടിൽ കവിയാത്ത പ്രസംഗത്തിന്റെ വീഡിയോയും ഗൂഗിൾ ഫോമിലൂടെ അപ്ലോഡ് ചെയ്യണം.




ഗൂഗിൾ ഫോമിൽ വീഡിയോ അപ് ലോഡ് ചെയ്യാൻ സാധിക്കാത്ത പക്ഷം ormaspeech@gmail.com എന്ന ഈമെയിലിൽ അയച്ചു നൽകാവുന്നതാണ്. വീഡിയോയുടെ തുടക്കത്തിൽ തന്നെ പേര് കൃത്യമായി പറയണം. സാമ്പിൾ വീഡിയോ


"Are you ready to make memories
that will last a lifetime?"
BOOK A GRAND TOUR OF
EUROPE
JUNE 26 – JULY 9 , 2024
Escape the everyday
and embark on
unforgettable adventures
with your loved ones
FAITH HOLIDAYS
America's Finest Tour Operator
To Book: 1-888-91-FAITH
www.faithholidays.com




വെബ്സൈറ്റിൽ കാണാവുന്നതാണ്.

പത്ത് ലക്ഷം രൂപയുടെ കാഷ് അവാർഡുകളാണ് വിജയികളെ കാത്തിരിക്കുന്നത്. 2023 ഡിസംബർ 10 മുതൽ 2024 ജൂലൈ 13 വരെ മൂന്ന് ഘട്ടങ്ങളിലായാണ് മത്സരം നടക്കുന്നത്. ജൂലൈ 12, 13 തീയതികളിൽ പാലായിൽ വെച്ച് ഗ്രാൻഡ് ഫിനാലെയും നടക്കും.

ഇംഗ്ലീഷ്, മലയാളം വിഭാഗങ്ങളിലായി ഡിസംബർ 10 മുതൽ ഫെബ്രുവരി 15 വരെയാണ് ആദ്യഘട്ട മത്സരം നടക്കുന്നത്. ആദ്യഘട്ട മത്സരത്തിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്ന ജൂനിയർ - സീനിയർ ക്യാറ്റഗറിയിലെ ഇംഗ്ലീഷ് - മലയാളം വിഭാഗം വിദ്യാർത്ഥികളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെടുന്ന 25 വീതം വിദ്യാർത്ഥികൾക്ക് രണ്ടാം ഘട്ട മത്സരത്തിൽ പങ്കെടുക്കാം..

രണ്ടാം റൗണ്ട് മത്സരത്തിനായി തയ്യാറെടുക്കുന്നതിന് മുൻപ് മത്സരാർത്ഥികൾക്ക് ഓൺലൈനായി പബ്ലിക് സ്പീക്കിംഗ് പരിശീലന പരമ്പര നൽകപ്പെടുന്നതാണ്. മാർച്ച് ഒന്ന് മുതൽ മെയ് 15 വരെയാണ് രണ്ടാംഘട്ട പ്രസംഗ മത്സരം നടക്കുന്നത്. സെക്കൻഡ് റൗണ്ട് മത്സരത്തിൽ മലയാളം-ഇംഗ്ലീഷ് ഭാഷകളിൽ ജൂനിയർ-സീനിയർ വിഭാഗങ്ങളിൽ നിന്നും വിജയികളാകുന്ന 13 വീതം വിദ്യാർത്ഥികൾ ജൂലൈ 13ന് നടക്കുന്ന ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെടും. ഫൈനൽ റൗണ്ടിന് മുന്നോടിയായി ജൂലൈ 12ന് പാലായിൽ വെച്ച് മത്സരാർത്ഥികൾക്ക് പബ്ലിക് സ്പീക്കിംഗിൽ പ്രത്യേക പരിശീലനം ലഭിക്കുന്നതാണ്.

ഫൈനൽ റൗണ്ടിൽ വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് കാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും ലഭിക്കും. ഗ്രാൻഡ് പ്രൈസായ 'ഓർമാ ഒറേറ്റർ ഓഫ് ദി ഇയർ-2024' പ്രതിഭയ്ക്ക് അറ്റോണി ജോസഫ് കുന്നേൽ സ്പോൺസർ ചെയ്യുന്ന ഒരു ലക്ഷം രൂപ കാഷ് പ്രൈസും അവാർഡും പ്രശസ്തിപത്രവും സമ്മാനം ലഭിക്കും. സീനിയർ വിഭാഗത്തിൽ മലയാളം-ഇംഗ്ലീഷ് ഭാഷകളിൽ ഒന്നാം സ്ഥാനം നേടുന്ന മത്സരാർത്ഥികൾക്ക് 50,000 രൂപ വീതം കാഷ് പ്രൈസ് ലഭിക്കും.

30,000 രൂപ വീതമുള്ള രണ്ട് രണ്ടാം സമ്മാനങ്ങളും 20,000 രൂപ വീതമുള്ള മൂന്ന് മൂന്നാം സമ്മാനങ്ങളും 10,000 രൂപ വീതം നാല് നാലാം സമ്മാനങ്ങളും 5000 രൂപ വീതം മൂന്ന് അഞ്ചാം സമ്മാനങ്ങളും യഥാക്രമം നൽകും. ജൂനിയർ വിഭാഗത്തിൽ ഇംഗ്ലീഷ്-മലയാളം ഭാഷകളിലായി വിജയികളാകുന്ന മത്സരാർത്ഥികൾക്ക് 25,000 രൂപയാണ് ഒന്നാം സമ്മാനം ലഭിക്കുക. 15,000 രൂപ വീതം രണ്ട് രണ്ടാം സമ്മാനങ്ങളും 10,000 രൂപ വീതം മൂന്ന് മൂന്നാം സമ്മാനങ്ങളും 5000 രൂപ വീതം നാല് നാലാം സമ്മാനങ്ങളും 3000 രൂപ വീതം മൂന്ന് അഞ്ചാം സമ്മാനങ്ങളും ലഭിക്കും.

വിശദ വിവരങ്ങൾ www.ormaspeech.com എന്ന വെബ് സൈറ്റിൽ നിന്നോ +91 9447702117, +91 9447302306, +1 412 656 4853 എന്നീ നമ്പരുകളിൽ നിന്നോ ലഭിക്കും.




"Are you ready to make memories that will last a lifetime?"
HIGHLIGHTS OF
COSTA RICA
JULY 31 – AUGUST 8, 2024
"At Faith Holidays, we understand the importance of shared experiences."
FAITH HOLIDAYS
America's Finest Tour Operator
To Book: 1-888-91-FAITH
www.faithholidays.com

# മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ ഷൈനി വിൽസന് ഓണററി അംഗത്വം നൽകി ആദരിച്ചു.






**അജു വാരിക്കാട്**


ഹൂസ്റ്റൺ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (MAGH) വിശിഷ്ട ഇന്ത്യൻ ട്രാക്ക് അത്‌ലറ്റായ പത്മശ്രീ ഷൈനി വിൽസണിന് ഓണററി അംഗത്വം നൽകി. ജനുവരി 26 ന് ങഅഏഒ ആതിഥേയത്വം വഹിച്ച റിപ്പബ്ലിക് ദിനാഘോഷ വേളയിലാണ് ഈ അഭിമാനകരമായ അംഗീകാരം സമ്മാനിച്ചത്. ഇന്ത്യൻ അത്‌ലറ്റിക്സിൽ മുൻനിര താരമായിരുന്ന ഷൈനി വിൽസൺ മുഖ്യാതിഥിയായി പങ്കെടുത്തു.

1984-ലെ ലോസ് ഏഞ്ചൽസ് ഒളിമ്പിക് ഗെയിംസിലെ തകർപ്പൻ നേട്ടം ഷൈനി വിൽസന്റെ മഹത്തായ കരിയറിൽ ഉൾപ്പെടുന്നു, അവിടെ 2:04.69 എന്ന ശ്രദ്ധേയമായ സമയം പൂർത്തിയാക്കി സെമിഫൈനലിലെത്തിയ ആദ്യ ഇന്ത്യൻ ട്രാക്ക് അത്‌ലറ്റായി അവർ മാറി. 1992-ൽ ഒളിമ്പിക് ഗെയിംസിലെ അത്‌ലറ്റ് പരേഡിൽ ഇന്ത്യൻ പതാകയേന്തുന്ന ആദ്യ വനിത എന്ന ബഹുമതി ലഭിച്ചതോടെ ഷൈനി വിൽസൺ മലയാളികളുടെ സ്വകാര്യ അഹങ്കാരമായി മാറി കഴിഞ്ഞിരുന്നു.

2024-ലെ MAGHന്റെ ബോർഡ് ഓഫ് ഡയറക്ടർസ് ഇന്ത്യൻ അത്‌ലറ്റിക്സിൽ ഒരു അഭിമാനകരമായ നേട്ടം കൈവരിച്ച ഒരു വ്യക്തി എന്ന നിലയിലും കളിക്കളത്തിന് പുറത്തും കായികലോകത്തും സ്വാധീനമുള്ള വ്യക്തിയെന്ന നിലയിലും ഷൈനി വിൽസൺ നൽകിയ സമാനതകളില്ലാത്ത സംഭാവനകളെ മാനിച്ച് ആദ്യ ഓണററി അംഗത്വം നൽകാൻ ഏകകണ്ഠമായി തീരുമാനിച്ചു.

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യൂസ്, മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, ജഡ്ജ് സുരേന്ദ്രൻ കെ പട്ടേൽ എന്നിവരുൾപ്പെടെ മലയാളി സമൂഹത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു. മാഗ് പ്രസിഡൻറ് മാത്യൂസ് മുണ്ടക്കൽ, സെക്രട്ടറി സുബിൻ കുമാരൻ, ട്രസ്റ്റി ബോർഡ് ചെയർമാൻ വിനോദ് വാസുദേവൻ, ട്രസ്റ്റി ജോസ് കെ ജോൺ എന്നിവർ ആശംസകൾ നേർന്നു. വിൽസന്റെ നേട്ടങ്ങൾ ഹൂസ്റ്റൺ സമൂഹം ഒന്നടങ്കം ആഘോഷിച്ചു. ഇന്ത്യൻ കായികരംഗത്ത് ഷൈനി വിത്സൻ നൽകിയ സംഭാവനകൾ ഷൈനി എന്ന പേര് ശരിവെക്കുന്ന തരത്തിൽ തിളക്കമാർന്ന വജ്രം പോലെ പ്രതിഫലിപ്പിച്ചു കൊണ്ടിരിക്കുന്നു.




Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# ആത്മഹത്യ:

# ഒരു പിടിവള്ളിയാകാൻ കഴിഞ്ഞിരുന്നെങ്കിൽ...





**ജോളി അടിമത്ര**

**ഉയരുന്ന ശബ്ദം – 106**


കഴിഞ്ഞയാഴ്ച കോഴിക്കോടുജില്ലയിലുള്ള എന്റെ ഒരു സുഹൃത്ത് പത്രത്തിൽ വന്ന ഒരു ചരമവാർത്ത വാട്സാപ്പിൽ ഇട്ടുതന്നു. കോട്ടയം എഡിഷനിൽ ഇല്ലാത്ത വാർത്തയായിരുന്നു അത്. 23 വയസ്സുള്ള പെൺകുട്ടിയുടെ മരണം. ആ കുട്ടിയുടെ ഭർത്താവിനെ എനിക്ക് അറിയാമായിരുന്നതിനാൽ ഞാനുടൻ സുഹൃത്തിനെ തിരിച്ചുവിളിച്ചു. എന്തായിരുന്നു മരണകാരണം എന്ന് അന്വേഷിച്ചു. 23-ാം വയസ്സിൽ സംഭവിച്ച മരണം സ്വാഭാവികമായും നമ്മളെ അസ്വസ്ഥപ്പെടുത്തുമല്ലോ. കിട്ടിയ വിവരം എന്നെ അന്ധാളിപ്പിച്ചു. അതൊരു ആത്മഹത്യയായിരുന്നു !.

പണ്ടത്തെപ്പോലെയല്ല, വീട്ടുകാർക്ക് ആത്മഹത്യാവാർത്തകൾ സാധാരണ ചരമവാർത്തയായി പത്രത്തിൽ വരാനാണ് താൽപ്പര്യമെങ്കിൽ അവരുടെ ആഗ്രഹം മാനിച്ച് അങ്ങനെയേ ഇപ്പോൾ കൊടുക്കാറുള്ളൂ. അതുകൊണ്ട് ഒരു സാദാ ചരമ വാർത്തയായിട്ടാണ് അത് വന്നത്. പെൺകുട്ടിയുടെ ഭർത്താവ് നല്ല ഒരു കമ്പനിയിലെ ഉദ്യോഗസ്ഥനാണ്. സന്തോഷമായി കഴിയുന്ന ഒരു കുടുംബം എന്നു മാത്രമേ എല്ലാവർക്കും അവരെപ്പറ്റി പറയാനുള്ളൂ. രണ്ടുപ്രാവശ്യം ഗർഭിണിയായെങ്കിലും അബോർഷൻ സംഭവിച്ചതിനാൽ യുവതി ദുഖിതയായിരുന്നുവത്രേ. ചെറിയപ്രായമല്ലേ, അതൊന്നും കാര്യമാക്കേണ്ടതില്ല എന്ന് എല്ലാവരും ആശ്വസിപ്പിച്ച് സാധാരണ മാനസ്സികാവസ്ഥയിലെത്തിയിരുന്നു അവൾ. അന്ന് , ജോലികഴിഞ്ഞെത്തിയ ഭർത്താവിനെ സന്തോഷത്തോടെ സ്വീകരിച്ച പെൺകുട്ടി.അവളുടെ മൊബൈൽ ചാർജർ കേടായതിനാൽ മറ്റൊരെണ്ണം വാങ്ങാൻ ഭർത്താവ് പുറത്തേക്കു പോയി തിരിച്ചു വരുമ്പോൾ കാണുന്നത് തൂങ്ങിനിൽക്കുന്ന ഭാര്യയെ.

അതിനേക്കാൾ എന്നെ സങ്കടപ്പെടുത്തിയത് അച്ഛൻ മരിച്ചുപോയ ആ പെൺകുട്ടിയെ കഷ്ടപ്പെട്ടു വളർത്തിയ അമ്മയുടെ ദുരന്തമാണ്. അവൾ ആ സ്ത്രീയുടെ ഒരേ ഒരു സന്താനമാണ്. കാൻസർ ബാധിച്ച അവർക്ക് വിദഗ്ധ ചികിത്സയ്ക്ക് പോകേണ്ട ദിവസത്തിന്റെ തലേന്നാണ് മകളുടെ ആത്മഹത്യ. നിർവികാരതയോടെ മകളുടെ മൃതശരീരത്തിനു മുന്നിൽ കുത്തിയിരുന്ന അമ്മയെ ആശ്വസിപ്പിക്കാൻ ആർക്കും വാക്കുകൾ കിട്ടിയില്ല. മാരകരോഗത്തിനു പുറമേ അനാഥയായിപ്പോയ ആ അമ്മയെപ്പറ്റി അവൾ ഒരു നിമിഷം ചിന്തിച്ചിരുന്നെ്കിൽ ...നിത്യവും നമ്മൾ കേൾക്കുന്ന സങ്കടവാർത്തകളിൽ ഒന്നുമാത്രമാണിത്. ആരും ആരെയും ഓർമിക്കുന്നില്ല ...

നമ്മുടെ കുഞ്ഞുങ്ങൾക്ക് , വലിയവർക്ക് എന്താണ് സംഭവിക്കുന്നത്. മൊബൈൽ ഫോൺ അമിതമായി ഉപയോഗിച്ചതിന് വഴക്കു പറഞ്ഞതിന് തൂങ്ങി മരിച്ച കുട്ടികൾ, ബൈക്ക് വാങ്ങിക്കൊടുക്കാത്തതിനാൽ ജീവനൊടുക്കുന്ന കൗമാരക്കാരായ ആൺകുട്ടികൾ, മാർക്കു കുറഞ്ഞാൽ ചാകുന്ന കുട്ടികൾ , പരീക്ഷയ്ക്ക് ജയിക്കുമോ എന്നു പേടിച്ച് മരിക്കുന്നവർ, ഭർത്താവ് വഴക്കു പറഞ്ഞതിന് കുഞ്ഞിനെയുമെടുത്ത് ആറ്റിൽ ചാടുന്നവർ .. എണ്ണിയാൽ ഒടുങ്ങാത്ത കാരണങ്ങൾ. പിന്നെ കർഷക ആത്മഹത്യകൾ, കടക്കെണി... പ്രണയനൈരാശ്യ ആത്മഹത്യകൾ...

20 വർഷത്തിനുമപ്പുറത്ത് ഞാനൊരു വാർത്ത റിപ്പോർട്ട് ചെയ്യാൻ പോയി. ആലപ്പുഴ ജില്ലയിലെ നൂറനാട് എന്ന ഗ്രാമത്തിലേക്കായിരുന്നു യാത്ര. അത് കേരളത്തിലെ ആത്മഹത്യാ ഗ്രാമമായിട്ടാണ് അന്ന് അറിയപ്പെട്ടിരുന്നത്. അതെത്തുടർന്ന് അവിടുത്തെ പൊലിസ് സ്റ്റേഷനിൽ കൗൺസലിംഗ് സെന്റർ തുടങ്ങിയതറിഞ്ഞ് റിപ്പോർട്ടു ചെയ്യാൻ പോയതാണ്. അന്നാ പൊലിസ് സ്റ്റേഷൻ വലിയ കൗതുകവും വാർത്താ പ്രാധാന്യവും നേടിയിരുന്നു. ഒരു കാരണവുമില്ലാതെ ആളുകൾ ആത്മഹത്യയിൽ അഭയം തേടുന്ന പ്രവണത. പൊലിസുകാർക്കായിരുന്നു പങ്കപ്പാട്. ഒരാത്മഹത്യ അറിഞ്ഞ് ഓടിച്ചെന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കി പോസ്റ്റ്മോർട്ടത്തിന് അയച്ചശേഷം മനസ്സും ശരീരവും തളർന്ന് സ്റ്റേഷനിൽ തിരികെ എത്തുംമുമ്പ് അടുത്ത മരണവിളി എത്തിക്കഴിയും. നിരന്തരം നെഞ്ചുപൊട്ടിയുള്ള കരച്ചിലും കണ്ണീരും കണ്ടും കേട്ടും പൊലീസുകാർക്കും മനസ്സ് തളർന്നു. സർക്കാർ മുൻകൈയ്യെടുത്ത് പൊതു


APURVA
ANTIQUE COLLECTION
Joyalukkas
World's favourite jeweller



ജനത്തിനായി പൊലിസ് സ്റ്റേഷനിൽത്തന്നെ സൗജന്യ കൗൺസിലിംഗ് സെന്റർ തുടങ്ങിയത് അങ്ങനെയാണ്. കുടുംബപ്രശ്നങ്ങളും ദാമ്പത്യകലഹങ്ങളും മദ്യപാനത്തെത്തുടർന്നുള്ള പ്രശ്നങ്ങളുമായി സ്റ്റേഷനിൽ വരുന്നവർക്ക് കൗൺസലിംഗ് നൽകി മിത്രമായി നമ്മുടെ നൂറനാട് പൊലിസ്. ജനമൈത്രി പൊലിസൊക്കെ വരുന്നതിന് എത്രയോ മുമ്പ് നൂറനാട്ട് പൊലീസ് മിത്രമായി ഉപദേശങ്ങൾ നൽകി ഒപ്പം നിന്നു. ഇന്ന് നൂറനാടിന്റെ ആ പേരുദോഷം മാറി. പകരം കൊല്ലംജില്ലയ്ക്കായി ആ സ്ഥാനം.

ആത്മഹത്യാ നിരക്കിന്റെ കാര്യത്തിൽ കേരളം രാജ്യത്ത് നാലാമതാണ്.. 2023 അവസാനം ക്രൈം റെക്കോർഡ്സ് ബ്യൂറോ പുറത്തുവിട്ട, 2022 ലെ റിപ്പോർട്ട് പ്രകാരം ആ വർഷം 10162 പേർ കേരളത്തിൽ ആത്മഹത്യ ചെയ്തിരുന്നു. 2021-ൽ 9549 ആത്മഹത്യകളായിരുന്ന സ്ഥാനത്താണ് ഈ വർധനവ് സംഭവിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നത് കൊല്ലം ജില്ലയിലാണ്. 2022-ൽ മാത്രം കൊല്ലം ജില്ലയിൽ 472 പേർ ജീവനൊടുക്കി. കേരള പൊലിസിനിടയിലും ആത്മഹത്യകൾ പിടി മുറുക്കുന്നു. അഞ്ച് വർഷത്തിനിടെ ആത്മഹത്യ ചെയ്തത് 69 പേർ. 12 പേർ ആത്മഹത്യാ ശ്രമവും നടത്തിയതായി വ്യക്തമാക്കുന്നുണ്ട്. മാനസ്സികസമ്മർദ്ദം പൊലിസുകാർക്കിടയിൽ കൂടുന്നതായി ചർച്ചകൾ നടക്കുന്നതിനിടെ പോയ വർഷങ്ങളിൽ ആത്മഹത്യ ചെയ്തവരുടെ കണക്കുകൾ ശേഖരിക്കുകയായിരുന്നു.

ഇപ്പോൾ ഇതൊക്കെ ഓർമിക്കാൻ കാരണം ഒരാഴ്ച മുമ്പ് നടന്ന ഒരു പാസ്റ്ററുടെ മരണമാണ്. ഭോപ്പാലിൽ ഒരു സഭയുടെ പുരോഹിതനായിരുന്ന അദ്ദേഹം വളരെ സമർത്ഥനായ പരിഭാഷകൻ ആയിരുന്നു. വലിയ കൺവൻഷനുകളിൽ പ്രസംഗം ഹിന്ദിയിലേക്കും മലയാളത്തിലേക്കും പരിഭാഷപ്പെടുത്തി എല്ലാവരുടെയും ശ്രദ്ധപിടിച്ചു പറ്റിയ ആൾ. ചില സഭാ പ്രശ്നങ്ങൾ തന്നെ വല്ലാതെ അലട്ടിയിരുന്നതായും സഭയിൽനിന്ന് അദ്ദേഹത്തെ പുറത്താക്കിയതായും അറിയുന്നു. കടുത്ത ഡിപ്രഷനിൽ ആയിപ്പോയ അദ്ദേഹത്തെ ആരും തുണച്ചില്ല. ഒരു മുഴംകയറിൽ തന്റെ പ്രാണൻ കിടന്നുപിടഞ്ഞു. അനേകം പേർക്ക് ആശ്വാസവാക്കുകൾ പങ്കു വച്ച് ഒപ്പംനിന്ന ആ പുരോഹിതൻ തികച്ചും ഒറ്റപ്പെട്ടവനായി എന്ന് സ്വയം തിരിച്ചറിഞ്ഞ നിമിഷം ജീവിതത്തിന് പൂർണ്ണ വിരാമം ഇട്ടു. ആത്മഹത്യ പാപമാണെന്ന് വിശ്വസിക്കുന്ന സമൂഹമാണ് ക്രിസ്ത്യൻ സഭകൾ. ഇളം പ്രായത്തിൽത്തന്നെ അവരെ അതു പഠിപ്പിക്കുന്നു. സ്വയം പ്രാണൻ നശിപ്പിക്കാൻ മനുഷ്യന് അവകാശമില്ലെന്നും അങ്ങനെ ചെയ്തവർക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശനമില്ലെന്നും ഉൾക്കൊണ്ടാണ് അവരുടെ വളർച്ച. അതൊക്കെ പഠിപ്പിക്കുന്ന പുരോഹിതർ തന്നെ ആത്മഹത്യ ചെയ്യാൻ നിർബന്ധിതരാവുന്ന സങ്കടകരമായ അവസ്ഥ നമ്മളെ ചിന്തിപ്പിക്കുന്നു. അടുത്തിടെ ചില കത്തോലിക്ക പുരോഹിതരും കന്യസ്ത്രീകളും ആത്മഹത്യചെയ്തതായി വാർത്തകൾ വന്നിരുന്നു. എത്രയെത്ര സിനിമാ താരങ്ങളാണ് പണത്തിന്റെയും പ്രശസ്തിയുടെയും ഉന്നതങ്ങളിൽ വിരാജിക്കുമ്പോൾ സ്വയം വിടപറഞ്ഞിട്ടുള്ളത്. പുരോഹിതരാവട്ടെ, സന്യസ്തരാവട്ടെ സമൂഹത്തിലെ ഉന്നതനിലയിൽ വാഴുന്നവരാവട്ടെ മനസ്സിന്റെ ഒറ്റ നിമിഷത്തിലെ മലക്കം മറിച്ചിലിൽ പിടിവിട്ടുപോകുന്നു.

നമ്മൾക്ക് ചിലതൊക്കെ ചെയ്യാനാവും. ഒപ്പം നിൽക്കുക എന്ന ലളിതമായ പ്രവൃത്തി. സാഹചര്യങ്ങളാൽ തളർന്നുപോകുന്ന ചലരെ ചേർത്തുപിടിക്കാൻ ശ്രമിക്കാം. ഞാനുണ്ട് എന്നൊരു വാക്ക്. ചിലപ്പോൾ അതൊരു ഭംഗിവാക്കു മാത്രമായാൽക്കൂടി ആ മൂന്നക്ഷരം ഒരാൾക്കു നൽകുന്ന ധൈര്യം അപാരമാണ്.

**നമ്മൾക്ക് ചിലതൊക്കെ ചെയ്യാനാവും. ഒപ്പം നിൽക്കുക എന്ന ലളിതമായ പ്രവൃത്തി. സാഹചര്യങ്ങളാൽ തളർന്നുപോകുന്ന ചലരെ ചേർത്തുപിടിക്കാൻ ശ്രമിക്കാം. ഞാനുണ്ട്എന്നൊരുവാക്ക്. ചിലപ്പോൾ അതൊരു ഭംഗിവാക്കു മാത്രമായാൽക്കൂടി ആ മൂന്നക്ഷരം ഒരാൾക്കു നൽകുന്ന ധൈര്യം അപാരമാണ്.**

ചിലരുടെ സാന്നിധ്യം പോലും തകർച്ചയിൽ ഔഷധമാണ്. എന്റെ ഒരു പ്രശസ്തനായ പുരുഷസുഹൃത്ത് ഡിപ്രഷനിൽ പെട്ടുപോയ കാലം. അദ്ദേഹത്തോട് മറ്റൊരു സുഹൃത്ത് ഉപദേശിച്ചതിങ്ങനെ. ഇന്നുള്ള പ്രശസ്തനായ ഒരു പുരോഹിതനൊപ്പം ഇത്തിരിനേരം വെറുംവെറുതെ ചിലവിടുക .ആ സാന്നിധ്യം, ആ പെരുക്കിപെരുക്കിയുള്ള , പതിഞ്ഞ ശബ്ദത്തിലെ സംസാരം നിങ്ങളെ ആകെ മാറ്റി മറിക്കും , നിങ്ങളുടെ അശാന്തമായ മനസ്സിനെ ശാന്തമാക്കും എന്ന്. എന്റെ സുഹൃത്ത് ആ ഗുരുവിന്റെ സാന്നിധ്യം തേടിപ്പോയി. ഒന്നും ഉരിയാടിയില്ല. വെറുതെ അദ്ദേഹത്തെത്തന്നെ ശ്രദ്ധിച്ചുകൊണ്ടേയിരുന്നു. ഇളകി മറിഞ്ഞ കടൽപ്പോലെ പ്രക്ഷുബ്ധമായ മനസ്സുമായി പോയ ആൾ തെളിഞ്ഞൊഴുകുന്ന ശാന്തമായ ഒരു പുഴയായി..നാളുകൾ കഴിഞ്ഞ് ഒരിക്കൽ ഗുരുവിനെ നേരിൽ കണ്ടപ്പോൾ ഞാനീ കാര്യം പറഞ്ഞു. അദ്ദേഹത്തിന് അത്ഭുതമായി. അറിയാതെ കണ്ണുകൾ പൂട്ടി കരങ്ങൾ കൂപ്പി.

''അദ്ദേഹം എന്നെ കാണാനെത്തിയിരുന്നു, ഒന്നും സംസാരിച്ചില്ല. കുറേനേരം എനിക്കൊപ്പം ഇരുന്നിട്ട് മടങ്ങിപ്പോയി,' ഗുരു പറഞ്ഞു.

അതെ ,അഗാധഗർത്തത്തിലേക്കു തെന്നിവീഴാൻ പോകുന്നവന് ഒരു പിടിവള്ളിയാകാൻ നമ്മുടെ സാന്നിധ്യത്തിന് കഴിയും. ഒന്നു ശ്രമിച്ചുകൂടെ?.

# IF YOU NEED HOME LOAN OR INVESTMENT LOAN

Scan QR Code

PLEASE CONTACT

**Dhan Thomas**
**NMLS# 1987022**

**Loan Consultant**



Dhanmt@gmail.com
dhanthomas@loandepot.com
https://www.loanDepot.com/dhanthomas

loanDepot

#1 Retail Lender in Volume | Per Scotsman Guide

(267) 475-3410



# സമൂഹത്തിന് നേർക്കുപിടിച്ച കണ്ണാടി: കോരസൺ വർഗീസ്



**മീട്ടു റഹ്മത്ത് കലാം**

അക്ഷരങ്ങളെ സ്നേഹിക്കുന്ന അമേരിക്കൻ മലയാളികൾക്ക് മുഖവുര ആവശ്യമില്ലാത്ത വ്യക്തിയാണ് കോരസൺ വർഗീസ്.കേരളത്തിലെയും ഇന്ത്യയിലെയും അമേരിക്കയിലെയും സാമൂഹിക സാംസ്കാരിക സാമുദായിക രാഷ്ട്രീയ സംഭവവികാസങ്ങൾ വിലയിരുത്തിക്കൊണ്ടുള്ള ലേഖനങ്ങളിലൂടെയാണ് എഴുത്തുകാരൻ എന്ന നിലയിൽ ഇദ്ദേഹം വായനക്കാർക്ക് പ്രിയങ്കരനാകുന്നത്. ഇമലയാളി ലിറ്റററി അവാർഡ്,ഫൊക്കാന ലിറ്റററി അവാർഡ്,കലാവേദി യു.എസ്.എ പുരസ്കാരം,സാഹിത്യ സംഭാവനയ്ക്കുള്ള വൈസ് മെൻസ് ക്ലബ് അവാർഡ് എന്നിങ്ങനെയുള്ള അംഗീകാരങ്ങൾ ഈ പ്രതിഭയെ തേടിയെത്തിയിട്ടുണ്ട്.ന്യൂയോർക്ക് സിറ്റി ഹൗസിങ് അതോറിറ്റിയിലെ തിരക്കേറിയ ജോലിക്കിടയിലും,

ഫൊക്കാനയുടെ 'ഹരിതം' മാഗസിന്റെ അണിയറ ശില്പി,ജയ്ഹിന്ദ് പത്രത്തിന്റെ മാനേജിങ് എഡിറ്റർ എന്നീ ഉത്തരവാദിത്തങ്ങൾ ഭംഗിയായി നിർവ്വഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

'വാൽക്കണ്ണാടി' എന്ന ആദ്യപുസ്തകത്തിന് ലഭിച്ച സ്വീകാര്യത പകർന്ന ആത്മവിശ്വാസംകൊണ്ട് രണ്ടാമത്തെ പുസ്തകത്തിന്റെ പണിപ്പുരയിൽ ഇരിക്കെ, കോരസൺ വർഗീസ് ഇ-മലയാളി വായനക്കാരോട് സംസാരിക്കുന്നു...

**ഇന്നുകാണുന്ന കോരസൺ വർഗീസിനെ രൂപപ്പെടുത്തിയതിൽ ജനിച്ചുവളർന്ന പശ്ചാത്തലത്തിനുള്ള പങ്ക്?**

പിതാവ് സി.കെ.വർഗീസ് മുളമൂട്ടിൽ സർക്കാർ ഉദ്യോഗസ്ഥനായിരുന്നതുകൊണ്ട് ഇടയ്ക്കിടയ്ക്ക് സ്ഥലംമാറ്റം ഉണ്ടാകും.അതുകൊണ്ടുതന്നെ, സർക്കസ് കൂടാരംപോലെ ടെന്റടിച്ചു നടക്കുന്ന ഒരു കുട്ടിക്കാലമാണ് ഓർമ്മയിലുള്ളത്. പുസ്തകങ്ങളുടെ നടുവിലിരിക്കുന്ന അച്ഛനെയാണ് അധികവും കണ്ടിട്ടുള്ളത്. നമ്മൾ യാത്ര പോകുമ്പോൾ 'ഇതിരിക്കട്ടെ' എന്നുപറഞ്ഞ് അച്ഛൻ കയ്യിലൊരു പുസ്തകം വച്ചുതരും. ഞാൻ പോലുമറിയാതെ വായനയുടെ





the cotillion
Authentic Indian Cuisine & Asian Fusion Rich in Flavor and Taste
Celebrate Your Precious Wedding and Any Gatherings at Cotillion, Where Timeless Elegance Meets Modern Luxury. Book Your Party today with Us!
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is Guaranteed to be a Great Dine Experience



ലോകത്തേക്ക് അദ്ദേഹമാണ് എന്നെക്കൂട്ടിക്കൊണ്ടുപോയത്.അയൽവീടുകളിൽ താമസിച്ചിരുന്ന അച്ഛന്റെ സുഹൃത്തുക്കൾ ഞങ്ങളുടെ വീട്ടിൽ വരുമ്പോഴും ചർച്ച ചെയ്തിരുന്നത് പുസ്തകങ്ങളെയും എഴുത്തുകാരെയും കുറിച്ചാണ്.അത്തരം സൗഹൃദവലയമാകാം 17 പുസ്തകങ്ങൾ രചിക്കാൻ അച്ഛനെ പ്രചോദിപ്പിച്ചത്.വ്യക്തിത്വ വികാസമുണ്ടാകുമെന്ന് പറഞ്ഞ് ബാലജനസഖ്യത്തിലും എൻസിസിയുടെ ക്യാമ്പിലും എല്ലാം നിർബന്ധപൂർവം പറഞ്ഞയച്ചിരുന്നു. സഭാകമ്പമില്ലാതെ ആർക്കുമുൻപിലും സംസാരിക്കാൻ സാധിക്കുന്നത് അതുകൊണ്ടൊക്കെയാകാം. അധ്യാപികയായിരുന്ന അമ്മ മേരി വർഗീസിലൂടെ ചിത്രരചനയിലും അഭിരുചി ഉണ്ടായി. സ്കൂളിൽ പഠിക്കുമ്പോൾ ഡ്രോയിങ്ങിനും പെയ്ന്റിങ്ങിനും സമ്മാനം ലഭിച്ചിട്ടുണ്ട്.1979 ൽ കേരള ബാലജനസഖ്യത്തിന്റെ പെയിന്റിങ് മത്സരത്തിൽ ഗവർണർ ജ്യോതി വെങ്കടാചലത്തിന്റെ കയ്യിൽ നിന്നാണ് പുരസ്കാരം ഏറ്റുവാങ്ങിയത്.കോളജ് കാലയളവിൽ സംസ്ഥാനതലത്തിൽ പ്രൈസ് ലഭിക്കുകയും എം.ഇ.ദേവനെപ്പോലെ ഗുരുസ്ഥാനത്തുകാണുന്ന പ്രമുഖരുടെ അഭിനന്ദനം ഏറ്റുവാങ്ങാനും സാധിച്ചു. എഴുതാൻ ഇരിക്കുമ്പോഴും ആദ്യം ഒരു വിഷയം മനസ്സിലേക്ക് കടന്നുവരുന്നത് ഒരു ചിത്രമായിട്ടാണ്. പിന്നീടാണ് വാക്കുകൾ കടന്നുവരുന്നത്.പന്തളം എൻ.എസ്.എസ് കോളജിൽ വച്ച് യൂണിയനിൽ സജീവമായിരുന്നു.കോളജ് മാഗസിന്റെ എഡിറ്ററായും പ്രവർത്തിച്ചു.

## ലേഖനങ്ങളോട് കൂടുതൽ താല്പര്യം തോന്നാൻ പ്രത്യേകിച്ചൊരു കാരണം?

മിഷനറി പ്രവർത്തനങ്ങൾ നടത്തുന്ന ഒരു അച്ചൻ,എനിക്ക് പതിനേഴ് വയസ്സുള്ളപ്പോൾ ഞങ്ങളുടെ വീട്ടിൽ വന്നിരുന്നു.മാതൃഭൂമിയുടെയും കേരളകൗമുദിയുടെയും വാരിക വായിക്കണമെന്നും, എങ്കിലേ ഭാഷ മെച്ചപ്പെടൂ എന്നും അദ്ദേഹം ഉപദേശിച്ചു. അമ്മച്ചിയും സഹോദരിമാരും മനോരമ വായിക്കുമ്പോൾ,ഞാൻ മാതൃഭൂമി വായിച്ചുതുടങ്ങി. കവിതകളും വായിച്ചിരുന്നെങ്കിലും ലേഖനങ്ങളോട് പ്രത്യേക മമത തോന്നി.അതിനൊരു കാരണമൊന്നുമില്ല.പല ലക്കങ്ങളുടേയും പിറകിൽ എന്റേതായ കുറിപ്പുകൾ എഴുതുമായിരുന്നു. പ്രവാസജീവിതം തുടങ്ങുന്നതിന് മുൻപു വരെയും ആ ശീലം തുടർന്നു. ഇപ്പോഴും ആ കോപ്പികൾ എന്റെ കൈവശമുണ്ട്.

## സ്വാധീനിച്ച എഴുത്തുകാരൻ?

ലേഖനങ്ങളോടാണ് പ്രിയം. സി.രാധാകൃഷ്ണന്റെ ശൈലിയാണ് എന്റെ മനസ്സിനോട് ഏറ്റവും ചേർന്നുപോകുന്നത്. അദ്ധ്യാത്മികതയും ഫിലോസഫിയും ഇടകലർത്തിയുള്ള എഴുത്ത്, വായനക്കാരനെ മറ്റൊരു തലത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും. കൗതുകത്തോടെ ലോകത്തെ നോക്കിക്കാണുന്ന വ്യക്തിയാണ് ഞാൻ. ചിലപ്പോൾ വീണുകിട്ടുന്ന ചെറിയൊരു വാക്കിന്റെ പിന്നാലെ പോവുകയും അതേക്കുറിച്ച് ആഴത്തിൽ ഗവേഷണം നടത്തി എഴുതാനുമൊക്കെ താല്പര്യം ജനിച്ചത് ഇങ്ങനെ പല എഴുത്തുകാരുടെ ലേഖനങ്ങൾ വായിച്ചതുകൊണ്ടാകാം. കഴിഞ്ഞ 20 വർഷങ്ങളായി മൻഹാട്ടനിലാണ് ജോലി.

ഉച്ചയ്ക്ക് മുക്കാൽ മണിക്കൂർ നടക്കാൻ പോകും.ഇന്നലെ കണ്ട കാഴ്ചകളല്ല,നാളെ കാണുന്നത്.എന്നും നഗരത്തിനൊരു പുതുമ അനുഭവപ്പെടും.അതുകൊണ്ടുതന്നെ, ഒരൊറ്റ നടത്തത്തിൽ എഴുതാൻ പറ്റിയ എന്തെങ്കിലും വിഷയം മനസ്സിൽ ഉടക്കും.ആനുകാലികങ്ങളിലും ഓൺലൈൻ മാധ്യമങ്ങളിലും പ്രസിദ്ധീകൃതമായ പല ലേഖനങ്ങളും പിറന്നത് അങ്ങനെയാണ്.

## പ്രവാസജീവിതത്തിന്റെ തുടക്കം?

1982ൽ അബുദാബിയിലേക്ക് പോയി. എട്ടുവർഷം അവിടെ ജോലി ചെയ്തു. ഷാർജ ഇന്ത്യൻ സ്കൂളിന്റെ ആദ്യ സുവനീർ ഇറക്കാൻ ഭാഗ്യമുണ്ടായി.അബുദാബി ഇന്ത്യൻ അസോസിയേഷനിൽ സജീവമായി പ്രവർത്തിച്ചിരുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ആഘോഷങ്ങൾക്ക് ഞങ്ങൾ അവിടെ ഒത്തുചേരുമായിരുന്നു.നാടകാഭിനയം ഉൾപ്പെടെ പല കഴിവുകൾ ആ സമയത്ത് പരിപോഷിപ്പിച്ചു.അമേരിക്കയുടെ

## അമേരിക്കയിൽ എത്തിച്ചേർന്ന കാലം ഓർത്തെടുക്കുമ്പോൾ ഇന്ന് കാണുന്ന പ്രധാന മാറ്റം?

96-ൽ ആദ്യം കാണുമ്പോൾ മാൻഹാട്ടനിൽ ഒരു പേടിപ്പെടുത്തുന്ന അന്തരീക്ഷമായിരുന്നു ഉണ്ടായിരുന്നത്. കുറ്റവാളികളെ പൊലീസ് അറസ്റ്റ് ചെയ്തുകൊണ്ടുപോകുന്നതൊക്കെ കണ്ടാണ് സ്ഥിരം ജോലിക്ക് പോയിരുന്നത്. തിരികെ സുരക്ഷിതമായി വീട്ടിൽ എത്തിച്ചേരാൻ സാധിക്കുമ്പോൾ ദൈവത്തിന് നന്ദിപറയും. ജൂലിയാനി മേയറായ ശേഷം,നഗരം അടിമുടി മാറി. ഒരു ഭരണകർത്താവിന്റെ നിശ്ചയദാർഢ്യവും ഇച്ഛാശക്തിയുംകൊണ്ട് എന്തൊക്കെ സാധിക്കുമെന്നതിന് ഉദാഹരണമാണ് അദ്ദേഹം.കുറ്റകൃത്യങ്ങൾ അലിഞ്ഞില്ലാതെയായി എന്നുതന്നെ പറയാം.സിറ്റി ദ്രുതഗതിയിൽ പുരോഗതി പ്രാപിക്കുന്നത് നേരിട്ട് കണ്ടു.ജൂലിയാനിയുടെ വ്യക്തിജീവിതവും രാഷ്ട്രീയവീക്ഷണവും മതിപ്പുളവാക്കുന്നില്ലെങ്കിലും,



# In Loving Memory of



**Mrs. Mariamma Thomas & Mr. A. K. Thomas**



**Mrs. Marykutty Thomas**
(Leelamma)



**Mr. Shinu George Simon**



**Mr. P. T. Mathew**
(Mathukutty)

## Best Wishes





**P. T. Thomas**

255 NORTH MAIN ST
Spring Valley NY 10977 ( 845) 352-9680, Spring Valley NY 10977 (845) 352-9680
pt@ptthomas.net



മേയർ എന്ന നിലയിലെ പ്രവർത്തനങ്ങൾക്ക് മുഴുവൻ മാർക്കും നൽകാം.

### മിഡിൽ ഈസ്റ്റുമായി താരതമ്യം ചെയ്യുമ്പോൾ അമേരിക്കയിൽ കാണുന്ന പ്രധാന വ്യത്യാസം?

അമേരിക്കയിലെ മലയാളികൾക്ക് മിഡിൽ ഈസ്റ്റിലെ അത്ര വിശാലമായ വീക്ഷണം ഇല്ലെന്ന് തോന്നിയിട്ടുണ്ട്. ഇവിടെ കൂടുതൽ തിരക്കുപിടിച്ച ജീവിതമാണ്.എല്ലാവരും അവരവരുടെ ഒരു ചതുരക്കളത്തിനുള്ളിൽ ഒതുങ്ങിക്കഴിയുകയാണ്. ദിവസവും നാലുമണിക്കൂർ യാത്രചെയ്ത് ജോലിക്ക് പോയി തിരികെ എത്തുമ്പോൾ കുടുംബവുമൊത്ത് ചിലവിടാൻ പോലും സമയം തികയില്ല.സാമൂഹിക സംഘടനകളിൽ ചെന്നാലും പുസ്തകങ്ങളെക്കുറിച്ചോ നാട്ടിലെ രാഷ്ട്രീയത്തെക്കുറിച്ചോ വ്യക്തമായ കാഴ്ചപ്പാടോടെ സംസാരിക്കുന്ന ആരെയും കാണാറില്ലെന്നതാണ് വലിയൊരു സങ്കടം. എന്നാൽ,ഷാർജയിലെ മലയാളി സംഘടനകളിൽ അത്തരം ചർച്ചകൾ സാധ്യമായിരുന്നു. ലിറ്ററി അസോസിയേഷനുകൾ വന്നതോടെ ഇവിടെയും ഇപ്പോൾ,കുറെ മാറ്റം വന്നിട്ടുണ്ട്.കോവിഡിന് ശേഷം സൂം മീറ്റിലൂടെ നാട്ടിലുള്ള എഴുത്തുകാരോടുവരെ സംവദിക്കാൻ കഴിയുന്നുണ്ട്.

### നാട്ടിൽ തുടർന്നിരുന്നെങ്കിൽ താങ്കളിലെ എഴുത്തുകാരൻ എങ്ങനെ മാറുമായിരുന്നു?

കേരളത്തിൽ തുടർന്നിരുന്നെങ്കിൽ പൊട്ടക്കുളത്തിലെ തവളയായി പോകുമായിരുന്നെന്ന് തോന്നിയിട്ടുണ്ട്.ലോകം കാണാൻ അവസരം ലഭിച്ചപ്പോഴാണ് വീക്ഷണങ്ങൾ മാറിയത്. ഒരെഴുത്തുകാരനും നാട്ടിൽ തന്നെ ഒതുങ്ങരുതെന്നാണ് എന്റെ അഭിപ്രായം.യാത്ര ചെയ്തുകൊണ്ടേ ഇരിക്കണം.

### എഴുത്തിലേക്കുള്ള വാതായനം എങ്ങനെയാണ് തുറന്നുകിട്ടിയത്?

മലയാളം പത്രത്തിൽ വാണിജ്യ വീക്ഷണം എന്ന കോളമാണ് ആദ്യമായി എഴുതിത്തുടങ്ങിയത്. കൗമുദിയിലൂടെയും മാതൃഭൂമിയിലൂടെയും ഞാൻ ധരിച്ചുവച്ചിരുന്ന അമേരിക്ക കുത്തക മുതലാളിമാരുടേതായിരുന്നു. ആദ്യകാല എഴുത്തിൽ ഈ ചിന്ത നിഴലിച്ചിട്ടുണ്ട്.അനുഭവങ്ങളിലൂടെയാണ് അമേരിക്കയുടെ യഥാർത്ഥ മുഖം ഞാൻ മനസ്സിലാക്കിയെടുത്തത്.

### അമേരിക്കയുടെ യഥാർത്ഥ മുഖം മനസ്സിലായ അനുഭവങ്ങൾ?

സ്കൂൾ കാലയളവിൽ മക്കൾക്ക് സ്പോർട്സിൽ താല്പര്യമുണ്ടായിരുന്നു. ജോലി വിട്ടുവന്നാൽ,ഞാനോ ഭാര്യയോ പരിശീലനത്തിനായി അവരെ കൊണ്ടുപോകുന്നത് ജീവിതത്തിന്റെ ഭാഗമായി. അവരെ ഒരു കോർട്ടിൽ നിന്ന് മറ്റൊന്നിലേക്ക് കൊണ്ടുപോകുന്നതൊക്കെ നല്ല ഓർമ്മകളാണ്. അമേരിക്കയുടെ നേർചിത്രം മനസ്സിലാക്കിയത് എന്നെപ്പോലെ മക്കളുമായി എത്തിച്ചേർന്ന രക്ഷിതാക്കളിൽ നിന്നാണ്. കുട്ടികൾ കളിയിൽ വ്യാപൃതരാകുമ്പോൾ,ഞങ്ങൾ രാഷ്ട്രീയം ഉൾപ്പെടെ നാട്ടിലെ ഓരോ കാര്യങ്ങൾ ഗൗരവത്തോടെ ചർച്ച ചെയ്യും.ഇവിടത്തെ ആളുകളുടെ താല്പര്യങ്ങൾ മനസിലാക്കാനും അതിലൂടെ സാധിച്ചു. വിവിധ കമ്മ്യൂണിറ്റിയിൽ നിന്നുള്ളവരുമായി ഇപ്പോഴും സൂക്ഷിക്കുന്ന നല്ല സൗഹൃദബന്ധം ലഭിച്ചതാണ് മറ്റൊരു നേട്ടം.

### സാമൂഹിക സാംസ്കാരിക സാമുദായിക പ്രവർത്തനങ്ങൾ?

ഇൻഡോ-അമേരിക്കൻ പ്രസ് ക്ലബ്ബിന്റെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്.ഇപ്പോഴും സംഘടനയിൽ സജീവമാണ്.ഫൊക്കാനയുടെ സമ്മേളനങ്ങളിൽ പങ്കെടുക്കാറുണ്ട്. ഫൊക്കാനയുടെ ഇക്കഴിഞ്ഞ സാഹിത്യ സമ്മേളനം കോ-ഓർഡിനേറ്റ് ചെയ്തതിൽ ഒരാൾ ഞാനായിരുന്നു.

മലങ്കര ഓർത്തോഡോക്സ് സഭയുടെ മാനേജിങ് കമ്മിറ്റി അംഗം,ഭദ്രാസന അൽമായ ട്രസ്റ്റി,ഇന്ത്യൻ ക്രിസ്ത്യൻ ഹോമിന്റെ ജനറൽ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. 50 വർഷം പൂർത്തിയാക്കിയ കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കിലെ കമ്മിറ്റികളിലും പ്രവർത്തിക്കുന്നുണ്ട്.വൈസ് മെൻസ് ക്ലബിലാണ് ഇപ്പോൾ കൂടുതൽ ശ്രദ്ധ ചെലുത്തുന്നത്.നോർത്ത് അറ്റ്ലാന്റിക് റീജിയന്റെ ഡയറക്ടറാണ്.ബോസ്റ്റൺ മുതൽ ഫിലാഡൽഫിയ വരെയുള്ള 8 ക്ലബുകളാണ് ഈ പരിധിയിൽ വരുന്നത്.

76 രാജ്യങ്ങളിലായി പ്രവർത്തിക്കുന്ന ഒന്നാണ് വൈസ് മെൻസ് ക്ലബ്.മലേറിയ നിവാരണം,യുവാക്കളുടെ ശാക്തീകരണം എന്നിങ്ങനെ പല കാര്യങ്ങൾ യൂറോപ്യൻ രാജ്യങ്ങളിലും റഷ്യയിലും സൗത്ത് അമേരിക്കയിലുമെല്ലാം സംഘടന ചെയ്യുന്നുണ്ട്.

### ദൃശ്യമാധ്യമരംഗത്ത്?

വാൽക്കണ്ണാടി എന്ന അഭിമുഖപരിപാടി, അൻപതിലേറെ എപ്പിസോഡുകൾ ചെയ്തു. അതിൽ പലരും പ്രസിദ്ധരാണ്. വ്യക്തികൾക്കല്ല വിഷയങ്ങൾക്കായിരുന്നു മുൻതൂക്കം കൊടുത്തിരുന്നത്. റിപ്പോർട്ടർ ടിവി, പ്രവാസി ചാനൽ, കലാവേദി ടിവി, വാൽക്കണ്ണാടി വിത്ത് കോരസൺ എന്നു തുടങ്ങി വിവിധ ചാനലുകളിൽ വിഷയങ്ങൾ ചർച്ച ചെയ്തു.

### തൊഴിൽജീവിതത്തിൽ സംതൃപ്തി തോന്നുന്ന അനുഭവം?



VFS.GLOBAL

HAPPY 75TH

# REPUBLIC DAY

TO ALL INDIANS!




Conceptualised and launched in India in 2001, VFS Global is one of the earliest '**Made in India**' companies to become a global leader, and is a trusted partner of **67 sovereign governments** serving them across **149 countries.**

**Providing visa services on behalf of 51 client governments in India.**

Long-standing partnership with countries such as **Canada, Germany, Italy, Switzerland, Thailand, UK, and USA.**

Presence in **19 Indian cities** with a network of **573 visa application centres**.

Processed **66.56 million applications** in India since 2001.

**First outsourced visa services partner of the Ministry of External Affairs (India) in 2007.**

Providing passport, visa and consular services for **India in 12 countries.**

Handled nearly **20 million applications** so far.

Operating the **Pravasi Bhartiya Sahayata Kendra**, a 24/7 information dissemination and grievance redressal centre started by the MEA for expatriate workers, since 2014.

A reliable partner to the Indian government in historic missions such as **Operation Raahat 2015, Vande Bharat Mission 2020, Operation Devi Shakti 2021.**

VFS.GLOBAL | 67 CLIENT GOVERNMENTS | 149 COUNTRIES OF OPERATION | OVER 278 MILLION APPLICATIONS PROCESSED | VFS.GLOBAL Cares

ന്യൂയോർക്ക് സിറ്റി ഹൗസിങ് അതോറിറ്റിയുടെ അക്കൗണ്ടിംഗ് സെക്ഷനിൽ മാനേജർ ലെവലിലാണ് ജോലി ചെയ്യുന്നത്.കുറഞ്ഞ വരുമാനമുള്ളവർക്ക് മെച്ചപ്പെട്ട പാർപ്പിടം ഒരുക്കുന്ന ഇവിടുത്തെ രീതി നമ്മുടെ നാട്ടിൽ പിൻപറ്റാവുന്നതാണ്. ഫെഡറൽ ഗവണ്മെന്റിന്റെ ഫണ്ടിങ് കൊണ്ടാണ് വീട് നിർമ്മിച്ചുനൽകുന്നത്.നാല് ചുമരുകൾ പണികഴിപ്പിക്കുന്നതുകൊണ്ട് സർക്കാരിന്റെ ഉത്തരവാദിത്തം തീരുന്നില്ല. ഓരോ കുടുംബത്തിലെയും കുട്ടികളുടെയും യുവാക്കളുടെയും പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞ് പരിഹരിക്കുകയും സമ്മർ ജോബ് നൽകി സ്വയംപര്യാപ്തരാക്കുകയും ചെയ്യും. വീട്ടമ്മമാർക്കും തൊഴിൽചെയ്യാൻ അവസരം ഒരുക്കുകയും പരിശീലനം നൽകുകയും ചെയ്യും.ഇത്തരത്തിൽ വളർന്നുവന്ന പലരും പിന്നീട് സുപ്രീം കോടതി ജഡ്ജിയും പോപ് ഗായകരും ഹോളിവുഡ് താരങ്ങളുമായി തീർന്നിട്ടുണ്ട്.ഈ ആശയം കഴിഞ്ഞ ലോകകേരളസഭയിൽ ഞാൻ പങ്കുവച്ചതാണ്. കേരളത്തിലെ ഭരണകർത്താക്കൾ അത് മുഖവിലയ്ക്കെടുത്താൽ നാടിന് നല്ലതാണ്. അങ്ങനെ ആഗ്രഹിക്കാൻ മാത്രമേ നമുക്ക് സാധിക്കൂ.



## നാട്ടിലെ എഴുത്തുകാരുമായുള്ള ബന്ധം?

ബെന്യാമിനാണ് 'വാൽക്കണ്ണാടി' എന്ന എന്റെ പുസ്തകത്തിന് അവതാരിക എഴുതിയത്. നാട്ടിൽ പോകുമ്പോൾ അതുപോലെ പല എഴുത്തുകാരെയും കാണാറുണ്ട്. സാഹിത്യസമ്മേളനങ്ങളിൽ പങ്കെടുക്കുമ്പോൾ അത്തരം സൗഹൃദങ്ങൾ വീണുകിട്ടും.സക്കറിയയുമായും വളരെ നല്ല ബന്ധമാണ്.

## ഭാവിപരിപാടികൾ?

രണ്ടാമത്തെ പുസ്തകത്തിന്റെ പണിപ്പുരയിലാണ്.ഉടനെ പ്രസിദ്ധീകൃതമാകും.കേരളത്തിന് പുറത്തുള്ള എന്റെ അനുഭവങ്ങൾ, കഥയുടെ ചാരുതയോടെ അവതരിപ്പിക്കാനാണ് ശ്രമം. അവിചാരിതമായി മുന്നിൽ വന്നുപെട്ട ചില വ്യക്തികളുടെ പ്രത്യേകിച്ച് ലോകത്തിന് വെളിച്ചമായി തീർന്ന സ്ത്രീകളുടെ അടയാളപ്പെടുത്തലാണ് ഈ പുസ്തകത്തിലൂടെ ഉദ്ദേശിക്കുന്നത്.



## കുടുംബം?

ഭാര്യ സന്തോഷ്കുമാരി വടക്കേ ഇന്ത്യയിലാണ് ജനിച്ചുവളർന്നത്. ഇവിടെ ആശുപത്രിയിൽ കെമിസ്റ്റായി ജോലി ചെയ്യുന്നു. ഞങ്ങൾക്ക്

മൂന്ന് മക്കളാണ്. ആൺമക്കൾ ഇരട്ടകളാണ്-ക്രിസ്റ്റിൻ,ജോനഥൻ.മകൾ:ക്രിസ്റ്റൽ. ലോങ്ങ് ഐലൻഡിലെ പ്ലെയിൻ വ്യൂവിലാണ് കുടുംബസമേതം താമസം



Blue Ocean Wealth Solutions
2200 Northern Blvd. Suite 200
East Hills, NY 11548
Ph: 516-326-7033
Cell: 516-902-4300
Fax: 516-326-7055
Slukose@financialguide.com
www.sabulukose.com

NAIFA
Member MDRT®

Blue Ocean Wealth Solutions
A member of the MassMutual Financial Group

**SABU LUKOSE, MBA**
Financial Services Representative
Financial Advisor
Registered Representa5ve
Platinum Conference
Member Million Dollar Round Table (MDRT)

Retirement Planning
Investment Strategies
Life Insurance
Education Funding
Business Solutions
Estate Conservation Strategies

☎ : 516-902-4300

MassMutual Financial Group is a marketing name for Massachusetts Mutual Life Insurance Company (MassMutual) and its affiliated companies and sales representatives. Sabu Lukose is a registered representative of and offers securities and investment advisory services through MSI Financial Services, Inc. Member SIPC. Some health insurance products offered by unaffiliated insurers. L0916477867[exp0717][AZ,IL,IN,KS,MA,MD,MI,NJ,NY,PA,TX] .

# ആദരവിന്റെ നിറവിൽ ശ്രീശാരദാ വിദ്യാലയ വേദിയിൽ ഷിജോ പൗലോസും ഉണ്ണിമേനോനും



കൊച്ചി: കാലടി മറ്റൂരിലെ ശ്രീ ശാരദ വിദ്യാലയയുടെ കലാവേദിയായ സപര്യ'യുടെ മുപ്പത്തിരണ്ടാം വാർഷികാഘോഷ പരിപാടിയിൽ പ്രശസ്ത ഗായകൻ ഉണ്ണി മേനോനെയും വ്ളോഗറും ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ട്രഷററും ഏഷ്യാനെറ്റ് ക്യാമറാമാനുമായ ഷിജോ പൗലോസിനെ ആദരിച്ചു. കർമ്മ മേഖലയിൽ മികവു കാട്ടുകയും അർപ്പണബോധവും കഠിനാധ്വാനവും കൊണ്ട് സമൂഹത്തിന് ഗുണകരമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങുകയും ചെയ്ത പ്രതിഭകളെ സ്കൂൾ വാർഷികത്തോടനുബന്ധിച്ചാണ് ആദരിച്ചത്.

സ്വന്തം നാട്ടിൽ നിന്നും ദൈവികത നിറഞ്ഞ വേദിയിൽ വച്ച് ഇങ്ങനെ ഒരു അംഗീകാരം ലഭിക്കുന്നത് വലിയ ഭാഗ്യമാണെന്നും ഈ മുഹൂർത്തം ഒരിക്കലും മറക്കാൻ കഴിയില്ലെന്നും അവാർഡ് സ്വീകരിച്ചു കൊണ്ട് ഷിജോ പൗലോസ് പറഞ്ഞു. തന്റെ ജീവിതത്തിലെ അനുഗ്രഹീതമായ ദിവസമാണിന്ന്. ഈ ചടങ്ങിൽ പങ്കെടുക്കാനായി അമേരിക്കയിൽ നിന്നും ഇന്ത്യ പ്രസ് കളബ് ഓഫ് നോർത്ത് അമേരിക്ക പ്രസിഡന്റ് സുനിൽ തൈമറ്റവും ഫൊക്കാന നേതാവ് പോൾ കറുകപ്പള്ളിയും വന്നിട്ടുണ്ട്. അതേ പോലെ നാട്ടിൽ നിന്നും സുഹൃത്തുക്കളുൾപ്പെടെയുള്ളവരും. എല്ലാവരോടും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നതായും അദ്ദേഹം പറഞ്ഞു.

വിദ്യാർത്ഥികൾക്കുള്ള സ്കൂളിലെ വിവിധ പുരസ്കാരങ്ങളും ഷിജോ പൗലോസും ഉണ്ണി മേനോനും സമ്മാനിച്ചു.

കൊറ്റമം ഗ്രമത്തിൽ നിന്നും സ്വപ്രയത്നം കൊണ്ട് അമേരിക്കയിലെത്തി സ്വന്തം പേര് അടയാളപ്പെടുത്തിയ ഷിജോ പൗലോസ് മാധ്യമപ്രവർത്തനരംഗത്ത് ഏറെ ശ്രദ്ധേയനാണ്. കാമറകളുടെ കൂട്ടുകാരനായ ഷിജോ പിന്നെ വാർത്തകളുടെയും യാത്രകളുടെയും ലോകത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചു. എം.സി.എൻ ടി.വിയിലൂടെ അമേരിയിലൂടെ സഞ്ചരിച്ച് തന്റെ കാഴ്ചകളെ ലോകമെമ്പാടുമുള്ള പ്രേക്ഷകരിലെത്തിച്ചു. ഇതോടൊപ്പം തന്നെ ശാലോം ടി.വി, ഏഷ്യാനെറ്റ് ന്യൂസ് എന്നിവയ്ക്കു വേണ്ടിയും പ്രവർത്തിക്കുന്നു.

അമേരിക്കയിലെങ്ങും കാമറയുമായി എത്തുന്നു. ഏഷ്യാനെറ്റ് ന്യൂസിൽ മുന്നൂറോളം എപ്പിസോഡുകൾ പൂർത്തിയാക്കിയ അമേരിക്ക ഈ ആഴ്ച എന്ന പംക്തിയുടെ പിന്നിലുള്ള കാഴ്ചകളും മറ്റാരുടേതുമല്ല, ഷിജോ പൗലോസിന്റെ കൈമുദ്ര തന്നെയാണ് ഇവിടെയും പതിയുന്നത്.

ഷിജോസ് ട്രാവൽ ഡയറി എന്ന യൂട്യൂബ് ചാനലിലൂടെ അമേരിക്കയിലെ സംഭവവികാസങ്ങളും ഷിജോ കാഴ്ചക്കാരിലെത്തിക്കുന്നു. തികച്ചും കയ്യടക്കത്തോടെയും ഉത്തരവാദിത്തത്തോടെയുമാണ് ഈ ഡയറിയും മുന്നോട്ടു പോകുന്നതെന്ന് പറയാം. അവ വലിയ തോതിൽ പ്രേക്ഷകരെ ആകർഷിക്കുന്നു.



അമേരിക്കൻ മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യ പ്രസ് കളബ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ ട്രഷറർ എന്ന നിലയിൽ സജീവമായി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

മാധ്യമമേഖലയിൽ ഒട്ടേറെ പുരസ്കാരങ്ങളും ഷിജോയെ തേടിയെത്തി. ഇന്ത്യ പ്രസ് കളബ് ഓഫ് നോർത്ത് അമേരിക്കയുടെ തന്നെ സാങ്കേതിക മികവിനുള്ള അവാർഡ്, ബർഗൻ കൗണ്ടിയുടെ കമ്മ്യൂണിറ്റിസർവീസ് അവാർഡ് എന്നിവ അവയിൽ ചിലതുമാത്രം. യു.എസ് സ്റ്റേറ്റ് അംഗീകൃത മീഡിയ പ്രൊഫഷണലായ ഷിജോയ്ക്ക് ഐക്യരാഷ്ട്രസഭയുടെയും ന്യൂയോർക്ക് സിറ്റി പൊലീസ് ഡിപ്പാർട്ട്മെന്റിന്റെയും യു.എസ് സിറ്റി ഡിപ്പാർട്ട്മെന്റിന്റെയും അക്രഡിറ്റേഷനുമുണ്ട്. എപ്പോഴും നിറപുഞ്ചിരിയോടെ തന്റെ മേഖലയിൽ മുഖമുദ്ര പതിപ്പിച്ച ഷിജോ അമേരിക്കൻ മലയാളികൾക്ക് പരിചിത മുഖമാണ്.




emed Pravasi Media
O PAULO





# Got into an accident?

# NEVER TO WORRY





CALL

GLOBAL COLLISION
& BODY WORKS LLC

## 1-845-727-4022

**We will pick up the vehicle and repair it fully to your satisfaction!**

# സഭ – അംഗങ്ങൾ അല്ലാത്തവർക്കു വേണ്ടി നിലകൊള്ളുന്ന ഒരേ ഒരു സ്ഥാപനം – എബ്രഹാം മാർ പൗലോസ്




**പി.റ്റി . തോമസ്**

അംഗങ്ങൾ അല്ലാത്തവർക്കു വേണ്ടി നിലകൊള്ളുന്ന ഒരേ ഒരു സ്ഥാപനം സഭയാണെന്നു മാർത്തോമ്മാ സഭയുടെ അമേരിക്കൻ ഭദ്രാസന എപ്പിസ്കോപ്പ എബ്രഹാം മാർ പൗലോസ്. ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുടെ 43 -ആം ഇടവക ദിനാഘോഷങ്ങളിൽ പങ്കെടുത്തു പ്രസംഗിക്കുകയായിരുന്നു തിരുമേനി. നിന്റെ അയൽക്കാരനെ നിന്നെ പോലെ തന്നെ സ്നേഹിക്കുക എന്ന് നമ്മുടെ കർത്താവ് പറഞ്ഞ വാക്കനുസരിച്ചു അയൽക്കാരുടെ ആവശ്യങ്ങൾ പരിഹരിക്കുക നമ്മുടെ ഉത്തരവാദിത്വം ആണെന്നു തിരുമേനി ഓർമിപ്പിച്ചു. സഭ തങ്ങൾക്കു വേണ്ടി മാത്രമല്ല, പിന്നെയോ ചുറ്റുമുള്ളവർക്കുവേണ്ടിയും കൂടെയാണ്.നമ്മുടെ ചുറ്റും ഉള്ള ദേശ നിർമ്മാണത്തിലൂടെ ദൈവ രാജ്യ നിർമ്മാണം സാദ്ധ്യമായി തീരണം. അമേരിക്കയിലെ മാർതോമ്മാ ഇടവകകളിൽ ഇപ്പോൾ നാലു തലമുറകളിലെ അംഗങ്ങൾ ഉണ്ട്. അവരുടെ എല്ലാവരുടെയും ആവശ്യങ്ങൾ ഒരേ സമയം നിറവേറ്റുക പ്രയാസം ആണെങ്കിലും അത്യന്താപേഷിതം ആണ്. പുതു തലമുറയെ വാർത്തെടുക്കന്നതിനോടൊപ്പം മുതിർന്ന തലമുറയെ മാനിക്കുകയും ആവശ്യമാണ്.

ഗായക സംഗത്തിന്റെ ഗാനാലാപനത്തിനു ശേഷം സാറാ ശാമുവേൽ എല്ലാവർക്കും പ്രതിഞ് വാചകം ചൊല്ലിക്കൊടുത്തു. ഇടവക സെക്രട്ടറി ജോസെൻ ജോസഫ് എല്ലാവരെയും സ്വാഗതം ചെയ്യുകയും ഇടവകയുടെ 2023 ലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

സൺഡേ സ്കൂൾ വിദ്യാർഥികളുടെ ഗാനാലാപനത്തിനു ശേഷം ഇടവക വികാരി റവ ജോൺ ഫിലിപ്പ് അദ്യക്ഷ പ്രസംഗം നടത്തി. യുണൈറ്റഡ് സ്റ്റേറ്റ്സ് കോൺഗ്രെസ്സ്മാൻ ജമാൽ ബൗമാൻ, ന്യൂയോർക് സ്റ്റേറ്റ് സെനറ്റർ ഷെലി മെയർ, വെസ്റ് ചെസ്റ്റർ കൗണ്ടി എക്സിക്യൂട്ടീവ് ജോർജ് ലാറ്റിമേർ എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തി. ഇടവക വൈസ് പ്രസിഡന്റ് ശ്രി റ്റി പി ജേക്കബ് നന്ദി രേഖപ്പെടുത്തി. റവ ജോൺ ജോൺ തട്ടാമണ്ണിലിൻറെ പ്രാർത്ഥനയും തിരുമേനിയുടെ ആശിർവാദ















# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL




# ന്യൂയോർക്കിലെ ഹിന്ദുക്ഷേത്രത്തിന് സമീപം ഗാന്ധിജിയുടെ പുതിയ പ്രതിമ അനാച്ഛാദനം ചെയ്തു

ന്യൂയോർക്കിലെ ഹിന്ദുക്ഷേത്രത്തിന് സമീപം മഹാത്മാഗാന്ധി യുടെ പുതിയ പ്രതിമ അനാച്ഛാദനം ചെയ്തു. ന്യൂയോർക്ക് സിറ്റി മേയർ എറിക് ആഡംസും ഇന്തോ-അമേരിക്കൻ സ്റ്റേറ്റ് അസംബ്ലി അംഗം ജെന്നിഫർ രാജ്കുമാറും ചേർന്നാണ് പ്രതിമ അനാച്ഛാദനം നടത്തിയത്. റിച്ച്മണ്ട്

ഹില്ലിലെ 111ാം സ്ട്രീറ്റിൽ തുളസി മന്ദിറിന് മുന്നിലെ ഗാന്ധിപ്രതിമ നേരത്തെ രണ്ടുതവണ നശിപ്പിക്കാൻ ശ്രമം നടന്നിരുന്നു. 2022 ആഗസ്റ്റ് മൂന്ന്, 16 തീയതികളിലാണ് പ്രതിമ നശിപ്പിക്കാനുള്ള ശ്രമമുണ്ടായത്. പ്രതിമയുടെ പുറത്ത് ചായം പൂശി നായ എന്നെഴുതി സ്ലെഡ്ജ് ഹാമർ ഉപയോഗിച്ച് അടിച്ചു പൊളിക്കുകയായിരുന്നു. അന്നു മുതൽ ഗാന്ധി പ്രതിമ വീണ്ടും പണിയാനുള്ള ശ്രമങ്ങൾ നടന്നു വരികയാ യിരുന്നു.

കഴിഞ്ഞ വർഷം സൗത്ത് റിച്ച്മണ്ട് ഹില്ലിൽ സ്ഥാപിച്ചിരുന്ന ഗാന്ധി പ്രതിമ തകർത്തിരുന്നതായും ഇന്ന് ഞങ്ങൾ സമൂഹത്തോടൊപ്പം ഒരേ സ്വരത്തിൽനമ്മുടെ നഗരത്തിൽ വിദ്വേഷത്തിന് സ്ഥാനമില്ലെന്ന് പറയുകയാണെന്നും കഴിഞ്ഞയാഴ്ച പ്രതിമ അനാച്ഛാദനം ചെയ്തുകൊണ്ട് മേയർ ആഡംസ് പറഞ്ഞു. ഗാന്ധിജിക്ക് ജീവൻ നൽകിയ നീതിയുടെ മൂല്യങ്ങൾ ഞങ്ങൾ ഉൾക്കൊള്ളുന്നുവെന്നും ഇന്ത്യൻ-അമേരിക്കൻ കമ്മ്യൂണിറ്റിയിലെ അംഗങ്ങൾ പങ്കെടുത്ത ചടങ്ങിൽ അദ്ദേഹം കൂട്ടിച്ചേർത്തു.



പ്രതിമ നശിപ്പിച്ച സംഭവം വിദ്വേഷ കുറ്റമായി കണക്കാക്കി അന്വേഷണം നടത്തണമെന്ന് ചടങ്ങിൽ പങ്കെടുത്ത രാജ്കുമാർ ആവശ്യപ്പെട്ടു. 25നും 30നുമിടയിൽ പ്രായമുള്ളവരാണ് പ്രതിമ നശിപ്പിക്കാൻ ശ്രമിച്ചതെന്ന് തെളിയിക്കുന്ന വിഡിയോ സംഭവത്തെ തുടർന്ന് പുറത്തുവന്നിരുന്നു. അക്രമത്തിനു ശേഷം വെളുത്ത നിറത്തിലുള്ള മെഴ്സിഡസ് ബെൻസിലും ഇരുണ്ട നിറത്തിലുള്ള ടൊയോട്ട കാമ്റിയിലുമാണ് അക്രമികൾ രക്ഷപ്പെട്ടത്. അക്രമം നടന്ന് ഒരുമാസത്തിനു ശേഷം 27വയസുള്ള സുഖ്പാൽ സിങ്ങിനെ അറസ്റ്റ് ചെയ്തു. ഇയാൾക്കെതിരെ വിദ്വേഷക്കുറ്റം ചുമത്തിയിരുന്നു.

emalayalee.com

# Brookhaven Heart

*YOU are at the heart of everything we do*

**1-631-654-3278**

**Board-Certified Cardiologists in East Patchogue New Hyde Park & Hicksville**

- Same Day Appointments
- Evening Hours
- Short Wait Times
- Affordable Self Pay Fees


Satheesh Joseph MD


Adam Kruger MD


Bimal Patel MD


Deepu Alexander MD


Saurin Patel MD


Wasiq Rahman MD

**Cardiac PET-CT Services**



Quality Care

Exceptional Staff

Informed Patients

State-of-the-Art Treatment

Vein Clinic
Brookhaven Heart

| PATCHOGUE OFFICE | NEW HYDE PARK OFFICE | HICKSVILLE OFFICE |
| --- | --- | --- |
| Brookhaven Heart | Brookhaven Heart PLLC | Brookhaven Heart PLLC |
| 325 East Main Street | 1710 Lakeville Rd | 380 South Broadway |
| Patchogue, NY 11772 | New Hyde Park, NY 11040 | Hicksville, NY 11801 |
| Phone: (631) 654-3278 | Phone:(516) 358-8100 | Phone: 516-390-6288 |

# ലീലാ മാരട്ട്

## ഫൊക്കാനയെ അടിമുടി അറിഞ്ഞ കർമ്മനിരതയായ നേതാവ്:

വർഗീസ് പോത്താനിക്കാട്


ഒരു സംഘടനയിൽ പ്രവർത്തന പരിചയത്തിന് സ്ഥാനമുണ്ടെങ്കിൽ ലീലാ മാരേട്ടിന് ലഭിച്ചിട്ടുള്ള അത്രയും അനുഭവ സമ്പത്ത് അധികമാർക്കും നേടാൻ കഴിഞ്ഞിട്ടുണ്ടാവില്ല. ഫൊക്കാനയിൽ മാത്രമല്ല ലീല പ്രവർത്തിച്ചിട്ടുള്ള ഏതൊരു പ്രസ്ഥാനത്തിലും യാതൊരു മടിയും കൂടാതെ, സ്ഥാനങ്ങളൊന്നുമില്ലെങ്കിലും ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങളെ അങ്ങേയറ്റം ആത്മാർത്ഥതയോടെ നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ടെന്നതാണ് അവരുടെ ഉയർച്ചയ്ക്ക് കാരണമെന്ന് വർഗീസ് പോത്താനിക്കാട് അഭിപ്രായപ്പെട്ടു.

ലീലാ മാരേട്ടിന്റെ പൊതുപ്രവർത്തനം കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കിലൂടെയാണ് ആരംഭിച്ചത്. ഒരു സധാരണ പ്രവർത്തക, കമ്മിറ്റിയംഗം, പ്രസിഡന്റ്, ചെയർപേഴ്സൺ എന്നീ നിലകളിലും, മറ്റ് പല സ്ഥാനങ്ങളിലും പ്രവർത്തിച്ച് മികവ് തെളിയിച്ചു. ഇവരുടെ നേതൃപാടവം തിരിച്ചറിഞ്ഞ് മറ്റ് പല പ്രസ്ഥാനങ്ങളുടേയും നേതൃസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിട്ടുണ്ട് എന്നത് ഇതര മേഖലകളിലുള്ള പ്രവർത്തന പരിചയത്തിന്റെ സാക്ഷ്യപത്രമാണ്.

ഫൊക്കാനയിൽ ലീലാ മാരേട്ടിനുള്ള പ്രവർത്തന പരിചയം പ്രത്യേകം എടുത്തു പറയേണ്ട ആവശ്യമില്ല. ഫൊക്കാനയിൽ അല്പമെങ്കിലും ഇടപെടുകയോ അറിയുകയോ ചെയ്തിട്ടുള്ളവർക്ക് അവയെല്ലാം സുപരിചിതമാണ്. ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങളെ പ്രതികൂല സാഹചര്യങ്ങളിൽ പോലും ലവലേശം ശങ്കയില്ലാതെ ഒരു യോദ്ധാവിനെപ്പോലെ നിറവേറ്റുവാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. ഇത്രയേറെ ഫൊക്കാനയെ സ്നേഹിക്കുകയും തന്റെ കഴിവിന്റെ പരമാവധി അതിന്റെ ഉന്നമനത്തിനായി പ്രതിജ്ഞാബദ്ധയായി മുന്നിട്ടിറങ്ങിയിരിക്കുന്ന ലീലാ മാരേട്ട് ഫൊക്കാനയുടെ പ്രസിഡന്റ് സ്ഥാനത്തേക്ക് വരാൻ തികച്ചും യോഗ്യയാണെന്ന് മാത്രമല്ല, അത് കാലഘട്ടത്തിന്റെ ആവശ്യവും കൂടിയാണ്.

നിങ്ങളുടെ വിലയേറിയ സമ്മതിനാദാനാവകാശം ലീലാ മാരേട്ടിനെ ഫൊക്കാന പ്രസിഡന്റ് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കാൻ വിനിയോഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നതായും വർഗീസ് പോത്താനിക്കാട് അറിയിച്ചു.





തോമസ് തോമസ്
കാനഡയിൽ നിന്ന്
ഫോമാ പ്രസിഡന്റ്
(2024- 26)
സ്ഥാനാർഥി
മികവിന്റെ പാരമ്പര്യം കൈമുതൽ
അവിഭക്ത ഫൊക്കാനയിലും ഫോമായിലും
കരുത്തുറ്റ നേതൃത്വം
ഫോമായിൽ പ്രാദേശിക സന്തുലനം ആവശ്യം

emalayalee.com The Weekly

# തായ്‌വാൻ: അമേരിക്കക്കു മറ്റൊരു തലവേദന



**നിഹാര ബിന്ദുരാജ്**

2024 ജനുവരി 26-നായിരുന്നു പസഫിക് സമുദ്രത്തിലെ ദ്വീപ് രാഷ്ട്രമായ ടുവാലുവിലെ പൊതുതെരഞ്ഞെടുപ്പ്. കേവലം പതിനൊന്നായിരം ജനസംഖ്യ മാത്രമുള്ള ടുവാലുവിലെ പൊതുതെരഞ്ഞെടുപ്പ് പക്ഷേ അന്താരാഷ്ട്ര മാധ്യമങ്ങളിൽ പോലും തലക്കെട്ടുകളായി മാറിയതിനു കാരണം തായ് വാനുമായി ഈ രാഷ്ട്രം പുലർത്തുന്ന നയതന്ത്രബന്ധമാണ്. തായ്‌വാനുമായി നയതന്ത്രബന്ധം പുലർത്തുന്ന ലോകത്തെ 12 രാഷ്ട്രങ്ങളിൽ ഒന്നാണ് ടുവാലു. 2024 ജനുവരി 13ന് തായ് വാനിൽ നടന്ന പ്രസിൻഷ്യൽ തെരഞ്ഞെടുപ്പിൽ ചൈനാവിരുദ്ധരായ ഡമോക്രാറ്റിക് പ്രോഗ്രസീവ് പാർട്ടി വിജയിച്ച് രണ്ടു ദിവസങ്ങൾക്കുള്ളിൽ മറ്റൊരു പസഫിക് രാഷ്ട്രമായ നവ്റു തായ് വാനുമായുള്ള തങ്ങളുടെ ബന്ധം അവസാനിപ്പിക്കുകയും ചൈനയോട് കൂറ് പ്രഖ്യാപിക്കുകയും ചെയ്തു. വെള്ളിയാഴ്ചത്തെ പൊതുതെരഞ്ഞെടുപ്പിനുശേഷം ടുവാലുവും നവ്റുവിന്റെ പാത തന്നെ പിന്തുടരുമെന്ന അഭ്യൂഹങ്ങളെ തുടർന്നാണ് ഈ കൊച്ചു ദ്വീപ് രാഷ്ട്രം ലോകശ്രദ്ധയിലേക്ക് എത്തപ്പെട്ടത്. ജനുവരി 27-ന് ടുവാലുവിലെ തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ തായ് വാനെ പിന്തുണച്ചിരുന്ന പ്രധാനമന്ത്രി കൗസിയ നടാനോ പരാജയപ്പെട്ടു. ചൈനയെ പിന്തുണയ്ക്കുന്ന വിദേശകാര്യമന്ത്രി സവേ പീനിയോ വിജയിച്ചു. പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കാൻ ഒരാഴ്ചയോളം സമയമെടുക്കും.. അതിനുശേഷമായിരിക്കും നയതന്ത്രബന്ധം ചൈനയുമായി വേണമോ തായ് വാനുമായി തുടരണമോ എന്ന കാര്യത്തിൽ ടുവാലുവിലെ പുതിയ സർക്കാർ തീരുമാനമെടുക്കുക.

ഇക്കഴിഞ്ഞ ജനുവരി 24-ന് ബീജിങ്ങിൽ നടന്ന ഒരു ചടങ്ങിൽ വച്ചാണ് നവ്റുവും ചൈനയും തമ്മിൽ ഔദ്യോഗികമായി തങ്ങളുടെ ഉഭയകക്ഷി ബന്ധം പുനസ്ഥാപിച്ചത്. ചൈനയുടെ വിദേശകാര്യമന്ത്രി വാങ് യിയും നവ്റുവിന്റെ വിദേശകാര്യമന്ത്രി ലയണൽ എയിങ്ങിമിയയും സ്ഥാനപതി തലത്തിൽ ചർച്ചകൾ പുനരാരംഭിക്കാനുള്ള തീരുമാനമെടുക്കുകയായിരുന്നു. 2021-ൽ നിക്കരാഗ്വേ തായ്വാനുമായുള്ള നയതന്ത്രബന്ധത്തിൽ നിന്നു പിന്മാറിയതിനു ശേഷം 14 രാഷ്ട്രങ്ങളായിരുന്നു തായ്വാനുമായി ബന്ധം പുലർത്തിയിരുന്നത്. പസഫിക്കിലും കരീബിയനിലും ലാറ്റിൻ അമേരിക്കയിലും ദക്ഷിണാഫ്രിക്കയിലുമുള്ള രാഷ്ട്രങ്ങളായിരുന്നു അവ. 2024 ആയതോടെ തായ്വാന്റെ ഉഭയകക്ഷിബന്ധം കേവലം 12 രാഷ്ട്രങ്ങളുമായി ചുരുങ്ങി. തായ് വാൻ ഒരു സ്വതന്ത്ര രാഷ്ട്രമല്ലെന്നും തങ്ങളുടെ ഭാഗമാണെന്നുമുള്ള ചൈനയുടെ അവകാശവാദവും കടുത്ത സമ്മർദ്ദങ്ങളുമാണ് തായ് വാനിൽ നിന്നും അകലം പാലിക്കാൻ ഈ രാഷ്ട്രങ്ങളെയെല്ലാം തന്നെ പ്രേരിപ്പിക്കുന്നത്.

ജനുവരി 13-നായിരുന്നു തായ് വാനിലെ പൊതുതെരഞ്ഞെടുപ്പ്. അമേരിക്കൻ അനുകൂല പാർട്ടിയായ ഡമോക്രാറ്റിക് പ്രോഗ്രസീവ് പാർട്ടിയും ചൈനീസ് അനുകൂലികളായ കുമിങ്താങ് പാർട്ടിയും അമേരിക്കയോടും ചൈനയോടും സമദൂരസിദ്ധാന്തം അവലംബിച്ചിട്ടുള്ള തായ് വാൻ പീപ്പിൾസ് പാർട്ടിയും തമ്മിലായിരുന്നു മത്സരം. അഞ്ചു ദശാബ്ദക്കാലത്തിലധികം കുമിങ്താങ് പാർട്ടി തായ് വാന്റെ പ്രസിഡന്റ് സ്ഥാനം വഹിച്ചതിനു പിന്നാലെയാണ് 2000-ത്തിലേയും 2004-ലേയും പ്രസിഡൻഷ്യൽ തെരഞ്ഞെടുപ്പുകളിൽ അമേരിക്കൻ അനുകൂലികളായ ഡമോക്രാറ്റിക് പ്രോഗ്രസീവ് പാർട്ടി അധികാരത്തിലെത്തിയത്. ഇതേത്തുടർന്ന് ചൈനീസ് അനുകൂലികളായ കുമിങ്താങ് പാർട്ടി 2008-ലും 2012-ലും വീണ്ടും അധികാരത്തിലെത്തി. രാജ്യത്തിന്റെ ജനാധിപത്യവൽക്കരണത്തിനുശേഷം 2016-ലും 2020-ലും നടന്ന പ്രസിഡൻഷ്യൽ തെരഞ്ഞെടുപ്പുകളിൽ വീണ്ടും ഡമോക്രാറ്റിക് പ്രോഗ്രസീവ് പാർട്ടിയാണ് വിജയിച്ചത്. ഡി പി പിയെ പിന്തുണച്ചവർ തായ് വാൻ സ്വതന്ത്ര പരമാധികാര രാഷ്ട്രമായി നിലകൊള്ളണമെന്നാണ് ആഗ്രഹിച്ചത്. ഒരു രാജ്യം, രണ്ടു ഭരണവ്യവസ്ഥ പോലുള്ള ഹോങ്കോങ് മോഡലിനോട് ഡി പി പി യോജിക്കുന്നില്ല. കുമിങ്താങ് പാർട്ടി ചൈനയുമായി സമാധാനപൂർണമായ ബന്ധമാണ് വേണ്ടതെന്ന നിലപാടാണ് വച്ചുപുലർത്തുന്നതെങ്കിൽ, തായ് വാൻ പീപ്പിൾസ് പാർട്ടി ചൈനയുമായുള്ള ബന്ധം മെച്ചപ്പെടുത്തണമെന്ന് ആഗ്രഹിക്കുമ്പോൾ തന്നെ ഡി പി പിയുടെ അമേരിക്കൻ അനുകൂല വിദേശകാര്യനയത്തിന് പിന്തുണ നൽകുകയും ചെയ്യുന്നു.

എന്തായാലും തെരഞ്ഞെടുപ്പിൽ തായ് വാനിലെ ഭരണകക്ഷിയായ ഡെമോക്രാറ്റിക് പ്രോഗ്രസീവ് പാർട്ടി മൂന്നാം തവണയും തുടർച്ചയായ വിജയം ആവർത്തിച്ചു. ഡി പി പിയെ വിജയിപ്പിച്ചാൽ തായ് വാനിൽ വീണ്ടും സംഘർഷ സാധ്യത വർദ്ധിക്കുമെന്ന ചൈനയുടെ മുന്നറിയിപ്പുകൾ വോട്ടർമാർ തള്ളിക്കളയുകയായിരുന്നു. 'ലോകത്തിന്റെ ഭൂപടത്തിൽ തായ് വാനെ നിലനിർത്താൻ തങ്ങൾക്കു കഴിഞ്ഞുവെന്നാണ് വിജയത്തിനുശേഷം നടന്ന റാലിയിൽ ഡി പി പിയുടെ വിജയിച്ച പ്രസിഡന്റ് സ്ഥാനാർത്ഥിയും മുൻ വൈസ് പ്രസിഡന്റുമായിരുന്ന വില്യം ലായ് ചിങ് തെ പ്രഖ്യാപിച്ചത്. അത് ഒരു ഒന്നൊന്നര വിജയം തന്നെയായിരുന്നു. 'ജനാധിപത്യത്തോടുള്ള തായ്വാൻ ജനതയുടെ പ്രതിബദ്ധത ഈ തിരഞ്ഞെടുപ്പ് ലോകത്തെ കാണിച്ചുകൊടുത്തു. ചൈനയ്ക്ക് അത് മനസ്സിലാക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു,' വില്യം ലായ് കൂട്ടിച്ചേർത്തു. എന്നാൽ ചൈന അതിനോട് പ്രതികരിച്ചത് തായ് വാൻ ചൈനയുടെ ഭാഗമാണെന്ന് ആവർത്തിച്ചുകൊണ്ടായിരുന്നു. അമേരിക്കയിലെ മുൻ തായ് വാൻ സ്ഥാനപതിയായിരുന്ന ഹ്സിയാവോ ബി-കിം വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതോടെ തായ് വാന്റെ രാജ്യാന്തര ബന്ധങ്ങളുടെ ചുക്കാൻ പിടിക്കുക അദ്ദേഹമായിരിക്കുമെന്ന് ഏതാണ്ട് ഉറപ്പായിക്കഴിഞ്ഞു.


ഇഎം-ദി വീക്കിലിക്ക്
ആശംസ!
പരിചയസമ്പന്നമായ നേതൃത്വം
രാഷ്ട്രീയ -സാമൂഹിക മേഖലകളിലെ സമ്പന്നമായ പാരമ്പര്യം
എക്കാലത്തും ഫൊക്കാനയുടെ ശക്തിസ്രോതസ്
ലീല മാരേട്ട്
ഫൊക്കാന 2024-26 പ്രസിഡന്റ് സ്ഥാനാർഥി
സാദരം നിങ്ങളുടെ പിന്തുണ തേടുന്നു



**2024 ജനുവരി 26-നായിരുന്നു പസഫിക് സമുദ്രത്തിലെ ദ്വീപ് രാഷ്ട്രമായ ടുവാലുവിലെ പൊതു തെരഞ്ഞെടുപ്പ്. കേവലം പതിനൊന്നായിരം ജനസംഖ്യ മാത്രമുള്ള ടുവാലുവിലെ പൊതുതെരഞ്ഞെടുപ്പ് പക്ഷേ അന്താരാഷ്ട്ര മാധ്യമങ്ങളിൽ പോലും തലക്കെട്ടുകളായി മാറിയതിനു കാരണം തായ് വാനുമായി ഈ രാഷ്ട്രം പുലർത്തുന്ന നയതന്ത്ര ബന്ധമാണ്.**

ചൈന ഒട്ടും പ്രതീക്ഷിക്കാത്ത ഒരു ആഘാതമാണ് തായ്‌വാൻ തെരഞ്ഞെടുപ്പിൽ നേരിട്ടത്. ഡിപിപി സ്ഥാനാർത്ഥിയായ ലായ്ക്ക് ആകെ വോട്ടിന്റെ 40 ശതമാനം ലഭിച്ചപ്പോൾ കുമിന്താങ് പാർട്ടി സ്ഥാനാർത്ഥി ഹൂ യു-ഇഹിന് 33.49 ശതമാനം വോട്ടുകൾ മാത്രമേ നേടാൻ കഴിഞ്ഞുള്ളു. തായ് വാൻ പീപ്പിൾസ് പാർട്ടി സ്ഥാനാർത്ഥി കോവെൻ-ജിയ്ക്ക് 26.45 ശതമാനം വോട്ടുകളാണ് ലഭിച്ചത്. തെരഞ്ഞെടുപ്പ് ഫലം ഒരു കാര്യം സുവ്യക്തമായി തന്നെ ലോകത്തോട് വിളിച്ചു പറഞ്ഞു. സാമ്പത്തിക ഉപരോധമോ സൈനിക ഭീഷണിയോ അതെന്തുതന്നെയുമാകട്ടെ, ചൈനയുടെ ഭീഷണികൾക്കെതിരായ പ്രതിരോധം ശക്തിപ്പെടുത്തുകയും മറ്റ് ജനാധിപത്യ രാജ്യങ്ങളുമായുള്ള ബന്ധം ആഴത്തിലാക്കുകയും ചെയ്യേണ്ട, ഒരു യഥാർത്ഥ പരമാധികാര രാഷ്ട്രമാണ് തായ് വാൻ എന്ന ഡിപിപിയുടെ വീക്ഷണത്തെ വോട്ടർമാർ പൂർണമായി പിന്തുണച്ചു. തായ് വാനെ ചൈനയുടെ മെയിൻലാൻഡുമായി കൂട്ടിച്ചേർക്കേണ്ടത് ചരിത്രപരമായ അനിവാര്യതയാണെന്ന് പ്രതിജ്ഞയെടുത്തിരിക്കുന്ന ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിങ്ങിനെ സംബന്ധിച്ചിടത്തോളം മർമ്മത്ത് ഏറ്റ ഒരു പ്രഹരമായിരുന്നു തായ് വാനിലെ തെരഞ്ഞെടുപ്പു ഫലം. കഴിഞ്ഞ എട്ടു വർഷമായി പല തരത്തിൽ തായ് വാനെതിരെ പലതരത്തിലുള്ള ഭീഷണികൾ ഉയർത്തി വരികയായിരുന്നു ചൈന. 'തായ് വാനിൽ എന്ത് മാറ്റങ്ങൾ സംഭവിച്ചാലും, ലോകത്ത് ഒരു ചൈന മാത്രമേയുള്ളൂവെന്നും തായ്വാൻ ചൈനയുടെ ഭാഗമാണ് എന്ന അടിസ്ഥാന വസ്തുതയ്ക്ക മാറ്റമുണ്ടാകില്ലെന്നുമാണ് ചൈനീസ് വിദേശകാര്യമന്ത്രാലയം ഡി പി പിയുടെ വിജയത്തെ തുടർന്ന് പ്രതികരിച്ചത്. എന്നാൽ ഡി പി പിയുടെ വിജയത്തിന് അമേരിക്ക പൂർണ പിന്തുണയാണ് നൽകിയത്. ശക്തമായ ജനാധിപത്യ സംവിധാനത്തിന്റെയും തിരഞ്ഞെടുപ്പ് പ്രക്രിയയുടെയും ശക്തിയാണ് തായ് വാനിലെ തെരഞ്ഞെടുപ്പ് തെളിയിക്കുന്നതെന്നായിരുന്നു യു എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കെന്റെ പ്രതികരണം.

തായ്‌വാന്റെ കാര്യത്തിൽ ചൈനയോടുള്ള അമേരിക്കയുടെ നയം അമേരിക്കൻ ജനപ്രതിനിധി സഭാ സ്പീക്കർ നാൻസി പെലോസിയുടെ സന്ദർശനത്തോടെ തന്നെ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. 2023 വരെ സ്പീക്കറായിരുന്ന, കടുത്ത ചൈനാവിരുദ്ധയായ എൺപത്തിരണ്ടുകാരിയായ ആ സ്ത്രീ ചൈനയുടെ കടുത്ത എതിർപ്പുകളെ തൃണവൽക്കരിച്ചുകൊണ്ടാണ് ജൂൺ രണ്ടിന് രാത്രി 10.45-ന് തായ്പെയ് വിമാനത്താവളത്തിൽ ഇറങ്ങിയത്. ചൈന തങ്ങളുടെ പ്രവിശ്യയായി കണക്കാക്കുന്ന തായ് വാന്റെ മണ്ണിൽ അമേരിക്കയിൽ അധികാരക്രമത്തിൽ മൂന്നാം സ്ഥാനക്കാരിയായ വ്യക്തി ഔദ്യോഗിക സന്ദർശനം നടത്തുന്നത് ചൈനയെ ചെറുതായല്ല ചൊടിപ്പിച്ചത്. സന്ദർശനത്തിനു മുമ്പ് തീ കൊണ്ടു കളിച്ചാൽ പൊള്ളാൻ തയാറാകണമെന്നുപോലും ഭീഷണിയുടെ സ്വരത്തിൽ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനെ താക്കീത് ചെയ്യാൻ ചൈനീസ് പ്രസിഡന്റ് ഷീ ജിങ്പിങ് മടിച്ചില്ല. പക്ഷേ കുലാലംപൂരിൽ നിന്നും യു എസ് എയർഫോഴ്സിന്റെ സ്പാർ 19 ബോയിങ് സി-40 സി വിമാനം നാൻസിയേയും വഹിച്ചുകൊണ്ട് തായ് വാനിലേക്ക് പറന്നപ്പോൾ ലോകത്തെ ഏറ്റവുമധികം ട്രാക്ക് ചെയ്യപ്പെട്ട എയർക്രാഫ്റ്റ് ആയി അത് മാറി. 7,08,000 പേരാണ് അന്ന് അത് ട്രാക്ക് ചെയ്തത്. നാൻസിയുടെ വിമാനം വെടിവച്ചിടാൻ പോലും തങ്ങൾ മടിക്കില്ലെന്ന് ചൈനയുടെ ഭീഷണിയാണ് ലോകത്തെമ്പാടുമുള്ളവരെ ഈ വിമാനത്തിന്റെ യാത്രാപഥം തായ്പെയ് വിമാനത്താവളത്തിലെത്തുംവരെ നിരീക്ഷിക്കാനിടയാക്കിയത്. ഒരർത്ഥത്തിൽ ലോകത്തിന്റെ മുഴുവൻ ശ്രദ്ധ തന്റെ തായ് വാൻ സന്ദർശനത്തിലൂടെ ചൈനയുടെ അധിനിവേശ പ്രവണതകൾക്കുനേരെ തിരിക്കാനും അവർ നടത്തിയിട്ടുള്ള മനുഷ്യാവകാശ ധ്വംസനങ്ങൾ ചർച്ച ചെയ്യാനും ഇടയാക്കി എന്നതിനാൽ നാൻസി തന്റെ ലക്ഷ്യം നേടിയെന്നുറപ്പാണ്. 1997-ൽ, ഇരുപത്തഞ്ച് വർഷങ്ങൾക്കു മുമ്പ് അന്നത്തെ അമേരിക്കൻ ഹൗസ് സ്പീക്കറായ നൂട്ട് ഗിങ്റിച്ച് തായ് വാൻ സന്ദർശിച്ചപ്പോൾ ഉണ്ടാകാതിരുന്ന പുകിലുകൾ നാൻസി പെലോസിയുടെ സന്ദർശനത്തിനുണ്ടായതിനു കാരണം തായ് വാന് അമേരിക്ക പരസ്യമായ പിന്തുണ നൽകുന്നുവെന്ന ചൈനയുടെ തിരിച്ചറിവാണ്.

ചൈന - തായ് വാൻ ചരിത്രത്തിന്റെ ഉള്ളറകൾ കീറിനോക്കിയാൽ മാത്രമേ തായ് വാനുമേൽ എന്തുകൊണ്ടാണ് ആധിപത്യം പുലർത്താൻ ശ്രമിക്കുന്നുവെന്ന് വ്യക്തമാകും. 1912 മുതൽ 1949 വരെ റിപ്പബ്ലിക് ഓഫ് ചൈന എന്നായിരുന്നു ഇന്നത്തെ ചൈനയുടെ പേര്. അവിടത്തെ കുമിങ്താങ് അഥവാ ചൈനീസ് നാഷണലിസ്റ്റ് പാർട്ടിയും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയും അധികാരത്തിനായി 22 വർഷത്തോളം നീണ്ട ആഭ്യന്തരയുദ്ധത്തിലേർപ്പെട്ടു. 1949-ൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി മെയിൻ ലാന്റ് ചൈനയുടെ നിയന്ത്രണം കൈക്കലാക്കുകയും പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന സ്ഥാപിക്കുകയും ചെയ്തു. അതേതുടർന്ന് റിപ്പബ്ലിക്ക് ഓഫ് ചൈനയ്ക്ക് നേതൃത്വം നൽകിയ കുമിങ്താങ് തായ് വാൻ ദ്വീപിലേക്ക് ചുരുങ്ങുകയും അവിടെ ഒരു സ്വയംഭരണപ്രദേശമായി മാറ്റുകയും ചെയ്തു. തായ്വാനിലെ ആർഒസിയും ചൈനയിലെ പിആർസിയും ചൈനയുടെ നിയമാനുസൃത സർക്കാർ തങ്ങളാണെന്ന് ഔദ്യോഗികമായി അവകാശപ്പെടുന്നതിനാൽ ഇരു രാജ്യങ്ങളും തമ്മിൽ സമാധാനക്കാരാറുകൾ ഉണ്ടായില്ല. അക്കാലം മുതൽ തന്നെ തായ് വാൻ തങ്ങളിൽ നിന്നും വേർപെട്ടുപോയ പ്രവിശ്യയാണെന്നും

രാഷ്ട്രത്തെ ഒരുമിപ്പിക്കാൻ തായ് വാനെ ചൈനയോട് കൂട്ടിച്ചേർക്കേണ്ടത് അനിവാര്യമാണെന്നുമാണ് ചൈന വിശ്വസിച്ചുപോരുന്നത്. എന്നാൽ ഒരൊറ്റ ചൈന എന്ന നയം പിന്തുടരുമ്പോൾ തന്നെ അമേരിക്ക തായ്വാന്റെ പരമാധികാരത്തെ അംഗീകരിക്കുകയും അവിടത്തെ ജനാധിപത്യ സർക്കാരിനെ പിന്തുണയ്ക്കുകയുമാണ് ഇന്ന് ചെയ്യുന്നത്. ഡമോക്രാറ്റുകളും റിപ്പബ്ലിക്കൻസും ഇക്കാര്യത്തിൽ ഒരേ നിലപാട് തന്നെയാണ് പുലർത്തിപ്പോരുന്നത്. സൈനികമായി നോക്കുമ്പോൾ അമേരിക്കയും ചൈനയും ഒരുപോലെ കണ്ണുവയ്ക്കുന്ന ഇടമാണ് തായ് വാൻ. തായ്വാൻ മെയിൻലാൻഡിന്റെ ഭാഗമായി മാറിയാൽ അവിടത്തെ ലോകനിലവാരമുള്ള സെമികണ്ടക്ടർ ഫാക്ടറികൾ ചൈനീസ് വ്യാപാരശൃംഖലയുടെ കീഴിൽ വരുമെന്നതും പുതിയകാലത്ത് എത്രയും വേഗം പുനരേകീകരണം നടത്താൻ ചൈനയെ പ്രേരിപ്പിക്കുന്നു.

2022-ലെ സന്ദർശനത്തിലൂടെ തന്നെ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയാണ് ചൈനയുടെ ഒരേയൊരു ഭരണകൂടമെന്ന അമേരിക്കയുടെ 'വൺ ചൈന പോളിസി'യെ നാൻസി അട്ടിമറിച്ചുവെന്നാണ് ചൈന വിലയിരുത്തിയത്. കുറച്ചുകാലങ്ങളായിതന്നെ അമേരിക്ക തായ് വാനെ പരസ്യമായി പിന്തുണയ്ക്കാൻ ആരംഭിച്ചത് ചൈനയെ വലിയ തോതിൽ പ്രകോപിപ്പിക്കുകയും ചെയ്തിരുന്നു. ഡൊണാൾഡ് ട്രംപ് അമേരിക്കൻ പ്രസിഡന്റായി ചുമതലയേറ്റെടുത്തപ്പോൾ തായ് വാൻ പ്രസിഡന്റിനെ അദ്ദേഹം അമേരിക്കയിലേക്ക് ക്ഷണിച്ചതായിരുന്നു ആദ്യ പ്രകോപനം. ചൈന തായ് വാനെ ആക്രമിക്കുന്നപക്ഷം അമേരിക്ക തായ് വാന്റെ പ്രതിരോധത്തിനെത്തുമെന്ന് അധികാരത്തിലെത്തിയശേഷം മൂന്നുവട്ടമെങ്കിലും ജോ ബൈഡൻ പ്രസ്താവിച്ചതാകട്ടെ ഈ പ്രകോപനത്തിന്റെ മൂർച്ച കൂട്ടുകയും ചെയ്തു.

തായ് വാനിലെ പുതിയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട വില്യം ലായ് ചിങ്-തെ വരുന്ന മേയിലാണ് നിലവിലെ വനിതാ പ്രസിഡന്റായ സായ് ഇങ് വെന്നിൽ നിന്നും അധികാരം ഏറ്റെടുക്കുന്നത്. നാൻസി പെലോസിയെ സ്വീകരിച്ചതിനു തൊട്ടടുത്ത ദിവസം തന്നെ അമേരിക്ക സായ് ഇങ് വെൻ ഭരണകൂടത്തെ ഭയപ്പെടുത്താൻ സൈനിക അഭ്യാസങ്ങൾ നടത്തിയിരുന്നു. പക്ഷേ അമേരിക്ക വലിയ പിന്തുണയാണ് ആ സമയത്ത് അവർക്ക് നൽകിയത്. അമേരിക്കയുടെ റൊണാൾഡ് റീഗൻ അടക്കം നാല് യുദ്ധക്കപ്പലുകളാണ് തായ് കടലിടുക്കിലേക്ക് 2022-ൽ ചൈനയെ പ്രതിരോധിക്കുന്നതിനായി നീങ്ങിയത്. വില്യം ചുമതലയേറ്റെടുക്കുന്നതോടെ ചൈന തായ് വാനുമേൽ കൂടുതൽ ശക്തമായ നീക്കങ്ങൾക്ക് തുടക്കമിടുമെന്നാണ് നയതന്ത്രവിദഗ്ധരുടെ വിലയിരുത്തൽ., ലോകത്തിലെ ആകെ ചരക്കുനീക്കത്തിന്റെ പകുതിയിലധികവും തായ് വാൻ കടലിടുക്കിലൂടെയാണ് കടന്നുപോകുന്നത്. ഇന്ന് ലോകത്ത് ഉപയോഗിക്കപ്പെടുന്ന അത്യാധുനിക സെമികണ്ടക്ടർ ചിപ്പുകളിൽ 95 ശതമാനവും ഉൽപാദിപ്പിക്കുന്നത് തായ്വാനിലായതിനാൽ വിതരണ ശൃംഖലയെ നിയന്ത്രിക്കാനുള്ള ചൈനയുടെ ശ്രമങ്ങൾ തടയാൻ അമേരിക്ക ശക്തമായ നീക്കങ്ങൾ നടത്തുമെന്നുറപ്പാണ്.

അറുപത്തിനാലുകാരനായ വില്യം ലായ് ചിങ് തെ വടക്കൻ തായ് വാനിലെ ഒരു കൽക്കരി ഖനിത്തൊഴിലാളിയുടെ മകനാണ്. ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ അച്ഛൻ മരിച്ചു. ഫിസിഷ്യനായി തൊഴിലെടുക്കുന്ന ലായ് നട്ടെല്ലിനുള്ള ക്ഷതങ്ങൾ പരിഹരിക്കുന്നതിലാണ് സ്പെഷ്യലൈസ് ചെയ്തിട്ടുള്ളത്. വില്യം ലായ് അധികാരം ഏറ്റെടുക്കുന്നതിന് മുമ്പ്, വരാനിരിക്കുന്ന പ്രസിഡന്റിന്മേൽ സമ്മർദ്ദം ചെലുത്താൻ ചൈന ശ്രമിക്കുമെന്നാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്. 2018ൽ തായ് വാന്റെ സ്വാതന്ത്ര്യമാണ് തന്റെ പരമമായ ലക്ഷ്യം എന്ന് തായ് പാർലമെന്റിൽ പ്രസ്താവിച്ചയാളാണ് വില്യം. ചൈനീസ് പത്രമായ ഗ്ലോബൽ ടൈംസ് ചൈനീസ് സർക്കാരിനോട് ഈ പ്രസ്താവനയുടെ പേരിൽ വില്യം ലായ്ക്കെതിരെ അന്താരാഷ്ട്ര അറസ്റ്റ് വാറന്റ് പുറപ്പെടുവിക്കണമെന്നും ചൈനയുടെ 2005-ലെ രാജ്യദ്രോഹനിയമത്തിന്റെ കീഴിൽ വില്യം ലായെ പ്രോസിക്യൂട്ട് ചെയ്യണമെന്നും ചൈനീസ് സർക്കാരിനോട് ആഹ്വാനം ചെയ്തിരുന്നു. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തായ് വാൻ ഒരു സ്വതന്ത്ര രാജ്യമാണെന്നും റിപ്പബ്ലിക് ഓഫ് ചൈന അഥവാ തായ് വാനും പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയും പരസ്പരം കീഴ്പ്പെട്ടു കഴിയുന്ന രാഷ്ട്രങ്ങളല്ലെന്നുമുള്ള സായ് ഇങ് വെന്നിന്റെ വാക്കുകൾ തന്നെയാണ് വില്യം ലായ് പ്രചാരണായുധമാക്കിയത്. അതുകൊണ്ടു തന്നെ ഇപ്പോഴത്തെ സ്ഥിതിയിൽ മാറ്റം വരുത്തിക്കൊണ്ട് ലായ് സ്വതന്ത്ര റിപ്പബ്ലിക് സ്ഥാപിക്കുമെന്ന് ചൈന നന്നായി ഭയപ്പെടുന്നുണ്ട്. നട്ടെല്ലിന്റെ ക്ഷതം ചികിത്സിച്ചു മാറ്റുന്നതിൽ സ്പെഷ്യലൈസ് ചെയ്തിട്ടുള്ള ലായ് തായ് വാൻ എന്ന രാഷ്ട്രത്തെ നട്ടെല്ലോടെ നിവർന്നുനിൽക്കാൻ സഹായിച്ചേക്കുമെന്നാണ് പൊതുവേയുള്ള വിലയിരുത്തൽ.




# അഞ്ചു വീടുകൾ പണിതു നൽകി വെള്ളരിങ്ങാട്ട് കുടുംബം;

## നെടിയകാടിലെ പൂവണിഞ്ഞ സ്വപ്നക്കൂടുകൾ



ഒരു ജന്മം സ്വപ്നം കണ്ടാലും തല ചായ്ക്കാൻ പോലും ഒരിടം കണ്ടെത്താനാവാത്ത എത്രയോ അധികം മനുഷ്യർ ഈ ഭൂമുഖത്തുണ്ട്. ആരോടും ചിലപ്പോൾ പറയാൻ കഴിയണമെന്നില്ല അവരുടെ സ്വപ്നങ്ങളെക്കുറിച്ച്. എങ്ങനെയെങ്കിലും മുന്നോട്ടു പോകണമെന്ന ആധിയ്ക്കിടയിൽ സ്വന്തമായൊരു കിടപ്പാടത്തെക്കുറിച്ച് സ്വപ്നം കാണാൻ പോലും ധൈര്യമില്ലാത്തവരായിരിക്കും ഭൂരിഭാഗം പേരും. ആ നിസ്സഹായരായ മനുഷ്യരുടെ ഉള്ളുരുക്കങ്ങൾ മനസിലാക്കിയ നെടിയകാട് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും ഇടവകയും വെള്ളരിങ്ങാട്ട് ഫാമിലിയുമാണ് എല്ലാവർക്കും വീട് എന്ന പദ്ധതിയിൽ ഇരുപത്തിയേഴ് കുടുംബങ്ങളുടെ മനസ് കണ്ടറിഞ്ഞ് അവരുടെ ജീവിതയാത്രയിൽ ഒന്നിച്ചു ചേർന്നത്.

കുഞ്ഞുങ്ങളുൾപ്പെടെയുള്ള ആ കുടുംബങ്ങളുടെ മുഖത്തിപ്പോൾ നിറയെ പുഞ്ചിരിയുണ്ട്. കാരണം അവർക്കിപ്പോൾ സ്വന്തമായി അടച്ചുറപ്പുള്ള മനോഹരമായ വീടുണ്ട്. കാറ്റും മഴയും പേടിക്കാതെ ഇനി അവർക്ക് അവിടെ സുരക്ഷിതമായി കഴിയാം. മഹാകാരുണ്യത്തിന്റെയും മാനവികതയുടെയും കഥ കൂടിയുണ്ട് ഈ വീടുകൾക്ക് പിന്നിൽ. തങ്ങളുടെ ഇടവകയിൽ വീടില്ലാത്തർ ഉണ്ടാകരുതെന്ന തീരുമാനവും അതിലേക്കുള്ള ദൃഢനിശ്ചയവും ചോദിക്കാതെ തന്നെ മനസറിഞ്ഞു കൂടെ നിന്ന മനസുകളുമാണ് ഈ നന്മക്കൂടാരത്തിലേക്കുള്ള വഴി കാണിച്ചത്. ഭൂമിയിൽ ആർക്കും മാതൃകയാക്കാവുന്ന കാരുണ്യപ്രവർത്തനം. മറ്റുള്ളരെയും കൂടി സ്വജീവിതത്തിൽ ചേർത്തുവയ്ക്കുന്ന മനസ്. മനുഷ്യനന്മയുടെ ആകാശത്താണ് ആ ഇരുപത്തിയേഴ് വീടുകളും മനുഷ്യരും തലയുയർത്തി നിൽക്കുന്നത്.







# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902,** TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C
SPRJ55189




ഒരു ജന്മം സ്വപ്നം കണ്ടാലും തല ചായ്ക്കാൻ പോലും ഒരിടം കണ്ടെത്താനാവാത്ത എത്രയോ അധികം മനുഷ്യർ ഈ ഭൂമുഖത്തുണ്ട്. ആരോടും ചിലപ്പോൾ പറയാൻ കഴിയണമെന്നില്ല അവരുടെ സ്വപ്നങ്ങളെക്കുറിച്ച്. എങ്ങനെയെങ്കിലും മുന്നോട്ടു പോകണമെന്ന ആധിയ്ക്കിടയിൽ സ്വന്തമായൊരു കിടപ്പാടത്തെക്കുറിച്ച് സ്വപ്നം കാണാൻ പോലും ധൈര്യമില്ലാത്തവരായിരിക്കും ഭൂരിഭാഗം പേരും. ആ നിസ്സഹായരായ മനുഷ്യരുടെ ഉള്ളുരുക്കങ്ങൾ മനസിലാക്കിയ നെടിയകാട് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും ഇടവകയും വെള്ളരിങ്ങാട്ട് ഫാമിലിയുമാണ് എല്ലാവർക്കും വീട് എന്ന പദ്ധതിയിൽ ഇരുപത്തിയേഴ് കുടുംബങ്ങളുടെ മനസ് കണ്ടറിഞ്ഞ് അവരുടെ ജീവിതയാത്രയിൽ ഒന്നിച്ചു ചേർന്നത്.

**എങ്ങനെയെങ്കിലും മുന്നോട്ടു പോകണമെന്ന ആധിയ്ക്കിടയിൽ സ്വന്തമായൊരു കിടപ്പാടത്തെക്കുറിച്ച് സ്വപ്നം കാണാൻ പോലും ധൈര്യമില്ലാത്തവരായിരിക്കും ഭൂരിഭാഗം പേരും. ആ നിസ്സഹായരായ മനുഷ്യരുടെ ഉള്ളുരുക്കങ്ങൾ മനസിലാക്കിയ നെടിയകാട് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും ഇടവകയും വെള്ളരിങ്ങാട്ട് ഫാമിലിയുമാണ് എല്ലാവർക്കും വീട് എന്ന പദ്ധതിയിൽ ഇരുപത്തിയേഴ് കുടുംബങ്ങളുടെ മനസ് കണ്ടറിഞ്ഞ് അവരുടെ ജീവിതയാത്രയിൽ ഒന്നിച്ചു ചേർന്നത്.**

കുഞ്ഞുങ്ങളുൾപ്പെടെയുള്ള ആ കുടുംബങ്ങളുടെ മുഖത്തിപ്പോൾ നിറയെ പുഞ്ചിരിയുണ്ട്. കാരണം അവർക്കിപ്പോൾ സ്വന്തമായി അടച്ചുറപ്പുള്ള മനോഹരമായ വീടുണ്ട്. കാറ്റും മഴയും പേടിക്കാതെ ഇനി അവർക്ക് അവിടെ സുരക്ഷിതമായി കഴിയാം. മഹാകാരുണ്യത്തിന്റെയും മാനവികതയുടെയും കഥ കൂടിയുണ്ട് ഈ വീടുകൾക്ക് പിന്നിൽ. തങ്ങളുടെ ഇടവകയിൽ വീടില്ലാത്തർ ഉണ്ടാകരുതെന്ന തീരുമാനവും അതിലേക്കുള്ള ദൃഢനിശ്ചയവും ചോദിക്കാതെ തന്നെ മനസറിഞ്ഞു കൂടെ നിന്ന മനസുകളുമാണ് ഈ നന്മക്കൂടാരത്തിലേക്കുള്ള വഴി കാണിച്ചത്. ഭൂമിയിൽ ആർക്കും മാതൃകയാക്കാവുന്ന കാരുണ്യപ്രവർത്തനം. മറ്റുള്ളരെയും കൂടി സ്വജീവിതത്തിൽ ചേർത്തുവയ്ക്കുന്ന മനസ്. മനുഷ്യനന്മയുടെ ആകാശത്താണ് ആ ഇരുപത്തിയേഴ് വീടുകളും മനുഷ്യരും തലയുയർത്തി നിൽക്കുന്നത്.

ഇടവകയിലെ എല്ലാവർക്കും വീട് എന്നൊരു തീരുമാനം വരുന്നത് എട്ടുവർഷം മുമ്പാണ്. അന്ന് സ്വന്തമായി സ്ഥലമുള്ള, എന്നാൽ വീട് വയ്ക്കാൻ മറ്റു വഴികളൊന്നുമില്ലാത്തവർക്കാണ് വീടുകൾ പണിതു നൽകിയത്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വീട് പണിയാനുള്ള സ്ഥലം ലഭ്യമാക്കുന്നതിനായിരുന്നു ശ്രമം. കാരണം ലൈഫും കേന്ദ്രസർക്കാർ പദ്ധതികളുമുൾപ്പെടെ സ്ഥലമുള്ളവർക്ക് വീട് പണിയാനുള്ള മാർഗങ്ങൾ നിലവിലുണ്ടെന്ന് കരുതിയായിരുന്നു ആ തീരുമാനം. രണ്ടാം ഘട്ടത്തിൽ രണ്ടിടത്തായി അഞ്ചു സെന്റ് വീതം പത്തുകുടുംബങ്ങൾക്ക് വീട് വയ്ക്കാനായി സ്ഥലം നൽകി. ഇതിൽ ആദ്യത്തെ അഞ്ചുവീടുകളാണ് ഇപ്പോൾ പൂർത്തിയായത്.

ഇരുപത്തിയേഴ് സെന്റ് സ്ഥലം വീട് പണിയുന്നതിനായി ഒരാൾ സംഘടനയ്ക്ക് നൽകിയിരുന്നു. അഞ്ചുവീടുകൾ പണിയാനായിരുന്നു തീരുമാനം. അഞ്ചുസെന്റുകൾ വീതം ഓരോ കുടുംബത്തിനും നൽകാമെന്നും ധാരണയായി. രണ്ടുസെന്റ് വഴിക്കു വേണ്ടിയും മാറ്റിവച്ചു. സ്ഥലം കൈമാറുന്ന ചടങ്ങിൽ വച്ച് അഞ്ചുവീടുകൾക്കും ഓരോ ലക്ഷം വീതം അഞ്ചുലക്ഷം രൂപ ഒരാൾ തന്നതാണ് വീടുപണിയെന്ന ഉത്തരവാദിത്തത്തിലേക്ക് ഇവരെ നയിച്ചത്.

ഈ ചർച്ചകളിലേക്കാണ് നെടിയകാട് ഇടവകാംഗവും അമേരിക്കയിൽ സ്ഥിരതാമസമാക്കിയ വി. എം. ചാക്കോ വെള്ളരിങ്ങാട്ട് ഒരു വീട് പണിതുനൽകാമെന്ന വാഗ്ദാനവുമായി മുന്നോട്ടു വന്നത്. അത് സംഘടനയ്ക്ക് വലിയ ഊർജ്ജം പകർന്നു. നേരത്തെ കൊവിഡ് കാലത്ത് പഠനത്തിനായി ഇരുപതോളം മൊബൈൽ ഫോണുകൾ അദ്ദേഹം നൽകിയിരുന്നു. ചാക്കോച്ചൻ എന്ന് സ്നേഹത്തോടെ നാട്ടുകാർ വിളിക്കുന്ന വി. എം. ചാക്കോ തിരിച്ച് അമേരിക്കയിലേക്ക് പോയശേഷം വീണ്ടും ഭാരവാഹികളെ വിളിച്ചു. ബന്ധുക്കളോടും കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടുമെല്ലാം ആലോചിച്ചശേഷം അവരെ കൂടി ഈ മഹാകാരുണ്യത്തലേക്ക് പങ്കുചേർത്തുകൊണ്ട് അഞ്ചുവീടുകളും പണിതു നൽകാമെന്ന വലിയ സന്തോഷം പങ്കുവയ്ക്കാനായിരുന്നു ആ വിളി.

അങ്ങനെയാണ് അദ്ദേഹത്തിന്റെ വലിയ മനസോടെ ആ അഞ്ചു ഭവനങ്ങളും സ്വപ്നമെന്നോണം ഉയർന്നത്. ഇരുപതടി വീതിയിലാണ് വഴി. യാത്രാസൗകര്യവും വെള്ളവുമെല്ലാം ഇവിടെ ഒരുക്കി. നേരത്തെ ലഭിച്ച അഞ്ചുലക്ഷം രൂപ ഉപയോഗിച്ച് വേറെ ഒരു വീട് കൂടി പണിതു നൽകി. ഇനിയും കുറേ വീടുകൾ ഇവരുടെ കനിവുള്ള മനസിൽ പണിയുന്നുണ്ട്. പരമാവധി നാലുലക്ഷം രൂപ നൽകിയുള്ള നിർമ്മിതികളാണ് മനസിൽ ലക്ഷ്യമിടുന്നത്. ബാക്കി വരുന്ന തുക ഉടമസ്ഥർ കണ്ടെത്തണം.

ജനുവരി 26 –ന് സെന്റ് വിൻസെന്റ് ഡി പോൾ സ്ക്വയറിൽ നടന്ന ചടങ്ങിൽ കോതമംഗലം രൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ വീടുകളുടെ താക്കോൽ ദാനം നിർവഹിച്ചു. കരിങ്കുന്നം പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. തോമസ് റെസിഡൻഷ്യൽ ഏരിയയ്ക്ക് സെന്റ് വിൻസെന്റ് ഡി പോൾ നഗർ എന്ന് നാമകരണം നിർവഹിച്ചു. റഫ. ഫാ. ജോസഫ് മഠത്തിക്കണ്ടത്തിൽ, റഫ. ഫാ. മാത്യു അത്തിക്കൽ, കോതമംഗലം സി.സി പ്രസിഡന്റ് ബ്രദർ ബേബി ജോസഫ്, വെള്ളരിങ്ങാട്ട് കുടുംബ പ്രതിനിധിയായി മാത്യു ജേക്കബ് തോട്ടുമാരി യു. എസ്. എ, ബ്ളോക്ക് പഞ്ചായത്ത് അംഗം ടീന ജോസ്, വാർഡ് അംഗങ്ങളായ സ്വപ്ന ജോയൽ, ഷീബ ടോമി, എം. പി. ജോസ് മുഴുത്തേറ്റ് എന്നിവർ പങ്കെടുത്തു.

റവ. ഫാ. തോമസ് പൂവത്തിങ്കൽ അദ്ധ്യക്ഷത വഹിച്ചു. വിൻസെന്റ് ഡി പോൾ സെക്രട്ടറി സി.ജെ. അഗസ്റ്റിൻ, പ്രസിഡന്റ് ഫ്രാൻസിസ് കൊച്ചുപറമ്പിൽ, ആത്മീയ ഉപദേഷ്ടാവ് ഫാ. തോമസ് പൂവത്തുങ്കൽ എന്നിവരാണ് പദ്ധതിക്ക് നേതൃത്വം വഹിച്ചത്.

CENTURY 21
ROYAL

SCARSDALE, NEW YORK

## We have been providing outstanding service in RESIDENTIAL and COMMERCIAL Real-Estate for the past 29+ years in NY & CT.

## Call us for all your Real-Estate needs!





**GEORGE JOHN**
PRINCIPAL BROKER
Cell: (914) 804-8693
George@century21royal.com

**STANLEY MATHEW**
SALES ASSOCIATE
Cell: (845) 300-8458
Stanley@century21royal.com

**We still believe in personal service to all our customers who rely on our dedication, trust and integrity**




www.royalfinehomes.com
www.century21royal.com

Follow us on:

YOUTUBE: https://www.youtube.com/@georgejohn4512/videos
FACEBOOK: https://www.facebook.com/C21ROYALNY
TWITTER: https://twitter.com/GeorgeJ44939954
INSTAGRAM: https://www.instagram.com/c21.royal/
LINKDEN:https://www.linkedin.com/in/realtorgeorgejohn/



**Office Address: 697 Central Park Avenue, Scarsdale, NY 10583 | (914) 722-0700**

# ഫൊക്കാന രാജ്യാന്തര കൺവൻഷനിലേക്ക് കവി മുരുകൻ കാട്ടാക്കടയും അതിഥിയായി എത്തുന്നു

ഡോ. കല ഷഹി


വാഷിംഗ്ടൺ: നാല് പതിറ്റാണ്ടായി വടക്കെ അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ മുഖമുദ്രയായി പ്രവർത്തിക്കുന്ന ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ അമേരിക്ക (ഫൊക്കാന) യുടെ ഇരുപത്തിയൊന്നാമത് രാജ്യാന്തര കൺവൻഷനിൽ മലയാളികളുടെ ഹൃദയം തൊട്ട കവി മുരുകൻ കാട്ടാക്കടയും അതിഥിയായി എത്തുന്നു. കവി, സിനിമ ഗാനരചയിതാവ്, സാമൂഹിക പ്രവർത്തകൻ എന്ന നിലകളിലും പ്രശസ്തനാണ് മുരുകൻ കാട്ടാക്കട. കേരളാ സർക്കാരിന്റെ സാംസ്കാരിക വകുപ്പിൽ മലയാളം മിഷൻ ഡയറക്ടറായി പ്രവർത്തിക്കുകയാണ് ഇദ്ദേഹം.




കണ്ണട, ഒരു കർഷകന്റെ ആത്മഹത്യാ കുറിപ്പ്, രേണുക, മനുഷ്യനാകണം തുടങ്ങി മലയാളികളുടെ ഹൃദയത്തെ സ്പർശിച്ച ഒട്ടനവധി കവിതകളുടെ ശില്പിയാണ് മുരുകൻ കാട്ടാകട. മാനത്തെ മാരികുറുമ്പേ എന്ന പുലിമുരുകനിലെ ഗാനം എഴുതിയത് മുരുകൻ കാട്ടാക്കടയാണ്. ഇരുപതോളം സിനിമകൾക്ക് പാട്ടെഴുതി. ഒപ്പം നാടക ഗാനങ്ങൾക്കും വരികൾ എഴുതി.

2024 ജൂലൈ 18 മുതൽ 20 വരെ റോക്ക് വിൽ.ബെഥസ്ഡ നോർത്ത് മാരിയറ്റ് ഹോട്ടൽ & കൺവെൻഷൻ സെന്റർ ആണ് കൺവെൻഷന് വേദിയാകുന്നത്. കൺവെൻഷൻ ഒരു ചരിത്ര സംഭവമാക്കാനുള്ള ഒരുക്കങ്ങൾ നടന്നു വരുന്നതായി പ്രസിഡന്റ് ബാബു സ്റ്റീഫൻ പറഞ്ഞു.

പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, ട്രഷറർ ബിജു ജോൺ, എക്സ്. വൈസ് പ്രസിഡന്റ് ഷാജി വർഗീസ്, ട്രസ്റ്റി ബോർഡ് ചെയർമാൻ സജി പോത്തൻ, വൈസ് പ്രസിഡന്റ് ചക്കോ കുര്യൻ, ജോയിന്റ് സെക്രട്ടറി ജോയി ചാക്കപ്പാൻ, അഡിഷണൽ ജോയിന്റ് സെക്രട്ടറി സോണി അമ്പൂക്കൻ, ജോയിന്റ് ട്രഷർ ഡോ. മാത്യു വർഗീസ്, ജോയിന്റ് അഡീഷണൽ ട്രഷറർ ജോർജ് പണിക്കർ, വിമെൻസ് ഫോറം ചെയർ ഡോ. ബ്രിഡ്ജർ ജോർജ് , കൺവെൻഷൻ ചെയർ ജോൺസൺ തങ്കച്ചൻ, കൺവെൻഷൻ പ്രസിഡന്റ് വിപിൻ രാജ്, കൺവെൻഷൻ ഫിനാൻസ് ഡയറക്ടർ നോബിൾ ജോസഫ്, കൺവെൻഷൻ കൺവീനർ ജെയിംസ് ജോസഫ് , കൺവെൻഷൻ കോർഡിനേറ്റർ കുര്യൻ പ്രക്കാണം, കൺവംൻഷൻ ചെയർ വിജോയ് പട്ടമാടി, ജിജോ ആലപ്പാട്ട്, ലീല മാരേട്ട്, ഡോ ഷൈനി രാജു എന്നിവരുടെ നേതൃത്വത്തിൽ കൺവെൻഷൻ വൻ വിജയമാക്കാനാനുള്ള ശ്രമത്തിലാണ് അണിയറ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്.


JAIBU
MATHEW
ACCOUNTING
& INCOME TAX SERVICES
We listen and prepare tax
with your needs in mind!
JAIBU MATHEW
KULANGARA
& ASSOCIATES
With Over
35 Years Experience!
TAX 2023
For Personal
& Business
TAX SERVICE
In Chicago
Tel: 1-773-792-2117
www.jaibu.com | tax@jaibu.com

# 2023ലെ ന്യൂയോർക്ക് കർഷകശ്രീ – പുഷ്പശ്രീ അവാർഡുകൾ പ്രഖ്യാപിച്ചു

## ഡോ. ഗീതാ മേനോൻ പുഷ്പശ്രീ; ജോസഫ് കുരിയൻ [രാജു] കർഷകശ്രീ




**മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: അമേരിക്കയിലെ ജീവിത സാഹചര്യത്തിലും കൃഷിയോട് താല്പര്യമുള്ള ധാരാളം മലയാളികൾ നമുക്ക് ചുറ്റുമുണ്ട്. ന്യൂയോർക്ക് സിറ്റിയിലും പരിസര പ്രദേശങ്ങളിലും ജീവിക്കുന്നവർക്ക് അധികം വലിയ സ്ഥല സൗകര്യങ്ങൾ ഇല്ലെങ്കിലും, സ്വന്തം വീടിന്റെ പിന്നാമ്പുറങ്ങളിലും വശങ്ങളിലുമുള്ള പരിമിതമായ സ്ഥലത്ത് ഗ്രോ ബാഗിലും ചട്ടികളിലുമൊക്കെയായി കൃഷി ചെയ്യുന്നവർ വിരളമല്ല. ന്യൂയോർക്കിലെ പ്രതികൂല കാലാവസ്ഥാ സാഹചര്യത്തിലും ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ആറ് മാസക്കലത്തെ വേനൽക്കാല ദിനങ്ങളെ മാത്രം ആശ്രയിച്ചാണ് കൃഷിയിൽ താൽപ്പര്യമുള്ളവർ പച്ചക്കറി തൈകൾ നട്ട് ചെറിയ പച്ചക്കറി തോട്ടത്തെ പരിപാലിക്കുന്നത്. അതിൽ മിക്കവാറും പേര് ആഴ്ചയിൽ നാൽപ്പതു മണിക്കൂറിൽ കുറയാതെ ജോലി ചെയ്യുന്നവരുമാണ്. ജോലി കഴിഞ്ഞു കിട്ടുന്ന ചുരുങ്ങിയ നേരങ്ങളിൽ കൃഷിയെ പരിപോഷിച്ച് സ്വന്തം ഭവനത്തിലേക്ക് ആവശ്യമുള്ള എല്ലാവിധ പച്ചക്കറികളും നാലോ അഞ്ചോ മാസം എന്ന പരിമിത സമയത്തിനുള്ളിൽ പരിമിത സ്ഥലത്തു നിന്നും ഉൽപ്പാദിപ്പിക്കുന്നു. അത്തരം കൃഷി തൽപ്പരരെ പ്രോത്സാഹിപ്പിക്കുന്നതിനായി ന്യൂയോർക്കിലെ ക്വീൻസ് – ലോങ്ങ് ഐലൻഡ് കേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന ''അമേരിക്കൻ കർഷകശ്രീ ന്യൂയോർക്ക്'' എന്ന കൂട്ടായ്മ 2009 മുതൽ നടപ്പിലാക്കി വരുന്ന പ്രോത്സാഹന അവാർഡാണ് 'കർഷകശ്രീ അവാർഡ്'.

വീടുകളുടെ പിന്നാമ്പുറങ്ങളിൽ നടത്തുന്ന കൃഷി പരിപാലനത്തിനാണ് കർഷകശ്രീ അവാർഡ് നല്കിവന്നിരുന്നതെങ്കിൽ വീടുകളുടെ മുൻവശം മനോഹരമാക്കുന്നതിന് പരിപാലിച്ചു വരുന്ന പൂന്തോട്ടങ്ങൾക്ക് ഒരു അവാർഡ് നൽകണമെന്ന് പ്രസ്തുത കൂട്ടായ്മക്ക് ആശയം ഉദിച്ചതിനാൽ 2021 മുതൽ ഏറ്റവും മികച്ച പൂന്തോട്ട പരിപാലനത്തിന് 'പുഷ്പശ്രീ അവാർഡ്' ഏർപ്പെടുത്തി. തുടർച്ചയായി പതിനഞ്ചു വർഷമായി നടത്തി വരുന്ന കർഷകശ്രീയുടെയും കഴിഞ്ഞ മൂന്നു വർഷമായി നടത്തി വരുന്ന പുഷ്പശ്രീയുടെയും 2023-ലെ ജേതാക്കളെ ഇപ്പോൾ സംഘാടകർ പ്രഖ്യാപിച്ചു.

ന്യൂഹൈഡ് പാർക്ക് മൻഹാസ്സെറ്റ് ഹിൽസിൽ താമസിക്കുന്ന ഡോ. ഗീതാ മേനോനാണ് 2023-ലെ ''പുഷ്പശ്രീ'' അവാർഡിനായി തെരഞ്ഞെടുക്കപ്പെട്ടത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ്. പഠനം പൂർത്തീകരിച്ച് വിവാഹശേഷം തൊണ്ണൂറുകളുടെ ആദ്യ പാദത്തിൽ ന്യൂയോർക്കിലെത്തിയ ഡോ. ഗീത ന്യൂയോർക്കിൽ നിന്നും മെഡിക്കൽ റെസിഡൻസി ചെയ്തതിനു ശേഷം ബോസ്റ്റൺ മാസ്സെച്ചുസെറ്റ്സ് യൂണിവേഴ്സിറ്റിയിൽ നിന്നും ഫെൽലോഷിപ്പും കരസ്ഥമാക്കി സൈക്കിയാട്രിയിൽ പ്രാക്ടീസ് ചെയ്യുന്ന തിരക്കേറിയ ഒരു ഡോക്ടറാണ്. തിരക്ക്പിടിച്ച ജോലിക്കിടയിലും സമയം കണ്ടെത്തി സ്വന്തം വീടും പരിസരവും ഏറ്റവും മനോഹരമായി സൂക്ഷിക്കണം എന്ന നിർബന്ധത്താൽ മനോഹരമായ ഉദ്യാനം പരിപാലിച്ച് പ്രകൃതിയെയും മനുഷ്യരെയും ഒരുപോലെ സ്നേഹിക്കുന്ന ഡോക്ടർ ഗീത തന്നെയാണ് ഈ വർഷത്തെ പുഷ്പശ്രീ അവാർഡിന് ഏറ്റവും യോഗ്യ എന്ന് സംഘാടകർ വിധിയെഴുതി. കമ്പ്യൂട്ടർ വിദഗ്ദ്ധനും ഒരു പ്രമുഖ ഐ.ടി. സ്ഥാപനത്തിന്റെ ഉടമയുമായ പത്മകുമാറാണ് ഡോ. ഗീതയുടെ ജീവിത പങ്കാളിയും ഉദ്യാന പരിപാലനത്തിൽ സഹായിയും. നോർത്ത് വെൽ ആശുപത്രിയിലെ അസിസ്റ്റന്റ് ഫാക്കൽറ്റിയായ ഡോ. ഗീത ന്യൂഹൈഡ് പാർക്കിലെ ലേക്ക്സക്സസ്സിൽ സൈക്കിയാട്രി-ജെറിയാട്രി ഡോക്ടറായി സ്വന്തം ക്ലിനിക്കും നടത്തി വരുന്നു.

കോട്ടയം പേരൂർ സ്വദേശിയും ന്യൂഹൈഡ് പാർക്കിൽ ദീർഘകാലമായി താമസിച്ചു വരുന്നതുമായ ജോസഫ് കുര്യനാണ് (രാജു) ''കർഷകശ്രീ'' അവാർഡിന് ഈ വർഷം അർഹനായത്. അടുത്തടുത്ത് രണ്ട് വീടുകൾ സ്വന്തമായുള്ള ജോസഫ് രണ്ടു വീടുകളുടെയും പുറകിലുള്ള പരിമിതമായ സ്ഥലത്ത് ജി.ഐ. പൈപ്പുകൾ ഉപയോഗിച്ച് സ്ഥിരം കൃഷിത്തോട്ടം രൂപപ്പെടുത്തുകയും എല്ലാ വർഷങ്ങളിലും അവിടെ കൃഷി നടത്തി വരുകയും ചെയ്യുന്ന വ്യക്തിയാണ്. മുന്തിരി, പാവൽ, പയർ, പച്ചമുളകുകൾ, ബീൻസുകൾ, പടവലങ്ങ, വഴുതന, മത്തങ്ങ, ചുരയ്ക്ക, കുമ്പളങ്ങാ, തക്കാളി, കറിവേപ്പില തുടങ്ങി ഡസ്സൻ കണക്കിന് പച്ചക്കറികളാണ് കൃഷി ചെയ്യുന്നത്.

# ഇ – മലയാളി വാരികയ്ക്ക്
# ആശംസകൾ



## ഡോ. കല അശോക്


**ഫൊക്കാനക്ക് പുതിയ മേൽവിലാസം നൽകിയ ജനറൽ സെക്രട്ടറി.**
**പ്രശസ്ത നർത്തകിയും കലാ–സംസ്കാരിക പ്രവർത്തകയും.**
**ഫൊക്കാനയുടെ നാല് പതിറ്റാണ്ടിലെ ആദ്യ വനിതാ ജനറൽ സെക്രട്ടറി.**
**2024–26 ലെ പ്രസിഡന്റ് സ്ഥാനാർഥി**








# ന്യൂയോർക്ക് പുഷ്പശ്രീ ജേതാക്കൾ







സ്വന്തം വീട്ടിലേക്കും സ്വന്തക്കാരുടെയും സുഹൃത്തുക്കളുടെയും വീടുകളിലേയ്ക്കും കൊടുത്തതിനു ശേഷം മിച്ചം വരുന്ന പച്ചക്കറികൾ ഫ്രീസറിൽ സൂക്ഷിച്ച് ഏകദേശം ഒരു വർഷത്തേക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ക്രമീകരിക്കുന്ന വ്യക്തിയാണ് രാജു എന്ന് വിളിക്കപ്പെടുന്ന ജോസഫ്. ന്യൂയോർക്ക് യൂണിവേഴ്സിറ്റി ലാൻഗോൺ ആശുപത്രിയിൽ ആർ.എൻ. നേഴ്സ് കോർഡിനേറ്റർ ആയി പ്രവൃത്തിക്കുന്ന രാജു തിരക്ക് പിടിച്ച ജോലിക്കിടയിലും കൃഷിയെ അതിമനോഹരമായി പരിപാലിക്കുന്നതിൽ അതീവ തല്പരനാണ്. രജിസ്റ്റേർഡ് നേഴ്സ് ആയ സഹധർമ്മിണി ഗീതയുടെ നിസ്സീമമായ കരുതലും പിന്താങ്ങലും രാജുവിന്റെ കൃഷിത്തോട്ടങ്ങളെ പരിപാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും എന്നും സഹായകരമാകുന്നു എന്നത് മറക്കാനാവാത്ത യാഥാർഥ്യമാണ്.

ന്യൂയോർക്കിലെ പ്രശസ്ത സാമൂഹിക പ്രവർത്തകയും ഇന്ത്യൻ നേഴ്സസ് അസ്സോസ്സിയേഷൻ ഓഫ് ന്യൂയോർക്കിൻറെ (ഐനാനി-INANY) പ്രസിഡന്റും നേഴ്സിങ് പ്രാക്ടീഷണറുമായ ഡോ. അന്നാ ജോർജ്ജാണ് പുഷ്പശ്രീ''-യുടെ രണ്ടാം സ്ഥാനക്കാരി. മനോഹരമായ പുഷ്പോദ്യാനമാണ് ഡോ. അന്ന സ്വന്തം വീടിന്റെ അങ്കണത്തിൽ ഒരുക്കിയിരിക്കുന്നത്. ജീവിത പങ്കാളിയായ ജോർജ്ജ് നമ്പ്യാപറമ്പിൽ പൂന്തോട്ടം നല്ല രീതിയിൽ വളർത്തിയെടുക്കുന്നതിലും നിലനിർത്തുന്നതിലും ഡോ. അന്നയോടൊപ്പം എന്നും തണലായി നിൽക്കുന്നു എന്നത് അന്നയ്ക്ക് എന്നും പ്രചോദനമാണ്. പുഷ്പങ്ങളെയും പ്രകൃതി സൗന്ദര്യത്തെയും വളരെയധികം ഇഷ്ടപ്പെടുന്ന ഡോ. അന്ന നല്ലൊരു മനുഷ്യസ്നേഹിയും സംഘാടകയും കൂടിയാണ്.

കരുനാഗപ്പള്ളി സ്വദേശിയും കർഷക കുടുംബത്തിൽ ജനിച്ചു വളർന്നതുമായ പ്രസന്ന കുമാറാണ് ''കർഷകശ്രീ'' അവാർഡിൽ രണ്ടാം സ്ഥാനക്കാരനായത്. ഫ്ലോറൽപാർക്കിൽ സ്ഥിര താമസക്കാരനായ പ്രസന്നൻ തന്റെ ഭവനത്തിന്റെ പിൻഭാഗത്തുള്ള ചുരുങ്ങിയ വിസ്തൃതിയിൽ വളരെ മനോഹരമായാണ് കൃഷിയിടം രൂപപ്പെടുത്തിയിരിക്കുന്നത്. വിവിധ തരം പച്ചക്കറികൾ ഗ്രോ ബാഗിലും ചെടിച്ചട്ടികളിലുമായി നട്ടു പിടിപ്പിച്ച് ദിവസവും വെള്ളവും വളവും നൽകി പരിപാലിച്ച് വളർത്തുന്ന ഒരു ചെറിയ കർഷകനാണ് പ്രസന്ന കുമാർ. ഓവർടൈം ഉൾപ്പടെ ആഴ്ചയിൽ അറുപത് മണിക്കൂറുകളോളം തന്റെ ജോലിയിടത്ത് സമയം ചിലവഴിക്കുന്നെങ്കിലും വീട്ടിൽ ഉള്ളപ്പോഴെല്ലാം കൃഷികാര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ കൃഷിയിൽ നിന്നും നല്ല വിളവാണ് പ്രസന്നൻ ഉൽപ്പാദിപ്പിക്കുന്നത്.

ദീർഘമായ മുപ്പത്തിയാറ് വർഷം അമേരിക്കൻ പോസ്റ്റൽ സർവ്വീസിൽ സേവനം അനുഷ്ഠിച്ചതിന് ശേഷം വിരമിച്ച് കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ജസ്റ്റിൻ ജോൺ വട്ടക്കളമാണ് ''കർഷകശ്രീ''-യിൽ മൂന്നാം സ്ഥാനം കാരസ്ഥമാക്കിയിരിക്കുന്നത്. കോട്ടയം കുമരകം സ്വദേശിയായ ജസ്റ്റിൻ സഹധർമ്മിണി ബിന്ദുവും മൂന്നു മക്കളുമായി സ്ഥിരതാമസം ആക്കിയിരിക്കുന്ന ബെല്ലറോസിലെ വീടിന് ചുറ്റുമുള്ള സ്ഥലത്ത് നല്ല പച്ചക്കറി തോട്ടമാണ് എല്ലാ വർഷവും വളർത്തുന്നത്. ബെല്ലറോസിൽ താമസം ആയ കാലം മുതൽ വേനൽക്കാല കൃഷി ചെയ്യുന്നതിൽ ജസ്റ്റിൻ താല്പര്യമുള്ള വ്യക്തിയാണ്. പരിമിത സൗകര്യങ്ങളിൽ മനോഹരമായി കൃഷി ചെയ്ത് നല്ല വിളവെടുക്കുന്ന ഒരു ചെറു കർഷകനായതിനാലാണ് സംഘാടക സമിതി ജസ്റ്റിനെ മൂന്നാം സ്ഥാനത്തേക്ക് തെരഞ്ഞെടുത്തത്.

ക്വീൻസിലെ ന്യൂയോർക്ക് ആശുപത്രിയിൽ ദീർഘകാലം നേഴ്സ് ആയി സേവനം അനുഷ്ഠിച്ച് വിരമിച്ച ഏലിയാമ്മ ജോൺസനാണ് ''പുഷ്പശ്രീ''-യിൽ മൂന്നാം സ്ഥാനം. യാക്കോബായ സഭാ കമാണ്ടർ കോട്ടയം കുമരകം വഴവേലിത്തറ ജോൺസൺ മാത്യുവിൻറെ സഹധർമ്മിണിയായ ഏലിയാമ്മ തന്റെ വിശ്രമ സമയത്ത് ഉദ്യാന പരിപാലനത്തിനായി ധാരാളം സമയം ചിലവഴിക്കുന്ന വ്യക്തിയാണ്. വളരെയധികം മാനസീകോല്ലാസം കണ്ടെത്തുന്ന ഒരു പ്രവർത്തിയാണ് ഏലിയാമ്മക്ക് ഉദ്യാന പരിപാലനം. ന്യൂഹൈഡ് പാർക്കിലുള്ള തങ്ങളുടെ സ്വന്തം ഭവനത്തിന് മുൻവശം മനോഹരമാക്കുവാൻ വിവിധങ്ങളായ പുഷപച്ചെടികളാണ് ഏലിയാമ്മ നട്ടു വളർത്തുന്നത്. മഞ്ഞുകാലമാകുമ്പോൾ ഭൂമിക്കടിയിൽ ഒളിക്കുന്ന വിവിധ തരം ലില്ലിച്ചെടികൾ വേനല്ക്കാലമാകുമ്പോൾ പതിയെ തല പൊന്തിച്ചു വരുന്നത് കാണുമ്പോൾ തന്നെ ഏലിയാമ്മയുടെ മനസ്സിലും സന്തോഷത്തിൻറെ പൂമൊട്ടുകൾ വിരിഞ്ഞു തുടങ്ങും. പിന്നീടങ്ങോട്ട് ഉദ്യാന പരിപാലനം മാത്രം ഹോബി.

ഈ വർഷം ധാരാളം മത്സരാർഥികൾ കർഷകശ്രീ മത്സരത്തിനും പുഷ്പശ്രീ മത്സരത്തിനും ഉണ്ടായിരുന്നതിനാൽ വിജയികളെ തെരഞ്ഞെടുക്കുന്നത് വളരെ ദുഷ്കരമായ ഉത്തരവാദിത്തമായിരുന്നുവെന്ന് സംഘാടക സമിതി ചെയർമാൻ ഫിലിപ്പ് മഠത്തിൽ പറഞ്ഞു. ന്യൂയോർക്ക് ചുറ്റുവട്ടത്തിൽ ധാരാളം മലയാളികൾ തങ്ങളുടെവീടിനു ചുറ്റും കൃഷി ചെയ്യുന്നതിനാൽ മത്സരത്തിന് മാറ്റ് കൂട്ടി. വരും വർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും ഉദ്യാനം വളർത്തിയെടുക്കുന്നതിനും പ്രോത്സാഹജനകമാണ് ഈ അവാർഡുകൾ എന്നും ഫിലിപ്പ് പറഞ്ഞു. വിജയികൾക്ക് അധികം താമസിയാതെ തന്നെ നല്ലൊരു പൊതുയോഗം വിളിച്ചു ചേർത്ത് അവാർഡുകൾ നൽകുന്നതിനുള്ള ക്രമീകരണങ്ങളാണ് സംഘാടകർ ചെയ്യുന്നത്.

''കർഷകശ്രീ''-ക്കുള്ള ഒന്നാം സമ്മാനമായ എവർ റോളിങ്ങ് ട്രോഫി പ്രമുഖ വ്യവസായിയും എറിക് ഷൂസ്, ഹാനോവർ ബാങ്ക് എന്നിവയുടെ സാരഥിയുമായ വർക്കി എബ്രഹാമാണ് സ്പോൺസർ ചെയ്തിരിക്കുന്നത്. ''പുഷ്പശ്രീ''-യുടെ ഒന്നാം സമ്മാനമായി എവർ റോളിങ്ങ് ട്രോഫി ഡാളസിലുള്ള പ്രമുഖ വ്യവസായിയും യാക്കോബായ സഭാ കമ്മാൻഡറുമായ വർഗ്ഗീസ് ചാമത്തിലാണ് സ്പോൺസർ ചെയ്തിരിക്കുന്നത്. 2022-ലെ വിജയികൾക്ക് മുൻ മന്ത്രി മോൻസ് ജോസഫ്, എം.എൽ.എ. മാണി സി കാപ്പൻ എന്നിവർ ചേർന്നാണ് ട്രോഫികൾ സമ്മാനിച്ചത്. കൂടുതൽ വിവരങ്ങൾക്ക് : 917-459-7819.



പുതിയ കാഴ്ചപ്പാട്,
തെളിയിക്കപ്പെട്ട
മികച്ച നേതൃപാടവം
ഫോമയെ പുതിയ
തലത്തിലേക്കുയർത്തുവാൻ
വ്യക്തമായ കർമ്മപരിപാടികൾ
തോമസ് ടി ഉമ്മൻ
ഫോമാ പ്രസിഡന്റ്
സ്ഥാനത്തേക്ക് (2024 – 26)
സാദരം നിങ്ങളുടെ
പിന്തുണ അഭ്യർത്ഥിക്കുന്നു

# വേൾഡ് മലയാളീ കൗൺസിൽ ന്യൂ യോർക്ക് പ്രൊവിൻസിന് പുതിയ സാരഥികൾ




ന്യൂ യോർക്ക് : രണ്ടായിരത്തി ഇരുപത്തിനാല് ജനുവരി 21 നു സ്റ്റാറ്റൻ ഐലൻഡിൽ വെച്ച് നടന്ന ക്രിസ്മസ് ന്യൂ ഇയർ ആഘോഷ വേളയിൽ വേൾഡ് മലയാളീ കൌൺസിൽ ന്യൂ യോർക്ക് പ്രൊവിൻസിന്റെ പുതിയ സാരഥികൾ അധികാരമേറ്റു. വേൾഡ് മലയാളീ കൌൺസിൽ ഗ്ലോബൽ ജനറൽ സെക്രട്ടറി പിന്റോ കണ്ണംപള്ളി സത്യവാങ്മൂലം ചൊല്ലിക്കൊടുത്തു. അതിനു ശേഷം വർണ്ണാഭമായ കലാരൂപങ്ങൾ അരങ്ങേറി. ജിബി ആൻഡ് ടീമിൻറെ പ്രാർത്ഥന ഗാനത്തോട് കലാ മാമാങ്കം ആരംഭിച്ചു. സംഗീത, ഇന്ദ്ര, ലീന ,ജാനകി , പാർവതി , റീന എന്നിവർ അവതരിപ്പിച്ച ജിപ്സി ഡാൻസ് , ഡോളമ്മ, ആഷ്ലി , അഞ്ജന , ഇവ,ലീവിയ എറിൻ, സൊഫീയ ടീമിന്റെ നൃത്ത രൂപം , കാർത്തിയുടെ നാടോടി നൃത്തം എല്ലാം ഹൃദ്യമായിരുന്നു. ഗ്രേസ് ജോൺ,ഹീരാ പോൾ , ടോബിൻ സണ്ണി, റേച്ചൽ ഡേവിഡ് , സന്തോഷ് പുനലൂർ, റീന സാബു എന്നിവർ ഒരു സംഗീത സായാഹ്നം തന്നെ ഒരുക്കി. ണങ്ങള ന്യൂ യോർക്ക് പ്രൊവിൻസ് ഗായക സംഘത്തിന്റെ ഗാനം ശ്രവണ സുന്ദരമായിരുന്നു.

ണങ്ങള അമേരിക്കൻ റീജിയൻ ചെയർമാൻ ചാക്കോ കൊയ്ക്കേലേത് , ണങ്ങള ഗ്ലോബൽ ജനറൽ സെക്രട്ടറി പിന്റോ കണ്ണംപള്ളി , അമേരിക്കൻ റീജിയൻ ജനറൽ സെക്രട്ടറി അനീഷ് ജെയിംസ് എന്നിവർ സന്നിഹിതരായിരുന്നു. ഡോളമ്മ പണിക്കർ നന്ദി പ്രകാശനം നടത്തി. ങള ഡെറ്റി ഡാർലി അഭിനന്ദനീയമായ പ്രകടനം കാഴ്ചവെച്ചു. ജോയിന്റ് സെക്രട്ടറി ഡോളമ്മ പണിക്കർ, ജോയിന്റ് ട്രഷറർ ഏലിയാമ്മ മാത്യു എന്നിവരുടെ സംഘാടന മികവിന്റെ ഒരു നേർകാഴ്ച യാണ് ഇവിടെ അരങ്ങേറിയത്. വിഭവ സമൃദ്ധമായ പുതുവത്സര സദ്യയോട് കൂടി ആഘോഷം സമാപിച്ചു.

പുതുതായി തിരഞ്ഞെടുത്ത ഭാരവാഹികൾ :

| | | |
|---|---|---|
| ചെയർമാൻ | : | മോൻസി വർഗീസ് |
| പ്രസിഡന്റ് | : | പ്രൊഫ. സാം മണ്ണിക്കരോട്ട് |
| വൈസ് പ്രസിഡന്റ് | : | റേച്ചൽ ഡേവിഡ് |
| സെക്രട്ടറി | : | ജോർജ് കെ. ജോൺ |
| ജോയിന്റ് സെക്രട്ടറി | : | പിങ്കി ആൻ തോമസ് |
| ട്രഷറർ | : | ജോർജ് കുട്ടി വേങ്ങൽ |
| ജോയിന്റ് ട്രഷറർ | : | ഏലിയാമ്മ മാത്യു |
| വിമെൻ 'സ് ഫോറം പ്രസിഡന്റ് | : | ഡോളമ്മ പണിക്കർ |
| കൾച്ചറൽ ഫോറം കോഓർഡിനേറ്റർ | : | ഹീര പോൾ |




മികവിന്റെ പാതയിൽ മുന്നേറുന്ന
ഫൊക്കാനക്ക് പുതിയ ദിശാബോധം
പകർന്നു നൽകാൻ കുരുത്തുറ്റ നേതാവ്
സജിമോൻ ആന്റണി
ഫൊക്കാനയുടെ 2024 -26 കാലത്തെ
പ്രസിഡന്റായി വിജയിപ്പിക്കുക
പ്രവർത്തി പരിചയം, വ്യക്തമായ
കാഴ്ചപ്പാടുകൾ, ധീരമായ നിലപാടുകൾ

# ജീവിതഗന്ധിയായ പരിപാടികളുമായി കെ എച് എൻ എ വിരാട് 2025 ന്യൂ യോർക്കിൽ



ന്യൂ യോർക്ക്: കെ എച് എൻ എ  2025 സിൽവർ ജൂബിലി കൺവെൻഷൻ ന്യൂ യോർക്കിൽ ഡോ നിഷ പിള്ളയുടെ നേതൃത്വത്തിൽ അടുത്തവർഷം ജൂലൈയിൽ അരങ്ങേറാനിരിക്കെ കൺവെൻഷന്റെ ഒരുക്കങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അമേരിക്കയിലെ പ്രവാസി ഹിന്ദുക്കളുടെ വരും തലമുറയ്ക്ക് ആത്മീയവഴിയിലൂടെ മുന്നേറാൻ പാകത്തിന് വിവിധങ്ങളായ പരിപാടികളാണ് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്.

### ഡോ. നിഷാ പിള്ള

പരിപാടികളുടെ നടത്തിപ്പിനായി ഒരു സ്പിരിചൽ ഫോറം രൂപീകരിച്ചിട്ടുണ്ട്. ശ്രീ പാർത്ഥസാരഥി പിള്ളയാണ് അതിന്റെ കോർഡിനേറ്റർ. എല്ലാ വാരാന്ത്യങ്ങളിലും അംഗങ്ങൾക്കായി ആത്മീയ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുകയാണ് ലക്ഷ്യം. ആദ്യപടിയെന്നവണ്ണം ഡോ പദ്മജ പ്രേം നടത്തിയ പ്രഭാഷണം വമ്പിജയമായതായി പ്രസിഡണ്ട് നിഷാ പിള്ള പറഞ്ഞു.

### അനഘ ഹരീഷ്

അടുത്ത ശനിയാഴ്ച കെ എച് എൻ എ ഓഡിറ്റ് ഫോറത്തിന്റെ നേതൃത്വത്തിൽ ടാക്സ് അപ്ഡേറ്റ് ആൻഡ് ടാക്സ് പ്ലാനിങ് എന്ന പരിപാടിയായിരിക്കും. അശോക് മേനോൻ സി പി എ, ബാബു ഉത്തമൻ സി പി എ എന്നിവരായിരിക്കും ഇതിനു നേതൃത്വം നൽകുക.

### ഡോ. പദ്മജ പ്രേം

കെ എച് എൻ എ ഒരു ആത്മീയ  സംഘടന എന്നതിലുപരി അമേരിക്കയിൽ ജീവിക്കുന്ന അംഗങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമായ കാര്യങ്ങളിലേക്ക് കൂടുതൽ വെളിച്ചം വീശുന്ന പരിപാടികളും പുതു തലമുറയെ സാംസ്കാരികമായി ഉയർത്താനുമുതകുന്ന പരിപാടികൾ വേണം എന്ന എക്സിക്യൂട്ടീവ് കമ്മറ്റിയുടെ വിലയിരുത്തലിനെ തുടർന്നാണ് ഇത്തരം പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നത്.

### അശോക് മേനോൻ സി.പി.എ

അതിന്റെ ഭാഗമായി  ഫെബ്രുവരി 4ന് കുട്ടികൾക്കായുള്ള ' ലോലി പോപ്' എന്ന പരിപാടിയുടെ ഉത്ഘാടനം നടക്കും. കുട്ടികളും മാതാപിതാക്കളും മുത്തശി മുത്തശ്ശന്മാരും അടങ്ങുന്ന പരിപാടിയാണ് ഇത്. കുട്ടികൾക്കായി കഥയും കവിതയും മന്ത്രങ്ങളും വഴി പുരാണേതിഹാസങ്ങൾ പരിചയയപ്പെടുത്തിക്കൊടുക്കുന്ന പരിപാടിയാണ് ലോലി പോപ്പ്. ഇതിനോടകം തന്നെ ഏറെ പ്രശംസ പിടിച്ചുപറ്റിയ ഈ പരിപാടിയിൽ നൂറ്റിമുപ്പതോളം കുട്ടികൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

### ബാബു ഉത്തമൻ സി.പി.എ


മറ്റൊന്ന് കെ എച് എൻ എ യുടെ പ്രസിദ്ധീകരണമായ അഞ്ജലിയും സുവനീറും പ്രസിദ്ധീകരിക്കുന്നതിനായി ശ്രീമതി അനഘ സുരേഷിന്റെ നേതൃത്തത്തിൽ കമ്മറ്റി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞതായി ഡോ. നിഷാ പിള്ള അറിയിച്ചു. അതുപോലെതന്നെ കാനഡയിൽനിന്നുള്ള ഡോ സുകുമാറിന്റെ നേതൃത്വത്തിൽ ലിറ്ററി ഫോറം സജീവമായി പ്രവർത്തിക്കാനാരംഭിച്ചതായും അവർ പറഞ്ഞു.


TAX PREPARATION SPECIALISTS
JOSEPH & ASHLEY KURIAPPURAM CPA



- FOREIGN INCOME COMPLIANCES
- WE WORK IN ALL FIFTY STATES
- PERSONAL AND BUSINESS RETURNS
- BUSINESS START-UPS
- ITIN PROCESSING
- FREE CONSULTATION & e-FILING
- 24/7 CUSTOMER SERVICE
- OPEN 7 DAYS, 9:00 AM TILL MIDNIGHT

U S TAX SERVICES
111 MAIN STREET, SUITE 2, NANUET, NEW YORK 10954
Phone. (845) 215-5601 Cell. (845) 507-2667 | Email: usincometax@gmail.com


HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com

# ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ
## ഫ്ലോറൽ പാർക്ക് സെന്റ് ഗ്രിഗോറിയോസ് ഇടവകയിൽ ആരംഭിച്ചു



**ഉമ്മൻ കാപ്പിൽ**

ഫ്ലോറൽ പാർക്ക് (ന്യൂയോർക്ക്): മലങ്കര സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/ യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്ക് ഓഫ് ജനുവരി 28 ഞായറാഴ്ച ഫ്ലോറൽ പാർക്ക് ചെറി ലെയ്നിൽ സ്ഥിതി ചെയ്യുന്ന സെന്റ് ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് ഇടവകയിൽ ആരംഭിച്ചു.

ഫാമിലി/ യൂത്ത് കോൺഫറൻസ് കമ്മിറ്റിയുടെ പ്രതിനിധി സംഘം ജനുവരി 28-ന് ഇടവക സന്ദർശിച്ചു. വികാരി ഫാ. ഗ്രിഗറി വർഗീസ് കോൺഫറൻസ് പ്രതിനിധികളെ ഇടവകയിലേക്ക് സ്വാഗതം ചെയ്യുകയും കോൺഫറൻസിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ബിനു കൊപ്പാറ (സഭാ മാനേജിങ് കമ്മിറ്റി അംഗം), മാത്യു ജോഷ്വ (കോൺഫറൻസ് ട്രഷറർ), ദീപ്തി മാത്യു (സുവനീർ എഡിറ്റർ), ഷിബു തരകൻ (കോൺഫറൻസ് ജോയിന്റ് സെക്രട്ടറി), രഘു നൈനാൻ, ബിപിൻ മാത്യു (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ ) തുടങ്ങിയവർ പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നു.

പ്രേംസി ജോൺ (കോൺഫറൻസ് ഫൈനാൻസ് കമ്മിറ്റി അംഗം) കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തി. ബിനു കൊപ്പാറ വർഷങ്ങളായി കോൺഫറൻസിൽ പങ്കെടുത്തതിന്റെ അനുഭവം പങ്കുവെക്കുകയും എല്ലാ സഭാംഗങ്ങളെയും പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.



കോൺഫറൻസിനോട് അനുബന്ധിച്ചു നടക്കുന്ന വിവിധ പരിപാടികളുടെ വിശദാംശങ്ങൾ ഷിബു തരകൻ നൽകുകയും സഭാംഗങ്ങളുടെ പങ്കാളിത്തം അഭ്യർത്ഥിക്കുകയും ചെയ്തു.

മാത്യു ജോഷ്വ രജിസ്ട്രേഷനെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകി. തുടർന്ന് കോൺഫറൻസിന്റെ ആദ്യ ദിവസം വിൻധം റിസോർട്ടിന് സമീപമുള്ള സൈറ്റ് & സൗണ്ട് തിയേറ്ററിൽ നടക്കുന്ന ഡാനിയൽ ഷോയിൽ പങ്കെടുക്കാൻ ലഭ്യമായ പ്രത്യേക ഓഫർ വിശദീകരിച്ചു. ബിപിൻ മാത്യു റാഫിൾ ധനസമാഹരണ വിശദാംശങ്ങൾ അവതരിപ്പിച്ചു.


TOGETHER, WE CAN
FINISH THE JOB
FOR THE
AMERICAN
PEOPLE!
BIDEN
HARRIS
OFFICIAL STORE
SHOP ALL
DONATE
MADE IN AMERICA
PROUDLY
UNION PRINTED
OFFICIAL
CAMPAIGN MERCHANDISE
BEST SELLERS
CHANGES COLOR!
THE ORIGINAL!
20 24
Dark Roast Color-changing Mug
$32.00
BUY
Double-sided Big Head
$25.00
BUY
Dark Roast Mug
$22.00
BUY





ദീപ്തി മാത്യു സുവനീറിൽ ലേഖനങ്ങളും മറ്റു സർഗാത്മ സൃഷ്ടികളും ആശംസകളും പരസ്യങ്ങളും നൽകി സഹകരിക്കാനുള്ള മാർഗങ്ങളെക്കുറിച്ചും കോൺഫറൻസിൽ നടക്കുന്ന ടാലന്റ് ഷോയെക്കുറിച്ചും വിശദാംശങ്ങൾ നൽകി. രഘു നൈനാൻ സ്പോൺസർഷിപ് അവസരങ്ങളെപ്പറ്റി സംസാരിച്ചു.

ഇടവകയെ പ്രതിനിധീകരിച്ച് കെൻസ് ആദായി (ഇടവക സെക്രട്ടറി), മാത്യു മത്തൻ, ബിജു മത്തായി (ഇടവക ട്രസ്റ്റികൾ) എന്നിവർ സുവനീറിന്റെ പരസ്യം വാഗ്ദാനം ചെയ്തു. ഫാ. ഗ്രിഗറി വർഗീസും പ്രേംസി ജോണും ഡയമണ്ട് സ്പോൺസർമാരായി പിന്തുണ വാഗ്ദാനം ചെയ്തു.

ഫിയോണ ജോൺ, വർഗീസ് പോത്താനിക്കാട്, ഡോ. മിനി ജോർജ്, എബി മാത്യു, ഷീല ജോസ്, മേഘ മാത്യു, ഷീല ജോസ് (എംഎംവിഎസ് സെക്രട്ടറി), ജോയൽ തോമസ് (ഫോക്കസ് സെക്രട്ടറി), മേഘ മാത്യു (ഗ്രോ സെക്രട്ടറി), ആഞ്ചല നൈനാൻ (എംജിഒസിഎസ്എം സെക്രട്ടറി) രജിസ്ട്രേഷൻ, റാഫിൾ എന്നിവയിലൂടെ പിന്തുണ നൽകി.

ഉദാരമായി സഹകരിച്ച ഏവർക്കും പ്രേംസി ജോൺ നന്ദി പ്രകാശിപ്പിച്ചു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേ സ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും, സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നൽകും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി ''ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക'' (കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914.806.4595) / ചെറിയാൻ പെരുമാൾ, കോൺഫറൻസ് സെക്രട്ടറി (ഫോൺ. 516.439.9087) എന്നിവരുമായി ബന്ധപ്പെടുക.



MUKKUT
MONUMENTS INC.

PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com










We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# ഫൊക്കാന രാജ്യാന്തര കൺവെൻഷൻ
## ജൂലൈ 18 മുതൽ 20 വരെ വാഷിങ്ങ്ടൺ ഡി.സിയിൽ



തിരുവനന്തപുരം: നാല് പതിറ്റാണ്ടായി വടക്കെ അമേരിക്കയിലെ മലയാളി സംഘടനകളുടെ കേന്ദ്ര സംഘടനയായി പ്രവർത്തിക്കുന്ന ഫൊക്കാനയുടെ ഇരുപത്തിയൊന്നാമത് രാജ്യാന്തര കൺവെൻഷൻ ജൂലൈ 18 മുതൽ 20 വരെ വാഷിങ്ങ്ടൺ ഡി.സി യിൽ വെച്ച് നടക്കുമെന്ന് ഫൊക്കാന പ്രസിഡൻറ് ഡോ: ബാബു സ്റ്റീഫൻ പത്രസമ്മേളനത്തിൽ അറിയിച്ചു . വാഷിങ്ങ്ടൺ ഡി.സി യിലെ നോർത്ത് ബെഥസ്ഡ മോണ്ട്ഗോമറി കൗണ്ടി കൺവെൻഷൻ സെൻ്റർ അറ്റ് മാരിയറ്റ് ആണ് കൺവെൻഷന് വേദിയാകുന്നത് .

മുൻ കേന്ദ്രമന്ത്രിയും എം.പി യുമായ ശശി തരൂർ , ജോൺ ബ്രിട്ടാസ് എം.പി എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. മുഖ്യമന്ത്രി പിണറായി വിജയനെയും പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. കവി മുരുകൻ കാട്ടാക്കടയും രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖരും ഈ ജനകീയ കൺവെൻഷനിൽ പങ്കെടുക്കും .

എക്സിക്യൂട്ടീവ് കമ്മറ്റി ഉൾപ്പെടെ വിവിധ കമ്മറ്റികളുടെ നേതൃത്വത്തിൽ കൺവെൻഷൻ വൻ വിജയമാക്കാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നും , 60 അംഗസംഘടനകളിൽ നിന്നും ഉൾപ്പെടെ 1500 പ്രതിനിധികൾ കൺവെൻഷനിൽ പങ്കെടുക്കും. ബിസിനസ് മീറ്റ്,മീഡിയ സെമിനാർ, നേഴ്സസ് സെമിനാർ , വിമൻസ് ഫോറം, ലിറ്ററി അവാർഡ്, ടാലൻറ് കോംപെറ്റീഷൻസ് എന്നിവ ത്രിദിന കൺവെൻഷനിൽ നടക്കും. വൈവിധ്യമാർന്ന കലാപരിപാടികൾ ചടങ്ങിന് മാറ്റ് കൂട്ടും.

1983 ൽ രൂപീകരിച്ച ഫൊക്കാന നാളിതു വരെ ജന്മനാടിന്റെ പൈതൃകവും,സംസ്കാരവും ഉൾകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. നാടിനോടുള്ള കൂറും ,കടപ്പാടും കാത്തു സൂക്ഷിക്കുന്നു.

കഴിഞ്ഞ രണ്ട് വർഷകാലം ഡോ: ബാബു സ്റ്റീഫന്റെ നേതൃത്വത്തിലുള്ള ഭരണസമിതി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു .ഫൊക്കാന ഇന്റർനാഷണൽ ചാപ്റ്റർ ഡൽഹി,ബോംബെ , ബാംഗ്ലൂർ,ചെന്നൈ , മിഡിൽ ഈസ്റ് എന്നിവിടങ്ങളിൽ ആരംഭിച്ചു. ഫൊക്കാനയുടെ ആസ്ഥാന മന്ദിരത്തിനായി 250000 ഡോളർ ബാബു സ്റ്റീഫൻ സംഭാവന നൽകി. ഫൊക്കാന ഭവന പദ്ധതിയിൽ 10 വീടുകൾക്ക് 36 ലക്ഷം രൂപ, ഹൈസ്കൂൾ - നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, അശരണർക്ക് ആശ്വാസധനം എന്നിവ പ്രധാന പദ്ധതികളിൽപെടുന്നു. മലയാള ഭാഷയെ പരിപോഷിപ്പിക്കാൻ ' ഭാഷക്കൊരു ഡോളർ ' ഫൊക്കാനയുടെ അഭിമാന പദ്ധതിയാണ്.

ഫൊക്കാനയുടെ ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ ഒരു കൺവെൻഷനാണ് വാഷിങ്ങ്ടൺ ഡി.സി വേദിയാവാൻ പോകുന്നതെന്നും ബാബു സ്റ്റീഫൻ പറഞ്ഞു.




LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

# ബ്രോങ്ക്സ് സെൻറ് മേരീസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് ഉജ്ജ്വല തുടക്കം



**മത്തായി ചാക്കോ**

ബ്രോങ്ക്സ് (ന്യൂയോർക്ക്): ബ്രോങ്ക്സ് സെൻറ് മേരീസ് മലങ്കര ഓർത്തഡോക്സ് ഇടവകയിൽ ജനുവരി 28 ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/ യൂത്ത് കോൺഫറൻസിന്റെ കിക്കോഫ് മീറ്റിംഗ് നടന്നു.

ഇടവക വികാരി ഫാ. ഡോ. വർഗീസ് എം. ഡാനിയേൽ കോൺഫറൻസ് ടീമിനെ ഹാർദ്ദവമായി സ്വാഗതം ചെയ്തു. കോൺഫ്രൻസ് വിജയകരമാക്കാൻ കമ്മിറ്റി അംഗങ്ങൾ നടത്തുന്ന പ്രയത്നങ്ങളെ അച്ചൻ പ്രശംസിച്ചു. മഹത്തരമായ ഈ ഫാമിലി/യൂത്ത് കോൺഫറൻസിൽ സംബന്ധിച്ച് അനുഗ്രഹവും അറിവും അനുഭവവും നേടണമെന്ന് അദ്ദേഹം എല്ലാ അംഗങ്ങളെയും ആഹ്വാനം ചെയ്തു.

കോൺഫറൻസ് സെക്രട്ടറി ചെറിയാൻ പെരുമാൾ, മുൻ ഭദ്രാസന കൗൺസിൽ അംഗങ്ങൾ സജി എം പോത്തൻ & അജിത്ത് വട്ടശ്ശേരിൽ, കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ ആഷ്‌ലി ജോസഫ്, മത്തായി ചാക്കോ തുടങ്ങിയവർ പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നു.

ഫാമിലി/ യൂത്ത് കോൺഫറൻസിന്റെ വിശദാംശങ്ങൾ കോൺഫറൻസ് സെക്രട്ടറി ചെറിയാൻ പെരുമാൾ വിവരിച്ചു. ഭദ്രാസന സെക്രട്ടറി ആയി നേതൃത്വം നൽകുന്ന ഫാ. ഡോ. വർഗീസ് ഡാനിയേലിന്റെ പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. കൂടാതെ മുൻ കോൺഫറൻസ് സെക്രട്ടറിമാരായ ഡോക്ടർ ജോളി തോമസിന്റെയും ലൗലി വർഗീസിന്റെയും മുൻ ജോയിൻ ട്രഷറർ ജെയ്സൺ തോമസിന്റെയും സേവനങ്ങളെയും ഫാമിലി കോൺഫറൻസിന്റെ തുടക്കം മുതൽ ഈ ഇടവക നൽകിവരുന്ന സഹകരണത്തെയും പങ്കാളിത്തത്തെയും സഹായങ്ങളെയും അദ്ദേഹം നന്ദിയോടെ അനുസ്മരിച്ചു. സമ്പന്നമായ ക്രിസ്തീയ അനുഭവത്തിനായും വിനോദത്തിനും വിശ്രമത്തിനുമുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്താനും കോൺഫറൻസിന് നേരത്തെ തന്നെ രജിസ്റ്റർ ചെയ്യണമെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് കോൺഫറൻസ് നടക്കുന്നത്. സൺഡേസ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും, സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നൽകും.



'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി ‘‘ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക’’ (കൊലൊ സ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സെഷനുകൾ ഉണ്ടായിരിക്കും.

റാഫിൾ ടിക്കറ്റിൻറെ വിലയെക്കുറിച്ചും അതിന്റെ ആകർഷകമായ സമ്മാനങ്ങളെപ്പറ്റിയും സജി എം. പോത്തൻ സംസാരിച്ചു.

സമ്മേളനത്തിന്റെ അനുസ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ച് യൂത്ത് മെമ്പർ ആഷ്‌ലി ജോസഫ് സംസാരിച്ചു. 2024 മാർച്ച് അവസാനത്തോടെ സുവനീറിലേക്കുള്ള സർഗാത്മക സൃഷ്ടികൾ, പരസ്യങ്ങൾ എന്നിവ  അയച്ചുതരണമെന്ന് അഭ്യർത്ഥിച്ചു.

സ്പോൺസർഷിപ്പ്, രജിസ്‌ട്രേഷൻ, പരസ്യങ്ങൾ, ആശംസകൾ എന്നിവയിലൂടെ കോൺഫറൻസിന് പിന്തുണ നൽകാനുള്ള അവസരങ്ങളെപ്പറ്റി അജിത് വട്ടശ്ശേരിൽ വിശദീകരിച്ചു.

ഇടവകയെ പ്രതിനിധീകരിച്ച്  ട്രഷറർ ഡയാന തോമസ്  സുവനീറിനുള്ള  സംഭാവന കൈമാറി. തോമസ് കൊച്ചുപുരയ്ക്കൽ, ജെയ്സൺ തോമസ്,  ടൈറ്റസ് അലക്സാണ്ടർ,  ഡോക്ടർ ജോളി തോമസ്,  ജേക്കബ് & ഡയാന തോമസ്,  ജിയോ ചാക്കോ,  സാജൻ സാമുവൽ,  അജു എബ്രഹാം  എന്നിവരും തങ്ങളുടെ സ്പോൺസർഷിപ്പ് കൈമാറി. വർഗീസ് എം. കുര്യൻ ആദ്യത്തെ റാഫിൾ ടിക്കറ്റ് സ്വീകരിച്ചു.  കൂടാതെ  ഇടവകയിൽ നിന്നുള്ള ധാരാളം അംഗങ്ങൾ  കോൺഫറൻസിനായി രജിസ്റ്റർ ചെയ്തും റാഫിൾ  ടിക്കറ്റ് വാങ്ങിയും,  സുവനീറിൽ പരസ്യങ്ങളും ആശംസകളും നൽകിയും ഉദാരമായി സഹകരിച്ചു.

ജെയ്സൺ തോമസ് കിക്കോഫിന്  ചുക്കാൻ പിടിച്ചു. ഇടവക സന്ദർശനം വൻ വിജയമാക്കാൻ നേതൃത്വം നൽകിയ  ഭാരവാഹികൾക്കു അദ്ദേഹം നന്ദി അറിയിച്ചു. സ്പോൺസർഷിപ്പ്, രജിസ്‌ട്രേഷൻ, പരസ്യങ്ങൾ, ആശംസകൾ എന്നിവയിലൂടെ ഉദാരമായ പിന്തുണ വാഗ്ദാനം ചെയ്ത വികാരിക്കും സെക്രട്ടറി,  ട്രഷറർ മറ്റെല്ലാ ഇടവകാംഗങ്ങൾക്കും  നിസ്സീമമായ നന്ദി രേഖപ്പെടുത്തി.

Registration link: http://tinyurl.com/FYC2024

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914.806.4595) / ചെറിയാൻ പെരുമാൾ, കോൺഫറൻസ് സെക്രട്ടറി (ഫോൺ. 516.439.9087) എന്നിവരുമായി ബന്ധപ്പെടുക.






ATTORNEY AT LAW

VINOD KEARKE (KIDANGIL)



- Accident Cases
- Criminal Matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills & Estates

PERSONAL ATTENTION AT REASONABLE FEE

1611 Hilside Ave, New Hyde Park, New York 11040
Phone: 516-326-3350; 516-621-5381
Fax: 516-326-3353; Cell: 516-633-5208




# ഇന്ത്യൻ ടെന്നിസ് ടീമിന്റെ പാക് പര്യടനം പുതിയ തുടക്കമാകട്ടെ

**സനിൽ പി. തോമസ്**

ഹോക്കിയിൽ ആയാലും ക്രിക്കറ്റിൽ ആയാലും ഇന്ത്യ - പാക്കിസ്ഥാൻ മത്സരം കായിക പ്രേമികൾ ഏറെ ആവേശത്തോടെ സ്വീകരിക്കുക പതിവാണ്. പക്ഷേ, അത് ഒരു നിഷ്പക്ഷ വേദിയിൽ ആകുമ്പോൾ ആവേശം തെല്ലൊന്നു കുറയും. ലോക കപ്പിലോ ഏഷ്യൻ ചാംപ്യൻഷിപ്പിലോയൊക്കെ കളിക്കാൻ പാക്കിസ്ഥാൻ ഇന്ത്യയിൽ എത്തുന്നതും ഇന്ത്യയെ മാത്രം നേരിടാൻ പാക്കിസ്ഥാൻ ഇന്നാട്ടിൽ എത്തുന്നതും വ്യത്യസ്തമാണ്. ഇന്ത്യയുടെ പാക്കിസ്ഥാൻ പര്യടനവും അങ്ങനെ തന്നെ. സുരക്ഷ മാത്രമാണ് പ്രശ്നമെന്നു പറയാൻ കഴിയില്ല. ഇപ്പോൾ ഇന്ത്യൻ ടെന്നിസ് ടീം ഡേവിസ് കപ്പ് ലോക ഗ്രൂപ്പ് കളിക്കാൻ പാക്കിസ്ഥാനിൽ എത്തിയതോടെ ഇന്ത്യ - പാക്കിസ്ഥാൻ സ്പോർട്സ് ബന്ധത്തിൽ പുതിയൊരു അധ്യായം കുറിക്കപ്പെടുമെന്നു പ്രതീക്ഷിക്കാം.

ആറു പതിറ്റാണ്ടിനു ശേഷമാണ് ഇന്ത്യൻ ടെന്നിസ് ടീം പാക്കിസ്ഥാൻ മണ്ണിൽ കാലുകുത്തിയത്. ഡേവിസ് കപ്പ് മത്സരങ്ങൾ ഇസ്ലാമബാദിൽ ആണ്. പത്തംഗ ഇന്ത്യൻ സംഘമാണ് പാക്കിസ്ഥാനിൽ എത്തിയത്.ഫെബ്രുവരി മൂന്നിനും നാലിനുമാണു മത്സരം.1966ൽ ഡേവിസ് കപ്പിൽ പാക്കിസ്ഥാനെ അവരുടെ മണ്ണിൽ തോൽപിച്ച ശേഷം ( 40) ആദ്യമാണ് ഇന്ത്യൻ ടെന്നിസ് താരങ്ങൾ പാക്കിസ്ഥാനിൽ കളിക്കുന്നത്.

പാക്കിസ്ഥാനു പുറത്തൊരു വേദിക്കായി അഖിലേന്ത്യാ ടെന്നിസ് അസോസിയേഷൻ ശ്രമിച്ചെങ്കിലും രാജ്യാന്തര ടെന്നിസ് ഫെഡറേഷൻ വഴങ്ങിയില്ല. സുരക്ഷാ പ്രശ്നം ഉണ്ടാകില്ലെന്ന് ലോക സംഘടന വ്യക്തമാക്കി.2019 ൽ ഇന്ത്യയും പാക്കിസ്ഥാനും ഡേവിസ് കപ്പിൽ മത്സരിച്ചത് നിഷ്പക്ഷ വേദിയിലായിരുന്നു. ഖസഖ്സ്ഥാനിൽ ആണ് അന്നു മത്സരം നടന്നത്.

ഏഷ്യൻ ഗെയിംസിൽ ഹോക്കിയിലും സ്ക്വാഷിലുമൊക്കെ ഇന്ത്യ - പാക്കിസ്ഥാൻ പോരാട്ടം കണ്ടതാണ്. നാട്ടിൽ മത്സരങ്ങൾ കുറഞ്ഞതിനാൽ, ഒരു കാലത്ത് പാക്കിസ്ഥാൻ സർവാധിപത്യം കാട്ടിയിരുന്ന സ്ക്വാഷിൽ പോലും അവർ പിന്നാക്കം പോകുകയാണ്.

ടെന്നിസ് ആകട്ടെ പാക്കിസ്ഥാനിൽ അത്ര പ്രശസ്തമായ കളിയല്ല. പക്ഷേ, ഇന്ത്യയുടെ സന്ദർശനം ജൂനിയർ താര നിരയെ ഉണർത്തുമെന്ന് പാക്കിസ്ഥാൻ ടെന്നിസ് അധികൃതർ പ്രത്യാശിക്കുന്നു.

രോഹൻ ബോപ്പണ്ണ പാക്കിസ്ഥാന്റെ ഐ സം ഉൽ ഹഖ് ഖുറേഷിയുമൊത്ത് ഗ്രാൻ സ്ലാം ടെന്നിസ് ഡബിൾസിൽ നടത്തിയ കുതിപ്പ് ലോക ശ്രദ്ധ നേടിയിരുന്നു. ഡബിൾസിൽ ഇപ്പോൾ ലോക ഒന്നാം നമ്പർ ആയ ബോപ്പണ്ണ പാക്കിസ്ഥാനിൽ എത്തിയ ടീമിൽ ഇല്ല. മൊറോക്കോയ്ക്കെതിരായി നടന്ന മത്സരത്തോടെ ബോപ്പണ്ണ ഡേവിസ് കപ്പിൽ നിന്നു വിടവാങ്ങൽ പ്രഖ്യാപിച്ചു. എന്നാൽ പാക്കിസ്ഥാൻ ടീമിൽ ഖുറേഷി കളിക്കുന്നുണ്ട്. ഇന്തൊനീഷയെ തോൽപിച്ചാണ് പാക്കിസ്ഥാൻ ഇന്ത്യയെ നേരിടാൻ യോഗ്യത നേടിയത്.നാല്പത്തി മൂന്നുകാരനായ ഖുറേഷിക്ക് ഇത് ഒരു പക്ഷേ, അവസാന ഡേവിസ് കപ്പ് ആകും. എങ്കിൽ ഇന്ത്യക്കെതിരെ സ്വന്തം നാട്ടിൽ കളിച്ചു കൊണ്ടൊരു വിടവാങ്ങൽ അപൂർവ ഭാഗ്യമാകും.

ബോപ്പണ്ണ മാത്രമല്ല ,ഓസ്ട്രേലിയൻ ഓപ്പണിൽ ആദ്യ റൗണ്ടിൽ അട്ടിമറി നടത്തിയ സുമിത് നാഗലും ടീമിൽ ഇല്ല. രാംകുമാർ രാമനാഥൻ ആണ് ഇന്ത്യൻ നിരയിലെ പ്രമുഖ താരം. നോൺ പ്ലെയിങ് ക്യാപ്റ്റൻ രോഹിത് രാജ്പാൽ കുടുംബപരമായ കാരണങ്ങളാൽ പിൻവാങ്ങിയതിനാൽ ശീഷൻ അലിക്ക് പരിശീലകന്റെ ചുമതലയ്ക്കു പുറമെ നായകന്റെ കടമകളും നിർവഹിക്കേണ്ടതുണ്ട്.

മത്സര ഫലം എന്തായാലും ഈ പുത്തൻ സൗഹൃദം വഴിത്തിരിവായാൽ നല്ലത്.

2009 മാർച്ചിൽ പാക്കിസ്ഥാൻ സന്ദർശിച്ച ശ്രീലങ്കൻ ക്രിക്കറ്റ് ടീമിനു നേരെ ലഹോറിൽ ആക്രമണം ഉണ്ടായതിനെ തുടർന്നാണ് പാക്കിസ്ഥാനിൽ സ്പോർട്സ് പര്യടനം വിവിധ രാജ്യങ്ങൾ ഒഴിവാക്കിയത്.2017 വരെ ഡേവിസ് കപ്പ് കളിക്കാനും ആരും എത്തിയില്ല.2017ൽ ഇറാനും 2021ൽ ജപ്പാനും ടീമിനെ അയച്ചതോടെയാണ് പാക്കിസ്ഥാനിൽ ടെന്നിസ് പ്രേമം വീണ്ടും ഉടലെടുത്തത്.ഇന്ത്യയുടെ മത്സരങ്ങൾ ഏറെ ശ്രദ്ധിക്കപ്പെടാനാണു സാധ്യത.

ഇപ്പോൾ ഇന്ത്യ സന്ദർശിക്കുന്ന ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് ടീമിൽ സ്ഥാനം നേടിയ ശുഐബ് ബഷീറിന് ,പാക്കിസ്ഥാൻ ബന്ധത്തിന്റെ പേരിൽ വീസ വൈകിയിരുന്നു.ഇംഗ്ലണ്ടിലാണു ജനിച്ചതെങ്കിലും ബഷീറിന്റെ മാതാപിതാക്കൾ പാക്കിസ്ഥാൻകാരാണ്. കഴിഞ്ഞ വർഷം ഓസ്ട്രേലിയയുടെ ഉസ്മാൻ ഖവജയ്ക്കും വീസ കിട്ടാൻ വൈകി.ഖവജ ജനിച്ചത് പാക്കിസ്ഥാനിലാണ്. പക്ഷേ, ഇന്ത്യൻ ഡേവിസ് കപ്പ് താരങ്ങൾക്ക് വീസ പ്രശ്നം ഉണ്ടായില്ല.

ഇനി ഇരു രാജ്യങ്ങളും ക്രിക്കറ്റ് പര്യടനം നടത്തുമോ? ഇന്ത്യൻ ക്രിക്കറ്റ് ടീം അവസാനം പാക്കിസ്ഥാൻ സന്ദർശിച്ചത് 2008ൽ ഏഷ്യാ കപ്പ് കളിക്കാനാണ്. 2006 ൽ പാക്കിസ്ഥാൻ ഇന്ത്യ - പാക്ക് പരമ്പര സംഘടിപ്പിച്ചിരുന്നു. 2012 ൽ പാക്ക് ടീം ഇന്ത്യയിലും എത്തിയിരുന്നു. ഒരു വ്യാഴവട്ടത്തിനു ശേഷം ഇന്ത്യ - പാക്കിസ്ഥാൻ ക്രിക്കറ്റ് പരമ്പര പുനരാരം ഭിക്കാൻ ഇപ്പോഴത്തെ ടെന്നിസ് സൗഹൃദം കാരണമാകുമെന്ന പ്രതീക്ഷയിലാണ് ക്രിക്കറ്റ് പ്രേമികൾ

ബി.സി.സി.ഐക്ക് സ്വന്തമായി തീരുമാനമെടുക്കാനാവില്ല.കേന്ദ്ര സർക്കാർ നയപരമായ തീരുമാനം എടുക്കണം. കാത്തിരിക്കാം.


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# നിര്യാതരായി



**അന്നമ്മ ചാക്കോ വളാച്ചേരി**

ഹൂസ്റ്റൺ: കുമരകം സെന്റ് മേരീസ് ഡിസ്പൻസറിയുടെ ഉടമയും പരേതനായ ചാക്കോ വാളച്ചേരിയുടെ ഭാര്യയും ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐപിസിഎൻഎ) ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡന്റും നേർക്കാഴ്ച പത്രം ചീഫ് എഡിറ്ററുമായ സൈമൺ വാളച്ചേരിലിന്റെ മാതാവുമായ അന്നമ്മ ചാക്കോ വാളച്ചേരിൽ (91) അന്തരിച്ചു.മറ്റുമക്കൾ: അലക്സ് ചാക്കോ വാളച്ചേരിൽ (ഓസ്ട്രേലിയ), പുഷ്പ കാപ്പിൽ (ഡാളസ്), ദിലീപ് വാളച്ചേരിൽ (നാഷ്വിൽ)മരുമക്കൾ: എൽസി സൈമൺ ചാമക്കാല(ഹൂസ്റ്റൺ), മെയ്സി അലക്സ് വലിയ പുത്തൻ പുരയ്ക്കൽ (ഓസ്ട്രേലിയ), പ്രദീപ് കാപ്പിൽ (ഡാളസ്), മനു ജോസഫ് കല്ലേല്ലിമണ്ണിൽ (നാഷ്വിൽ)



**ജോർജ് കെ. ജോസഫ്**

ജേഴ്സി സിറ്റി (ന്യൂജേഴ്സി): ജോർജ് കെ. ജോസഫ് (70) അന്തരിച്ചു. ഇടുക്കി കൊമ്പൊടിഞ്ഞാൽ സ്വദേശിയായിരുന്നു. കുന്നത്ത് വീട്ടിൽ പരേതരായ ജോസഫ് കുന്നത്തിന്റേയും, എലിസബത്ത് കുന്നത്തിന്റേയും മകനായിരുന്നു. ഭാര്യ: ആനി ജോർജ് (ആർ.എൻ, ജേഴ്സി ഹോസ്പിറ്റിൽ, ഹൊബോക്കൻ യൂണിവേഴ്സിറ്റി മെഡിക്കൽ സെന്റർ). മകൾ: ആഷ്‌ളി ജോർജ് (പെൻസിൽവേനിയ സെന്റ് ലൂക്ക്സ് യൂണിവേഴ്സിറ്റി ഹെൽത്ത് നെറ്റ് വർക്കിൽ പീഡിയാട്രിക് റെസിഡന്റ്). മരുമകൻ: ആൽവിൻ ജോർജ് (കെമിക്കൽ എൻജിനീയർ). തൊടുപുഴ ന്യൂമാൻ കോളജിൽ നിന്ന് ഹിസ്റ്ററിയിൽ എം.എ എടുത്തശേഷം സെന്റ് സേവ്യേഴ്സ് കോളജിൽ ലക്ചറർ ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.



**അന്നമ്മ ചാക്കോ**

നാഷ്‌വിൽ, ടെന്നസി: അന്നമ്മ ചാക്കോ വളാച്ചേരിൽ (92) ടെന്നിസിയിൽ അന്തരിച്ചു. പരേതനായ ചാക്കോ വളാച്ചേരിലിന്റെ ഭാര്യയാണ്. ഉഴവൂർ ചീക്കപ്പാറ കുടുംബാംഗമാണ് പരേത. മക്കൾ: സൈമൺ ചാക്കോ വളാച്ചേരിൽ (ഹൂസ്റ്റൺ), അലക്സ് ചാക്കോ (ഓസ്ട്രേലിയ), പുഷ്പ (ഡാലസ്), ദിലീപ് (നാഷ്‌വിൽ). മരുമക്കൾ: എൽസി സൈമൺ (ഹൂസ്റ്റൺ), മെയ്സി അലക്സ് (ഓസ്ട്രേലിയ), പ്രദീപ് കാപ്പിൽ (ഡാലസ്), മനു ജോസഫ് (നാഷ്‌വിൽ).


**നാരായണൻ**

ആർലിംഗ്ടൺ: എടവപ്പറമ്പിൽ നാരായണൻ (86) ആർലിംഗ്ടണിൽ അന്തരിച്ചു. മാർട്ടിനയാണ് ഭാര്യ. മക്കൾ ഫിയോന, മായ. മരുമക്കൾ ഷെയ്ൻ, സീയൻ. കൊച്ചുമക്കൾ മിലാനാ, ആഷാ.



**ആലീസ്**

ഡാളസ് : ചാൾസ് ഇൻഷറൻസ് ഏജൻസി ഉടമ ചാൾസിന്റെ ഭാര്യ ആലീസ് (57) അന്തരിച്ചു. മക്കൾ : ഡോ.ആഷ്‌ലി സി.അലൻ, സോണിയ ചാൾസ്. മരുമകൻ : അലൻ ജോൺ.



**ത്രേസ്യ ആന്റണി**

ന്യൂയോർക്ക്: പ്രവാസി മലയാളി ഫെഡറേഷൻ ഗ്ലോബൽ ചെയർ മാൻ ഡോ. ജോസ് കാനാട്ടിന്റെ മാതാവ് കോട്ടയം പാലാ മുത്തോലി കാനാട്ട് ത്രേസ്യ ആന്റണി (99) അന്തരിച്ചു.



**മറിയക്കുട്ടി തോമസ്**

മൈലപ്രാ: പ്രശസ്ത സാഹിത്യകാരൻ രാജു മൈലപ്രയുടെ സഹോദരി മറിയക്കുട്ടി തോമസ് അന്തരച്ചു. മേമല കാഞ്ഞിരപ്പാറക്കണ്ടത്തിൽ പരേതനായ കെ.എ. തോമസിന്റെ സഹധർമ്മിണിയാണ്. പരേത മൈലപ്രാ പീടികപ്പറമ്പിൽ ഡോ. പി.റ്റി. ജോർജിന്റെ മകളാണ്. ബീനാ കൊച്ചികല്ലിൽ (ഇലന്തൂർ), ബെന്നി (അബുദാബി), ബിനു, മിനി (കുവൈറ്റ്) എന്നിവർ മക്കളാണ്.

**ശാശാമ്മ ചാക്കോ**

ഡാലസ്:പുല്ലാട് തേക്കിൽ കച്ചിപറമ്പിൽ ശോശാമ്മ ചാക്കോ (ലീലാമ്മ-82) യുഎസിൽ അന്തരിച്ചു. പയ്യപ്പാടി കുറ്റിപ്പുറത്ത് കുടുംബാംഗമാണ്. ഭർത്താവ്: കെ.സി.തോമസ്. മക്കൾ: സിമി ഗോഡ്‌ലി, സൂസൻ സന്തോഷ്. മരുമക്കൾ: ഗോഡ്‌ലി പാറായിൽ സന്തോഷ് ഏബ്രഹാം.



**ഡോ. ജൂലിയറ്റ് ജേക്കബ്**

ഹൂസ്റ്റൺ: എറണാകുളം കടവന്ത്ര മഴുവഞ്ചേരി പറമ്പത്ത് പരേതനായ ഷെവലിയർ എം.ജെ.ജേക്കബിന്റെ ഭാര്യ എറണാകുളം ഗവൺമെന്റ് ഹോസ്പിറ്റൽ മുൻ ചീഫ് ഗൈനക്കോളജിസ്റ്റ് / ഒബ്സ്ട്രേട്രിഷ്യൻ ഡോ. ജൂലിയറ്റ് ജേക്കബ് (94 വയസ്) അന്തരിച്ചു.പരേത പുത്തൻകുരിശ് പോവൂടത്ത് കുടുംബാംഗമാണ്. മക്കൾ : ഡോ.ഗീത. എസ്. ജേക്കബ് (ഹൂസ്റ്റൺ), ക്യാപ്റ്റൻ മനോജ് എം.ജേക്കബ് (എറണാകുളം), അഡ്വ. തോമസ് എം.ജേക്കബ് (എറണാ കുളം) മരുമക്കൾ: ഡേവിഡ് ലൂക്കോസ് (ഹൂസ്റ്റൺ), റോഷിനി ജേക്കബ് , ആനി തോമസ്.

**പെണ്ണമ്മ**

ചങ്ങനാശേരി: തൃക്കൊടിത്താനം കൊച്ചുപറമ്പിൽ വീട്ടിൽ പെണ്ണമ്മ (77) അന്തരിച്ചു. ഭർത്താവ്: ഔസേഫ് ആന്റണി.



**ജോർജ് വർഗീസ്**

ഹൂസ്റ്റൺ: പത്തനംതിട്ട കൈപ്പട്ടൂർ വലിയ വീട്ടിൽ ജോർജ് വർഗീസ് വി. (മോഹൻ-73) കുവൈറ്റിൽ നിര്യാതനായി. ഭാര്യ: സൂസി ജോർജ് അടൂർ ചാമവില്ല കുടുംബാംഗമാണ്. നാഷണൽ ബാങ്ക് ഓഫ് കുവൈറ്റിലെ മുൻ ഉദ്യാഗസ്ഥനായിരുന്ന പരേതൻ കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്ൾസ് മഹാ ഇടവകയിലെ സജീവാംഗമായിരുന്നു. മകൾ: ജെൻസി മേരി ജോർജ് (നാഷണൽ ബാങ്ക് ഓഫ് കുവൈറ്റ്) മരുമകൻ : മോബിൻ മാത്യു (കുവൈറ്റ്).

**മേരി ഏബ്രഹാം**

റാന്നി:വലിയ പറമ്പിൽ മേരി ഏബ്രഹാം (ലിസി73) അന്തരിച്ചു. ഭർത്താവ്: പരേതനായ വി.എ.ഏബ്രഹാം. മക്കൾ: എബി ഏബ്രഹാം (യുഎസ്), അനീന, ജോയ്സി, ഡെയ്സി, ജെസി (യുഎസ്).




**തോമസ് തോമസ്**

ന്യൂയോർക്ക്: തോമസ് തോമസ് (ജോയ് മഴുവഞ്ചേരിൽ, 84) യോങ്കേഴ്സിൽ അന്തരിച്ചു. ഭാര്യ കുഞ്ഞമ്മ തുമ്പുങ്കൽ കുടുംബാംഗമാണ്. മക്കൾ ജെന്നി, ജിജു, ജെയ്സ്, മരുമക്കൾ ജെയ്ഷ്, ജിഷ, പ്രീത. കൊച്ചുമക്കൾ ഷൈന, തോമസ്, മാത്യു, റയാൻ, അവെരി, നോഹ, ജോനാ റാന്നി സ്വദേശിയാണ്. നോർത്ത് അമേരിക്കൻ ക്നാനായ കമ്മ്യൂണിറ്റിയുടെ സ്ഥാപക അംഗമായിരുന്നു. സഹോദരങ്ങൾ ബേബി തോമസ് (പരേതൻ), കുര്യാക്കോസ് തോമസ്, അവരാച്ചൻ തോമസ് (പരേതൻ), അമ്മിണി ചെറിയാൻ, സോസമ്മ ജോസ്, എബ്രഹാം തോമസ്.

**ചിന്നമ്മ പീറ്റർ**

ഉഴവൂർ: കോയിത്തറ പരേതനായ പീറ്ററിന്റെ ഭാര്യ ചിന്നമ്മ പീറ്റർ (97)അന്തരിച്ചു.




**കുര്യൻ ഉമ്മൻ**

ഡാളസ്: തലവടി കൊച്ചുമാമ്മൂട്ടിൽ പരേതനായ എം പി ഉമ്മന്റെയും (ഉമ്മൻ സാർ), പരേതയായ ഏലിയാമ്മയുടെയും പുത്രൻ കുര്യൻ ഉമ്മൻ (അനിയൻ കുഞ്ഞ്) (72) ഡാലസിൽ അന്തരിച്ചു. ഭാര്യ: കൊച്ചുമോൾ. മക്കൾ: അലീന (ബിനി), ഉമ്മൻ കുര്യൻ (ബിച്ചൂ). മരുമകൾ: സ്മിത കൊച്ചുമക്കൾ: ജോഹാൻ, പ്രതീക്ഷ. സഹോദരങ്ങൾ: ഫിലിപ്പോസ് ഉമ്മൻ (അച്ചൻ കുഞ്ഞ്) ടെന്നസി, വർഗീസ് ഉമ്മൻ (ബാബു) ഡാളസ്; ഇമ്മാനുവൽ ഉമ്മൻ (മദ്രാസ്); സഹോദരിമാർ ആച്ചിയമ്മ, തങ്കമ്മ, സൂസമ്മ.

**ബേബി ജോർജ്**

അതിരമ്പുഴ: ശ്രീകണ്ഠമംഗലം മുണ്ടന്താനത്ത് ബേബി ജോർജ് (76) അന്തരിച്ചു. ഭാര്യ: സെലിൻ. മക്കൾ: ജെസ്സി, ദീപ (സൗദി), ജോബി (യുകെ).



**ഡി.കെ വർഗീസ്**

ന്യൂജേഴ്സി: കറ്റാനം കാപ്പിൽ ചൂനാട് കുറ്റിയിൽ നിവാസിൽ ഡി.കെ വർഗീസ് (74) അന്തരിച്ചു. ഭാര്യ :മാന്തുക ആലക്കാട്ടയ്യത്ത് സൂസൻ വർഗീസ്. മക്കൾ : ഡാനിയേൽ വർഗീസ് (ന്യൂജേഴ്സി), സാനു വർ ഗീസ്. മരുമക്കൾ: റീന വർഗീസ്, ലീനസാനു. കൊച്ചുമക്കൾ: ഡെയിലൻ ഡാനിയേൽ, ദിയ, ദയ, ഡാരൻ സാനു, ഡരീന സാനു.

**എൻ.എം കോശി**

മണർകാട്:സൗത്ത് പാമ്പാടി പുല്ലിക്കോട്ട് കുടുംബാംഗം നെടുങ്ങോട്ടുമല പുത്തൻപറമ്പിൽ യുഎഎംഎൽ സിഇഒ എൻ.എം കോശി (കുഞ്ഞുമോൻ-67) ഡൽഹിയിൽ അന്തരിച്ചു. ഭാര്യ: കാനം പതിയിൽ പൊന്നമ്മ. മക്കൾ: സിജോ (യുകെ), സിജിൻ (നെതർലൻഡ്). മരുമക്കൾ: എബിൻ (യുകെ), ഷിജിൻ (നെതർലൻഡ്).


pravasi CHANNEL HD
THE ONE AND ONLY DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News